*Ismat-e-Anbiya*

# പ്രവാചക വിശുദ്ധി

## (ഇസ്മത്തെ അമ്പിയാ)

വാഗ്ദത്ത മഹ്ദീ മസീഹ്
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# പ്രവാചക വിശുദ്ധി

## ( ഇസ്മത്തെ അമ്പിയാ )


ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വാഗ്ദത്ത മസീഹ് & ഇമാം മഹ്ദി

(അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകൻ)

വിവർത്തകൻ:

അംനാസ്.പി.കെ



പ്രസാധകർ

നസാറത്ത് നശ്റോ ഇശാഅത്ത്

# Pravachaka Vishudhi

Malayalam rendering of *Ismat-e-Anbiya*
Written by Hazrat Mirza Ghulam Ahmad
The Promised Messiah and Mahdi, peace be upon him,
Founder of the Ahmadiyya Muslim Community

Translated to Malayalam by Amnas.P.K

First Published in Urdu in Qadian, India 1902
Present Malayalam translation Published in Qadian 2020

Published by
Nazarat Nashr-O-Isha'at
Sadr Anjuman Ahmadiyya, Qadian- 143516

Printed at
Fazle-umar Printing Press, Qadian

Copies : 500/ September 2020

Our Official WebSite : www.alislam.org

# ഉള്ളടക്കം


| | |
|---|---|
| *പ്രസ്താവന* | *5* |
| *ഗ്രന്ഥകാരനെക്കുറിച്ച്* | *7* |
| *മോക്ഷം പ്രാപ്യമാകുന്നതെങ്ങനെ? അതിന്റെ യാഥാർഥ തത്ത്വമെന്ത്?* | *11* |
| *ദൗർബല്യം, പാപം എന്നിവ തമ്മിലുള്ള വ്യത്യാസം* | *35* |
| *ശിപാർശയുടെ ആവശ്യകത* | *40* |
| *തിരുനബി(സ)യുടെ ശിപാർശയുടെ തെളിവുകൾ വിശുദ്ധ ഖുർആനിൽ* | *42* |
| *ക്രിസ്ത്യാനികളുടെ ദൈവം* | *49* |
| *തിരുനബി(സ)യുടെ വാക്കും പ്രവൃത്തിയും* | *59* |
| *വാഗ്ദത്ത മസീഹിന്റെ ആവിർഭാവം* | *63* |
| *പാപരാഹിത്യം തെളിയിക്കുന്നതെങ്ങനെ?* | *65* |

# പ്രസ്താവന

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) രചിച്ച ഇസ്മത്തെ അമ്പിയാ(പ്രവാചക വിശുദ്ധി) എന്ന ലഘുകൃതി 1902 മെയ് മാസത്തിൽ റിവ്യൂഓഫ് റിലീജിയൻസ് മാസികയിലൂടെയാണ് സഹൃദയ സമക്ഷം വന്നത്.

ഈ പുസ്തകത്തിൽ ആ മഹാത്മാവ് പ്രവാചകന്മാർക്ക് ദൈവദത്തമായി ലഭിക്കുന്ന പരിശുദ്ധിയെയും നിഷ്കളങ്കതയെയുംകുറിച്ച് സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്. അതോടൊപ്പം ആത്യന്തികമായ മോക്ഷദായകൻ പ്രവാചക പ്രഭുവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണെന്നും സമർഥിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്(അയ്യദഹുല്ലാഹ്)യുടെ അനുവാദത്തോടെ ഹദ്റത്ത് അഹ്മദ്(അ)ന്റെ ഇസ്മത്തെ അമ്പിയാ എന്ന ഈ പ്രോജ്ജ്വലപ്രബന്ധം മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുകയാണ്.

തർജമ പരിശോധിച്ച റിവ്യൂ കമ്മിറ്റി അംഗങ്ങൾ, പ്രൂഫ്, ലേഔട്ട്, സെറ്റിംഗ് എന്നിവ നിർവ്വഹിച്ച കേരള ഇശാഅത്ത് കമ്മിറ്റി ഭാരവാഹികൾ എന്നിവരോടുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഫജസാഹുമുല്ലാഹ്.

അല്ലാഹു ഈ ഗ്രന്ഥം അനേകർക്ക് ഇസ്ലാമിന്റെ സത്യത മനസിലാക്കുന്നതിന് നിമിത്തമാക്കുമാറാകട്ടെ എന്ന പ്രാർഥനയോടെ,

വസ്സലാം
വിനീതൻ
**ഹാഫിസ് മഖ്ദൂം ശരീഫ്**
പ്രസിദ്ധീകരണവിഭാഗം കേന്ദ്രകാര്യദർശി
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്, ഭാരത്



**Hazrat Mirza Ghulam Ahmad of Qadian**
**The Promised Messiah & Mahdi**
**(peace be upon him)**

# വാഗ്ദത്ത മഹ്ദീ മസീഹ്
# ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) 1835 ൽ ഇന്ത്യയിലെ ഖാദിയാൻ (പഞ്ചാബ്) എന്ന ഗ്രാമത്തിൽ ഭൂജാതനായി. അദ്ദേഹം തന്റെ ആരംഭകാലംമുതൽ തന്നെ ദൈവിക ആരാധനകളിലും വിശുദ്ധ ഖുർആന്റെയും ഇതര ഗ്രന്ഥങ്ങളുടെയും പാരായണത്തിൽവ്യാപൃതനായിരുന്നു. അക്കാലഘട്ടത്തിൽ ഇസ്ലാം നാലു ഭാഗത്തു നിന്നും അക്രമിക്കപ്പെടുകയായിരുന്നു. ഈ ശോച്യാവസ്ഥയിൽ ഏറെഖിന്നനായിരുന്ന ആ മഹാത്മാവ് ഇസ്ലാമിനെ പ്രതിരോധിച്ചു കൊണ്ടും അതിന്റെ പ്രോജ്ജ്വലമായ അധ്യാപനങ്ങളെ പ്രചരിപ്പിച്ചു കൊണ്ടും തൊണ്ണൂറിലധികം ഗ്രന്ഥങ്ങളും ആയിരക്കണക്കിന് കത്തുകളും പ്രസിദ്ധീകരിക്കുകയും നിരവധി മതസംവാദങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. സൃഷ്ടികളും സ്രഷ്ടാവുമായുള്ള ബന്ധം സജീവമാക്കുന്ന ജീവൽമതമാണ്ഇസ്ലാമെന്നും ഈ സരണിയിലൂടെ മാത്രമേ മനുഷ്യന് നൈതികവും ആത്മീയവുമായ പരിപക്വത ആർജിക്കാൻ കഴിയുകയുള്ളു എന്നും അദ്ദേഹം വിശദീകരിച്ചു.

അദ്ദേഹം ചെറുപ്രായത്തിൽ  തന്നെ വിശുദ്ധ സ്വപ്നങ്ങളാലും ജാഗ്രതാദർശനങ്ങളാലും ദിവ്യഭാഷണങ്ങളാലും അനുഗൃഹീതനായിരുന്നു. ആ ദിവ്യാത്മാവ് ദൈവിക  നിർദേശപ്രകാരം 1889 ൽ തന്റെ അനുയായികളിൽ നിന്നും ബയ്അത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിച്ചു കൊണ്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് അടിത്തറ പാകി. വിവിധ മതാനുയായികൾ പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനും തിരുനബി(സ)യുടെ പ്രവചനം അനുസരിച്ചുള്ള വാഗ്ദത്ത മഹ്ദീ മസീഹുമായി ദൈവം തന്നെ നിയോഗിച്ചിരിക്കുന്നെന്ന് നിരന്തരമായ  ദിവ്യവാണികളുടെ അടിസ്ഥാനത്തിൽ ആ പുണ്യാത്മാവ് വാദിച്ചു. ഇന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 200 ലധികം രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു.

1908 ൽ അദ്ദേഹം ദിവംഗതനായി. തുടർന്ന് വിശുദ്ധ ഖുർആന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും അനുസരിച്ച് യഥാർഥ ഇസ്ലാമികഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ പ്രസ്ഥാനത്തിന്റെ ആഗോള സാരഥി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ആകുന്നു.

# പ്രവാചക വിശുദ്ധി

*ബിസ്മില്ലാഹിർ റഹ്മാനിർറഹീം*[1]
*നഹ്മുദുഹു വനുസല്ലീ അലാ റസൂലിഹിൽ കരീം*[2]

# മോക്ഷം പ്രാപ്യമാകുന്നതെങ്ങനെ? അതിന്റെ യാഥാർഥ തത്ത്വമെന്ത്?

**മോ**ക്ഷം, ശിപാർശ എന്നിവയെ കുറിച്ചുള്ള ചർച്ച സുപ്രധാനവും മഹത്തരവുമാണ്. മതപരമായ ആചാരാനുഷ്ഠാനങ്ങളുടെ ആകത്തുക അതാണ്. ഒരു മതത്തിന്റെ ഉൺമയും സത്യതയും തിട്ടപ്പെടുത്താനുള്ള സ്പഷ്ടമായ ഉപാധിയും അതുതന്നെ. അതിലൂടെ ഇന്ന മതം യഥാർഥത്തിൽ സത്യസന്ധവും ദൈവപ്രേഷിതവുമാണെന്ന് പൂർണബോധ്യവും തൃപ്തിയും വരുത്താം. ഈ വിഷയത്തെ സമുചിതമായി വിശദമാക്കുകയും സ്വവിഭാഗത്തിൽപെട്ട മോക്ഷപ്രാപ്തരുടെ ഉദാഹരണം  പ്രത്യേകം എടുത്തുകാട്ടുകയും ചെയ്യാത്ത മതം കാലഹരണപ്പെട്ടുവെന്നതിന് മറ്റു തെളിവുകളുടെ ആവശ്യമില്ല. എന്നാൽ മോക്ഷത്തിന്റെ യാഥാർഥ്യം വ്യക്തമാക്കുകയും മോക്ഷത്തിന്റെ ആത്മാവ് പൂർണമായും സന്നിവേശിക്കപ്പെട്ട വ്യക്തികളെ കാണിച്ചുതരികയും ചെയ്യുന്ന മതം അതിന്റെ സത്യതക്കും ദൈവപ്രോക്തതക്കും സ്വയം മുദ്ര വച്ചിരിക്കുന്നു.

നൂറുകണക്കിന് ആലസ്യങ്ങളും മറകളും ദേഹേച്ഛകളുടെ ആക്രമണങ്ങളും കാലിടർച്ചകളും ദൗർബല്യങ്ങളും അടിക്കടിയുള്ള അന്ധകാരങ്ങളും വീഴ്ച്ചകളും തുടർച്ചയായ അപകട

---

[1]പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.
[2]നാം അവനെ സ്തുതിക്കുകയും അവന്റെ വന്ദ്യദൂതർക്ക് അനുഗ്രഹാശിസ്സുകൾ നേരുകയും ചെയ്യുന്നു. (വിവ:)

ങ്ങളും ദുർമന്ത്രണങ്ങളുമൊക്കെ കാരണത്താലും ലോകത്തു വിവിധങ്ങളായ ദുരന്തങ്ങളും പ്രയാസങ്ങളും നടമാടുന്നതിനാലും എല്ലാ അനിഷ്ടങ്ങളിൽ നിന്നും തന്നെ രക്ഷിക്കുന്നതിന് ഒരു ഉഗ്രപ്രതാപിയുടെ കരസഹായം അത്യന്താപേക്ഷിതമാണെന്ന് എല്ലാ മനുഷ്യനും സ്വാഭാവികമായും മനസ്സിൽ കരുതുന്നുണ്ട്. മനുഷ്യൻ പ്രകൃത്യാ ദുർബലനാണ്. സ്വയം തന്നെ ദോഷപ്രവണതകളിൽ നിന്നും പുറത്തുകടക്കാനാകുമെന്ന ആത്മവിശ്വാസം നിമിഷനേരത്തേക്കു പോലും അവനുണ്ടാകുകയില്ല. മനുഷ്യന്റെ അന്തർബോധവും ഇക്കാര്യത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. മോക്ഷം നേടാനായി ഒരു ശിപാർശകൻ വേണമെന്ന് പക്വതയാർന്ന ബുദ്ധിയും ആവശ്യപ്പെടുന്നുണ്ട്. ദൈവം പരിശുദ്ധിയുടെയും പരിപാവനതയുടെയും പരമോന്നതിയിലും മനുഷ്യൻ അന്ധകാരത്തിന്റെയും പാപത്തിന്റെയും അശുദ്ധിയുടെയും പടുകുഴിയിലുമാണുള്ളത്. അക്കാരണത്താൽ സാധർമ്യത്തിന്റെയും സാജാത്യത്തിന്റെയും അഭാവത്തിൽ സാധാരണ ജനവിഭാഗത്തിന് ദൈവത്തിൽ നിന്ന് നേരിട്ട് അനുഗ്രഹം കരസ്ഥമാക്കി മോക്ഷത്തിന്റെ പദവിയിലെത്താൻ സാധിക്കുകയില്ല. ആയതിനാൽ മനുഷ്യകുലത്തിൽ നിന്നും സവിശേഷാനുഗ്രഹങ്ങൾ സിദ്ധിച്ച ചില വ്യക്തികൾ മധ്യസ്ഥരായി നിലകൊള്ളണമെന്ന് ദൈവത്തിന്റെ യുക്തിയും കൃപയും ആഗ്രഹിച്ചു. അത്തരം വ്യക്തികൾ സ്വർഗീയ ഗുണോല്ക്കർഷങ്ങളിൽ നിന്നും ഭൗമിക ഗുണോല്ക്കർഷങ്ങളിൽ നിന്നും ഭാഗം ലഭിച്ചവരായിരിക്കണം. അങ്ങനെ ലാഹൂത്തി ബന്ധം കാരണം അല്ലാഹുവിൽ നിന്നും അനുഗ്രഹം നേടുവാനും നാസൂത്തി ബന്ധത്തിന്റെ ഫലമായി മുകളിൽ നിന്ന് ലഭിച്ച അനുഗ്രഹത്തെ താഴേക്ക് അതായത് മനുഷ്യകുലത്തിലേക്ക് എത്തിക്കാനുമാകും. **ലാഹൂത്തി**യിലും **നാസൂത്തി**യിലും അഭിവൃദ്ധിപ്പെട്ട കാരണത്താൽ ഇവർ മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തരായിരിക്കുമെന്ന് നിസ്സംശയം പറയാം. ഇവരെ വേറിട്ട സൃഷ്ടികളായി തോന്നും. അവർക്ക് ദൈവത്തിന്റെ പ്രൗഢിയും മാഹാത്മ്യവും പ്രകടമാക്കുന്ന കാര്യത്തിൽ

അസാധാരണമായ ആവേശമുണ്ടാകും. അവരുടെ ഹൃദയങ്ങളിലുള്ള വിശ്വസ്തതയുടെ അളവ് വളരെ കൂടുതലായിരിക്കും. മറ്റുള്ളവർക്ക് ചിന്തിക്കാൻ പോലുമാകാത്ത വിധം അവരുടെയുള്ളിൽ മനുഷ്യകുലത്തോടുള്ള സഹാനുഭൂതി തിരതല്ലുന്നുണ്ടാകും. എന്നാൽ ഇക്കൂട്ടർ എല്ലാവരും ഒരേ പദവിയിലായിരിക്കില്ല എന്നോർക്കണം. മറിച്ച് ഈ സ്വഭാവവൈശിഷ്ട്യത്തിൽ ചിലർ ഉന്നതസ്ഥാനത്താണെങ്കിൽ മറ്റ് ചിലർ താഴേത്തട്ടിലും വേറെ ചിലർ അതിനെക്കാളും താഴ്ന്ന നിലയിലുമായിരിക്കും. ശിപാർശയുടെ വിഷയം നിർമിതവും കൃത്രിമവുമല്ലെന്ന് ബുദ്ധിവികാസമുള്ള ഒരാൾക്ക് മനസ്സിലാകുന്നതാണ്. മറിച്ച് തുടക്കം തൊട്ടേ ദൈവത്തിന്റെ നിർണിത സംവിധാനത്തിൽ അതിന്റെ മാതൃകകൾ കാണാവുന്നതാണ്. പ്രകൃതിനിയമങ്ങളിലും അതിന്റെ പ്രത്യക്ഷ സാക്ഷ്യങ്ങൾ ലഭ്യമാണ്.

ഇനി ശഫാഅത്ത് അഥവാ ശിപാർശയുടെ തത്ത്വമെന്താണെന്ന് നോക്കാം. ശഫഅ എന്ന അറബി പദം നിഘണ്ടുവിൽ ജോടിക്കാണ് പറയുന്നത്. ഇരുപക്ഷവുമായുള്ള ഐക്യപ്പെടൽ ശഫീഅ് (ശിപാർശകൻ) ആയ വ്യക്തിയുടെ ഒഴിച്ചുകൂടാനാകാത്ത സവിശേഷതയാണെന്ന് ഇതിൽ നിന്നു സൂചന ലഭിക്കുന്നു. അതായത് ഒരു പക്ഷത്ത് അയാൾക്ക് ദൈവവുമായി തീവ്രബന്ധമുണ്ടാകണം. അങ്ങനെ പൊരുത്തം തികഞ്ഞ് അയാൾ ഏകനായ നാഥന്റെ ജോടിയും സന്ധിബന്ധുവുമായി മാറും. മറുപക്ഷത്ത് സൃഷ്ടികളുമായും തീവ്രബന്ധമുണ്ടാകണം. അവരുടെ അവയവങ്ങളുടെ ഒരു ഭാഗമായിത്തീരണം. ശിപാർശ ഫലപ്രദമാകാനായി അടിസ്ഥാനപരമായി ഈ രണ്ട് വശങ്ങളുമുണ്ടാകണം. ആദമിന്റെ സൃഷ്ടിപ്പിനു പിറകിലുള്ള ദൈവയുക്തിയുടെ രഹസ്യവുമതാണ്. സൃഷ്ടിപ്പിന്റെ തുടക്കത്തിലേ ദൈവം അദ്ദേഹത്തിന്റെ അടിസ്ഥാന പ്രകൃതിയിൽ പ്രസ്തുത ഇരുവിധ ബന്ധങ്ങളും അന്തർലീനമാക്കി. അങ്ങനെ താനുമായി അദ്ദേഹത്തിന് ഒരു ബന്ധമുണ്ടാക്കി. അതു സംബന്ധമായി വിശുദ്ധ ഖുർആനിൽ വരുന്നു,

فَإِذَاسَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ[3] (വി.ഖുർആൻ15:30)

അതായത് മലക്കുകളേ, ഞാൻ ആദമിനെ ശരിയാം വണ്ണം സൃഷ്ടിക്കുകയും എന്റെ ആത്മാവ് അവനിൽ ഊതുകയും ചെയ്താൽ ഉടൻ നിങ്ങൾ സുജൂദിലേക്കു വീഴുക[3] പ്രസ്തുത ആയത്തിൽ നിന്നും സ്പഷ്ടമായി തെളിയുന്നത് ദൈവം

---

[3] ഈ ആയത്ത് ഒരു ഗഹനമായ രഹസ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. അത് ഒരു പരമമായ മാഹാത്മ്യത്തിന് നിദർശനവുമാണ്. തുടക്കത്തിൽ മനുഷ്യൻ വെറും ആകാരമാത്രനായിരുന്നു. അവന് അകമേ ജീവനുണ്ടായിരുന്നില്ല. ഒരു തരത്തിലുള്ള ആത്മീയതയും ഉള്ളടങ്ങിയിരുന്നുമില്ല. ഈ സ്ഥിതിയിൽ അവനെ മലക്കുകളും സേവിച്ചിരുന്നില്ല. അവൻ അകക്കാമ്പില്ലാത്ത പുറന്തോടായിരുന്നു. അതിനു ശേഷം ക്രമേണ ഒരു ഘട്ടമെത്തുമ്പോൾ സദ്വൃത്തനായ മനുഷ്യൻ ദൈവവുമായി വളരെ സാമീപ്യത്തിലായി വരുന്നു. അങ്ങനെ അവന്റെ അന്തരംഗം പ്രഭാവവാനായ നാഥന്റെ പ്രകാശത്തിനു കൃത്യം മുമ്പാകെ വന്നുചേരുകയും ആ പ്രകാശത്തിനു വിഘാതം സൃഷ്ടിക്കുന്ന ഒരു മറയും ഉണ്ടാകാതിരിക്കുകയും ചെയ്യുന്നു. അനന്തരം മനുഷ്യന്റെ അകതാരിലേക്ക് ദൈവചേതന എന്നു വിളിക്കാവുന്ന ആരാധ്യസ്വരൂപന്റെ പ്രകാശം പ്രവേശിക്കുമാറാകുന്നു. ഈ സ്ഥിതിവിശേഷത്തെയാണ് പരിശുദ്ധ ഖുർആനിൽ ആദമിലേക്ക് ദൈവം തന്റെ ചേതന നിശ്വസിച്ചുവെന്ന് പറഞ്ഞിട്ടുള്ളത്. ഈ അവസ്ഥയിൽ ഔപചാരികമോ ശരീഅത്തിന്റെ ശാസനാരൂപമോ ആയല്ലാതെ മലക്കുകൾക്ക് അവന്റെ മുമ്പാകെ സജദ(സാഷ്ടാംഗപ്രണാമം) ചെയ്യാനായി ആജ്ഞ നല്കപ്പെടുന്നു. അതായത് പൂർണമായും അവനെ അനുസരിക്കാനും അങ്ങനെ കുമ്പിടുന്ന നില കൈവരിക്കാനും കല്പിക്കപ്പെടുന്നു. ഈ കല്പന മലക്കുകളുടെ പ്രകൃതത്തിൽ ഉള്ളടക്കം ചെയ്യപ്പെട്ടതാണ്. പുതിയ സംഗതിയല്ല. അതായത് ദൈവിക പരിപ്രേഷ്യമുള്ള വ്യക്തികളെ സേവിക്കാനായി നമ്മൾ താഴേണ്ടതുണ്ടെന്ന് മലക്കുകൾ സ്വയം ചിന്തിക്കുന്നു. ഇത്തരം കഥനങ്ങൾ യഥാർഥത്തിൽ വെറും കഥകളല്ല. പരിശുദ്ധ ഖുർആനിലുള്ള കഥകൾക്കു പിറകിൽ എന്തെങ്കിലും അകപ്പൊരുൾ ഉൾകൊള്ളിക്കുകയെന്നത് ദൈവത്തിന്റെ രീതിയാണ്. ഇവിടെ അന്യൂനനായ വ്യക്തിയുടെ അടയാളമെന്താണെന്ന് ഈ കഥയുടെ വെളിച്ചത്തിൽ പ്രകടമാക്കാൻ ദൈവം ആഗ്രഹിക്കുന്നു. സമ്പൂർണനായ മനുഷ്യന്റെ

ആദമിൽ അവന്റെ ജനനത്തോടൊപ്പം തന്നെ തന്റെ ചൈതന്യം ഊതിയെന്നാണ്. അവന്റെ പ്രകൃതത്തിനു തന്നോട് ഒരു ബന്ധം സംജാതമാക്കിക്കൊണ്ടു മനുഷ്യകുലത്തിൽ പെട്ട വരോട് ഒരു ജന്മസിദ്ധമായ ബന്ധമുണ്ടാക്കാനാണ് ഇപ്ര കാരം ചെയ്തത്. മനുഷ്യരുടെ അസ്തിത്വത്തിൽ ആദമിന്റെ അസ്ഥിയിൽ നിന്നും അസ്ഥിയും മാംസത്തിൽ നിന്ന് മാംസവു മുള്ളതുപോലെ ആദമിൽ ഊതപ്പെട്ട ചേതനയിൽ നിന്നും അവർക്കു പങ്കുണ്ട്. ആയതിനാൽ ആദം സ്വാഭാവികമായും അവരുടെ ശിപാർശകനായി ഭവിക്കുന്നതാണ്. ചേതന സന്നി വേശിക്കപ്പെട്ട കാരണത്താൽ ആദമിന്റെ പ്രകൃതത്തിനു നല്ക പ്പെട്ട സത്യസന്ധതയിൽ നിന്നും അദ്ദേഹത്തിൽ നിന്നുമുള്ള പ രമ്പരക്കും അല്പം ഭാഗം ലഭിക്കേണ്ടതാണ്. എല്ലാ ജന്തുക്കളു ടെയും സ്വഭാവഗുണങ്ങളും പ്രവൃത്തികളും അവയുടെ ശിശു ക്കൾക്കും ലഭിക്കുന്നുണ്ട്. ഒരു പിൻഗാമി തന്റെ മുൻഗാമിയിൽ നിന്നും അംശം സ്വീകരിക്കുന്നുവെന്നതാണ് ശിപാർശയുടെ

---

ആദ്യലക്ഷണം, മനുഷ്യസൃഷ്ടിപ്പിന്റെ ഒരു ഘട്ടത്തിലും അവൻ ഭാഗ്യദോ ഷിയാകരുത്. അവന്റെ ആത്മീയവും ശാരീരികവുമായ അംഗങ്ങൾക്ക് മനു ഷ്യരൂപഘടനയിൽ നിന്നും പൂർണമായും ഭാഗം ലഭിച്ചിട്ടുണ്ടാകണം. അവ ന്റെ പ്രകൃതം പൂർണമായ സന്തുലിതാവസ്ഥ പ്രാപിച്ചിരിക്കണം. രണ്ടാമത്തെ ലക്ഷണം, അവന്റെ അന്തരംഗത്തിലേക്ക് ദൈവചേതന പ്രവേശിച്ചിട്ടുണ്ടാ കണം. മൂന്നാമത്തെ ലക്ഷണം, മലക്കുകൾ അവനെ സാഷ്ടാംഗപ്രണാമം ചെയ്യണം. അതായത് ആകാശഭൂമികളുടെ ജോലിയിൽ വ്യാപൃതരായ മലക്കു കൾ അവന്റെ സേവകരും അവന്റെ ഇംഗിതാനുസാരം പ്രവർത്തിക്കുന്ന വരുമാകണം. ദൈവതുണയുള്ള ദാസനോടൊത്ത് മലക്കുകളുടെ പടയു മുണ്ടാകുന്നു. അവർ അവനിലേക്ക് കുനിയുകയും എല്ലാ രംഗങ്ങളിലും എല്ലാ പ്രയാസങ്ങളിലും അവനെ സഹായിക്കുകയും ചെയ്യുന്നു. അവനെ അനുസരിക്കാനായി സദാ സജ്ജരായി നില്ക്കുന്നു. അങ്ങനെ അവർ സർവദാ അവന്റെ മുമ്പാകെ സാഷ്ടാംഗപ്രണാമത്തിലാണെന്നുവരുന്നു. അവൻ ദൈവത്തിന്റെ ഖലീഫയാണ് എന്നതാണ് അതിനു കാരണം. എന്നാൽ ഇക്കാര്യങ്ങൾ ഭൗമികതലത്തിൽ ചിന്തുക്കുന്നവർക്ക് മനസ്സിലാ ക്കാൻ സാധിക്കുകയില്ല. എന്തെന്നാൽ വാനലോകത്തെ ചേതനയിൽ നി ന്ന് അവർക്ക് ഓഹരി ലഭിച്ചിട്ടില്ല.(ലേഖകൻ)

യാഥാർഥ്യം. നാം ഇപ്പോൾ വിവരിച്ചതു പോലെ **ശഫാഅത്ത്** എന്ന വാക്ക് ഇണ എന്നർഥം വരുന്ന **ശഫ്ഉൻ** എന്ന അറബി മൂലപദത്തിൽ നിന്നും നിഷ്പന്നമാണ്. അതുകൊണ്ട് തന്നെ പ്രകൃത്യാ മറ്റൊരാളുടെ ഇണയായ വ്യക്തി ഇതരന്റെ സവിശേഷതകളിൽ നിന്നും ഭാഗഭാക്കാകുന്നു. ഈ ഒരടിസ്ഥാനത്തിലാണ് മുഴുവൻ സൃഷ്ടിജാലങ്ങളുടെയും പരമ്പരയുടെ ശൃംഖല തുടരുന്നത്. അതായത് മനുഷ്യക്കുഞ്ഞ് മാനുഷികശേഷിയും കുതിരക്കുട്ടി കുതിരശക്തിയും കുഞ്ഞാട് ആട്ടിൻകരുത്തും നേടുന്നതാണ്. ഈ പിന്തുടർച്ചയെയാണ് ശിപാർശയിൽ നിന്നും പ്രയോജനമുൾക്കൊള്ളുക എന്നു മറുവാക്കിൽ പറയുന്നത്. എന്തെന്നാൽ ശഫാഅത്തിന്റെ മൂലപദം ശഫ്ഉൻ അഥവാ ഇണയാണ്. അടിസ്ഥാനപരമായി ശിപാർശ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നയാളുമായി പ്രകൃതബന്ധമുണ്ടായിരിക്കണം. അപ്രകാരം അയാളുടെ പ്രകൃതത്തിലുള്ളത് സ്വതസ്സിദ്ധമായി ലഭിക്കുന്നതാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ അംശമാണെന്ന പാരസ്പര്യം മനുഷ്യപ്രകൃതത്തിൽ വരദാനമെന്ന നിലയിൽ കുടികൊള്ളുന്നത് പോലെത്തന്നെ പ്രയത്നേനയും അതിൽ വർധനവു വരുത്താവുന്നതാണ്. അതായത് മനുഷ്യകുലത്തോടുള്ള നൈസർഗികമായ സ്നേഹവായ്പും അനുകമ്പയും വർധിപ്പിക്കാൻ ആഗ്രഹിക്കുന്നയാൾക്ക് തന്റെ സ്വഭാവപ്രകൃതത്തിന്റെയും മറ്റുള്ളവരോട് തനിക്കുള്ള പാരസ്പര്യത്തിന്റെയും പരിധിയനുസരിച്ച് അതിൽ വർധനവ് വരുത്താനാകുന്നതാണ്. അതിന്റെ ആധാരത്തിൽ തന്നെ സ്നേഹവികാരത്തിന്റെ അടിയൊഴുക്കുമുണ്ടാകുന്നതാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയുമായുള്ള സ്നേഹത്തിൽ എത്രത്തോളം പുരോഗമിക്കുന്നുവെന്നാൽ ആ വ്യക്തിയെ കാണാതെ അയാൾക്കു സ്വസ്ഥത ലഭിക്കുന്നില്ല. അവസാനം ആ വ്യക്തിയുടെ സ്നേഹതീവ്രത അയാളുടെ ഹൃദയത്തെയും സ്വാധീനിക്കുന്നു. ഒരാളോട് അളവറ്റ പ്രേമമുള്ള വ്യക്തി മാത്രമേ തികഞ്ഞ ആത്മാർഥതയോടെ അയാളുടെ അഭ്യുദ്യയകാംക്ഷിയാകുകയുള്ളു. മാതാക്കൾക്ക് കുട്ടികളോടുള്ള സ്നേഹത്തിൽ നിന്നും ഇക്കാര്യം ബോധ്യമാകുന്നതാണ്. ശിപാർശയു

ടെ നാരായ വേര് ഈ പ്രേമമാകുന്നു. അതിന് പരസ്പരം നൈസർഗികമായ ബന്ധമുണ്ടാകേണ്ടതുണ്ട്. എന്തെന്നാൽ ശിപാർശയുടെ നിബന്ധന പ്രേമസാകല്യമാണ്. നൈസർഗിക ബന്ധം കൂടാതെ അതു സാധ്യമാകുകയില്ല. ഈ ബന്ധം മനുഷ്യപ്രകൃതത്തിൽ ഉൾചേർക്കുന്നതിനായി ദൈവം ഹവ്വയെ വേറിട്ടു സൃഷ്ടിക്കാതെ ആദമിന്റെ വാരിയെല്ലിൽ നിന്നു തന്നെയുണ്ടാക്കി. പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

وَخَلَقَ مِنْهَا زَوْجَهَا (അന്നിസാഅ്:2)

അതായത് ആദമിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ഇണയായ ഹവ്വയെ നാം സൃഷ്ടിച്ചു. ആദമിനു ഹവ്വയോടും മക്കളോടും സ്വാഭാവികബന്ധമുണ്ടാക്കാനും അതിൽ കൃത്രിമത്വം ഇല്ലാതിരിക്കാനുമാണത് ചെയ്തത്. അപ്രകാരം മനുഷ്യവർഗത്തിന്റെ പരസ്പരബന്ധവും സഹാനുഭൂതിയും ശാശ്വതമായി നിലനില്ക്കുന്നതാണ്. സ്വാഭാവികബന്ധം അനശ്വരമായിരിക്കും. അസ്വാഭാവിക ബന്ധത്തിനു നിലനില്പ്പുണ്ടാകില്ല. സ്വാഭാവിക ബന്ധത്തിലുണ്ടാകുന്ന അന്യോന്യാകർഷണം മറ്റുള്ളതിനുണ്ടാകുന്നില്ല. ചുരുക്കത്തിൽ ദൈവത്തോടും മനുഷ്യകുലത്തോടുമുണ്ടാകേണ്ടുന്ന ദ്വിമുഖബന്ധം ആദമിനു ദൈവം സഹജമായി നല്കി. ഇതുവരെ വിവരിച്ചതിൽ നിന്നും വ്യക്തമാകുന്നത്, ഇരുപക്ഷബന്ധത്തിൽ പൂർണത നേടിയ ശ്രേഷ്ഠ മനുഷ്യനു മാത്രമേ ശിപാർശകനാകാനുള്ള യോഗ്യതയുള്ളുവെന്നാണ്. ഈ ഇരുപക്ഷബന്ധത്തിൽ പൂർണനാകാത്ത വ്യക്തി ശ്രേഷ്ഠനാകുന്നില്ല. അതിനാൽ ദൈവിക നടപടിക്രമത്താൽ ആദമിനു ശേഷം ശിപാർശകനാകുന്ന വ്യക്തിക്ക് ഈ ഇരുപക്ഷ ബന്ധം അനുപേക്ഷണീയമായി മാറി. അതായത് ഒന്നാമത്തെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അവരിൽ സ്വർലോകചേതന ഊതപ്പെടുകയും ദൈവം അവരിൽ അവതരിച്ചിരിക്കുന്നുവെന്നു തോന്നിക്കുമാറ് അവരുമായി അഭേദ്യ ബന്ധം സ്ഥാപിക്കുകയും ചെയ്തു. രണ്ടാമതായി, ആദമിലും ഹവ്വയിലും നിക്ഷിപ്തമാക്കിയ പരസ്പരസ്നേഹത്തിന്റെയും അനുകമ്പയുടെയും സുസ്ഥിരബാന്ധവത്തെ അഥവാ മനുഷ്യവംശത്തിലെ ദാമ്പത്യബന്ധത്തെ അവരിൽ അത്യധികം

തിളക്കമാർന്നതാക്കി. അവർക്ക് ഭാര്യമാരോട് താല്പര്യമുണ്ടായത് ഈ പ്രേരണയാലാണ്. മനുഷ്യരാശിയോടുള്ള അനുകമ്പയുടെ ബീജം അവരിലുണ്ടെന്നതിന്റെ പ്രഥമ ദൃഷ്ടാന്തമാണ് അവർക്കു സഹധർമിണികളോടുള്ള ആഭിമുഖ്യം. അതിലേക്കാണ്

خَيْرُكُمْ خَيْرُكُمْ بِأَهْلِهِ

എന്ന ഹദീഥും സൂചന നല്കുന്നത്. അതായതു നിങ്ങളിൽ മനുഷ്യകുലത്തോട് ഏറ്റവും കൂടുതൽ നന്മ ചെയ്യുന്ന വ്യക്തി ആദ്യം തന്റെ ഭാര്യയോടു നന്മ ചെയ്യുന്നവനായിരിക്കും. അല്ലാതെ തന്റെ ഭാര്യയോട് അതിക്രമവും ദ്രോഹവും കാട്ടുന്നവനു മറ്റുള്ളവരോടു നന്മ ചെയ്യാനാകില്ല. ദൈവം ആദമിനെ സൃഷ്ടിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്നേഹത്തിന് ഏറ്റവുമാദ്യം അവകാശിയാക്കിയത് അദ്ദേഹത്തിന്റെ പത്നിയെയാണ്. ആയതിനാൽ സ്വപത്നിയോടു സ്നേഹമില്ലാത്തവനും ഭാര്യയില്ലാത്തവനും പൂർണമനുഷ്യന്റെ സ്ഥാനത്തേക്ക് ഉയരുകയില്ല. അവനു ശിപാർശയുടെ രണ്ടു നിബന്ധനകളിൽ ഒന്നില്ല. നിഷ്കളങ്കതയുണ്ടായാൽ കൂടി ശിപാർശ ചെയ്യാൻ അവൻ അർഹത നേടുകയില്ല. എന്നാൽ വിവാഹം ചെയ്തു ഭാര്യയെ സ്വീകരിക്കുന്നവൻ മനുഷ്യകുലത്തോടുള്ള അനുകമ്പയുടെ അസ്തിവാരമിടുന്നു. അനവധി ബന്ധങ്ങൾക്ക് ഒരു ഭാര്യ കാരണമാകുന്നു. മക്കളുണ്ടാകുമ്പോൾ അവർ വിവാഹിതരാകുന്നു. അവരുടെ മക്കൾക്കു മാതാമഹന്മാരും മാതാമഹികളും അമ്മാവന്മാരുമൊക്കെയുണ്ടാകും. അപ്രകാരം ഒരു വ്യക്തി സ്വാഭാവികമായും സ്നേഹാനുകമ്പകൾ ശീലിക്കുന്നു. തുടർന്ന് ഈ ശീലത്തിന്റെ വ്യാപ്തി വർധിച്ച് അവർ എല്ലാവരോടും അനുകമ്പ കാണിക്കുവാൻ തുടങ്ങുന്നു. എന്നാൽ സന്ന്യാസിമാരെപോലെ കാലം കഴിക്കുന്നവർക്ക് ഇതിൽ അഭിവൃദ്ധിപ്പെടാനുള്ള ഒരവസരവും ലഭിക്കുന്നില്ല. അതുകൊണ്ട് അവരുടെ ഹൃദയം കഠിനവും നിരാർദ്രവുമായി മാറുന്നു.

നിഷ്കളങ്കതയ്ക്കു ശിപാർശയുമായി നേർബന്ധമൊന്നുമില്ല. മനുഷ്യൻ പാപങ്ങളിൽ നിന്നു രക്ഷപ്പെടുന്നെന്നു മാത്രമേ നി


ഷ്കളങ്കത കൊണ്ട് അർഥമാകുന്നുള്ളൂ. പാപം കൊണ്ട് അർഥമാക്കുന്നത് മനുഷ്യൻ ദൈവകല്പനയെ ബോധപൂർവം ലംഘിക്കുകയും ശിക്ഷാർഹനാകുകയും ചെയ്യുന്നുവെന്നാണ്. [4] അതുകൊണ്ട് നിഷ്കളങ്കതയ്ക്കും ശിപാർശയ്ക്കും തമ്മിൽ അനുപൂരകത്വമൊന്നുമില്ല എന്നത് സ്പഷ്ടമാണ്.

---

[4] യുക്തിയുടെയും നീതിയുടെയും അടിസ്ഥാനത്തിൽ ഒരു കർമത്തെ പാപം എന്നു പറയുന്നത് ഒരാൾ തന്റെ പ്രവൃത്തിയിലൂടെ ദൈവകല്പനയെ ലംഘിച്ചുകൊണ്ടു ശിക്ഷാർഹനാകുമ്പോൾ മാത്രമാണ്. അതിനു പാപം ചെയ്യുന്നതിനു മുമ്പ് ദൈവകല്പന നിലവിലുണ്ടായിരിക്കേണ്ടതും ആ കല്പന പാപം ചെയ്യുന്ന വ്യക്തിയിലേക്ക് എത്തിച്ചേരേണ്ടതുമാണ്. മാത്രമല്ല പ്രസ്തുത കർമ്മം ചെയ്ത വ്യക്തി അക്കാരണത്താൽ ശിക്ഷക്ക് ശരിക്കും അർഹനാണെന്നു ബുദ്ധിക്കും തോന്നേണ്ടതുണ്ട്. (സാങ്കല്പികമായ ഉദാഹരണങ്ങൾ) ദൈവിക ശരീഅത്ത് (മതനിയമ സംഹിത) എത്തിച്ചേരാത്തത്ര വിദൂരമായ രാജ്യത്താണ് ഒരാൾ വസിക്കുന്നത്. അവൻ ഒന്നോ അതിലധികമോ ദൈവകല്പനകളെ ലംഘിച്ചു. എന്നാൽ ദൈവകല്പനക്കു വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ട് അവൻ കുറ്റക്കാരനാകുകയില്ല. കാരണം അവനു ശരീഅത്തിനെ കുറിച്ച് അറിവില്ല. അതേസമയം ബുദ്ധിയും വിവരവുമുള്ള അവസ്ഥയിൽ ബിംബത്തെ പൂജിക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ നിന്നും വിട്ടുനില്ക്കുകയും ചെയ്യുന്നെങ്കിൽ ശരീഅത്ത് ലഭിച്ചിട്ടില്ലെങ്കിൽ കൂടി അവൻ അപരാധിയാണ്. എന്തെന്നാൽ വിശുദ്ധ ഖുർആൻ കൊണ്ടുവന്ന ഏകദൈവവിശ്വാസം ക്രിസ്ത്യാനികളുടെ ത്രിയേകത്വ സിദ്ധാന്തം പോലെ മനുഷ്യപ്രകൃതത്തിൽ മുദ്രിതമാകാത്ത സംഗതിയല്ല. മറിച്ച് അത് ലോകാരംഭം മുതൽ തന്നെ മനുഷ്യപ്രകൃതത്തിൽ നിലീനമായിട്ടുണ്ട്. അതുകൊണ്ടുതന്നെ അതിനെ ധിക്കരിക്കാതിരിക്കാൻ ശരീഅത്ത് ലഭിക്കേണ്ട കാര്യമില്ല. അതിന് മനുഷ്യബുദ്ധി ഉണ്ടായാൽ മാത്രം മതി. അപ്രകാരം തന്നെ ശരീഅത്ത് നിലവിലുണ്ട്. അത് ഒരാൾക്ക് കിട്ടിയിട്ടുമുണ്ട്. എന്നാൽ അയാൾ പക്വത നേടാത്തവനോ മാനസികരോഗിയോ ആണ്. അത്തരം അവസ്ഥയിൽ അയാൾ ശരീഅത്തുപരമായി പാപമായ ഒരു കർമ്മം ചെയ്തിട്ടുണ്ടെങ്കിലും ശിക്ഷിക്കപ്പെടുന്നതല്ല. എന്തെന്നാൽ അയാൾക്ക് മാനുഷിക ബുദ്ധി നല്കപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ശരീഅത്ത് ലഭിച്ചെങ്കിലും അയാൾ നിഷ്കളങ്കനാണ്. (ലേഖകൻ)

ഉപര്യുക്ത നിർവചനത്തിന്റെ അടിസ്ഥാനത്തിൽ പിഞ്ചുകുഞ്ഞുങ്ങളും ജന്മനാ മാനസിക രോഗമുള്ളവരും നിഷ്കളങ്കരാണ്. അവർക്ക് ബോധപൂർവം ഒരു പാപവും ചെയ്യാനാകില്ല. ഏതെങ്കിലും കർമഫലമയി അവർ ദൈവസമക്ഷം ശിക്ഷാർഹരാകുകയുമില്ല. നിഷ്കളങ്കരെന്ന് പറയപ്പെടാൻ അവർക്കവകാശമുണ്ടെന്നതിലും സംശയമില്ല. എന്നാൽ മനുഷ്യരുടെ ശിപാർശകനാകാനും മോക്ഷദാതാവ് എന്നു പറയപ്പെടാനും അവർക്കർഹതയുണ്ടോ? അപ്പോൾ മോക്ഷദാതാവാകുന്നതും നിഷ്കളങ്കനാകുന്നതും തമ്മിൽ സംബന്ധമൊന്നുമില്ലെന്നത് വ്യക്തം. നിഷ്കളങ്കതക്ക് ശിപാർശയുമായി അസൽ ബന്ധമുണ്ടെന്ന കാര്യം ബുദ്ധിക്കു നിരക്കാത്തതും എന്നാൽ പ്രസ്തുത ഇരുവിധ ബന്ധങ്ങളും ശിപാർശകനായ വ്യക്തിക്ക് ഒഴിച്ചുകൂടാനാകാത്തതുമാണെന്ന കാര്യം ബുദ്ധിക്ക് ബോധ്യമാകുന്നതുമാണ്. ഈ ഇരുഗുണങ്ങളുമുള്ള വ്യക്തി അതായത് ഒന്നാമത് ദൈവവുമായി തീവ്രബന്ധമുണ്ടാകുകയും മറുവശത്ത് സൃഷ്ടികളോടു സ്നേഹാനുകമ്പകളുടെ ബന്ധമുണ്ടാകുകയും ചെയ്യുന്ന വ്യക്തി തന്നോട് ബോധപൂർവം ബന്ധം മുറിക്കാത്തവർക്കുവേണ്ടി മാനസികോല്ലാസത്തോടെ ശിപാർശ ചെയ്യുന്നതാണ്. അവന്റെ ശിപാർശ സ്വീകരിക്കപ്പെടുകയും ചെയ്യും. എന്തെന്നാൽ ഈ രണ്ടു തരത്തിലുള്ള ബന്ധവും സിദ്ധിച്ചവർ ദൈവത്തോടുള്ള സ്നേഹസാകല്യത്തിന്റെ ഫലമായി അനുഗ്രഹത്തെ ആകർഷിക്കുകയും സൃഷ്ടികളോടുള്ള സ്നേഹസാകല്യത്തിന്റെ ഫലമായി ഈ അനുഗ്രഹത്തെ അവരിലേക്കെത്തിക്കുകയും ചെയ്യുന്നു. ഈ ഒരവസ്ഥയെയാണ് ശിപാർശ എന്നു പറയുന്നത്. ഇപ്പോൾ ഞാൻ പറഞ്ഞ പ്രകാരം, ശിപാർശകനായ വ്യക്തിക്ക് ദൈവം അവനിൽ അവതരിച്ചതിനു തുല്ല്യം അഗാധമായ ദൈവബന്ധമുണ്ടാകേണ്ടതുണ്ട്. അവന്റെ മനുഷ്യാവസ്ഥ പൂർണമായും മൃതിയടഞ്ഞ് അംഗോപാംഗം സ്വർഗീയ പ്രതാപം ഉണ്ടാകേണ്ടതാണ്. അവന്റെ ആത്മാവ് ജലസമാനം ആർദ്രമായി ദൈവത്തിലേക്ക് ഒഴുകണം. അങ്ങനെ ദൈവസാമീപ്യത്തിന്റെ പരമപദത്തിലേക്കെത്തണം. അപ്രകാരം തന്നെ ശിപാർശ ലഭി

ക്കേണ്ട വ്യക്തിയോടുള്ള അനുകമ്പയിൽ ശിപാർശകൻ മനം മയങ്ങിയിരിക്കുകയും താമസിയാതെ മോഹാലസ്യപ്പെടുമെന്നും അസ്വസ്ഥചിത്തതയുടെ മൂർഛയാൽ അവന്റെ അവയവങ്ങൾ വേർപെടുമെന്നുമുള്ള അവസ്ഥയുണ്ടാകുകയും ചെയ്യണം. അവന്റെ ബോധം വികേന്ദ്രീകൃതമായിരിക്കും. മാതാപിതാക്കളേക്കാളും, എല്ലാ അഭ്യുദയാകാംക്ഷികളെക്കാളും അധികമായി കരുണരസത്തിന്റെ ഉന്നതസ്ഥാനത്ത് ശിപാർശകൻ എത്തിച്ചേരേണ്ടതാണ്. ഈ രണ്ടവസ്ഥകളും അവനിൽ സംജാതമായാൽ പിന്നെ പ്രസ്തുത വ്യക്തി ഒരുഭാഗത്ത് സ്വർഗീയ സ്ഥാനവുമായി ജോടിയാകുകയും മറുഭാഗത്ത് ഭൗമികസ്ഥാനവുമായി ജോടിയാകുകയും അങ്ങനെ അവനിൽ ത്രാസിന്റെ ഇരുതട്ടും സമമാവുകയും ചെയ്യുന്നതാണ്. അതായത് അവൻ ദൈവികതയുടെയും മാനവികതയുടെയും ഉദാത്തമായ പ്രകട സ്വരൂപവുമാകുകയും ദ്വിവിധ അവസ്ഥകളുടെയും മധ്യത്തിൽ നിലകൊള്ളുകയും ചെയ്യുന്നു.




ശിപാർശയുടെ ഈ സ്ഥാനത്തെ കുറിച്ച് പരിശുദ്ധ ഖുർആനിൽ സൂചിപ്പിക്കുന്നുണ്ട്. തിരുനബി(സ)യുടെ ശിപാർശക സ്ഥാനമാഹാത്മ്യത്തെ കുറിച്ച് പറയുന്നു,

دَنَا فَتَدَلّٰى فَكَانَ قَابَ قَوْسَيْنِ اَوْ اَدْنٰى[5](വി:ഖുർആൻ 53: 9,10)

അതായത് ദൈവത്തിലേക്ക് ഈ പ്രവാചകൻ ഉയർന്നു. സാധി

[5] പിന്നെ അദ്ദേഹം സമീപസ്ഥനായി, തുടർന്ന് താഴേക്കിറങ്ങി വന്നു. അങ്ങനെ അദ്ദേഹം രണ്ടു വില്ലുകളുടെ ഞാണ് പോലെ ആയിത്തീർന്നു. അല്ലെങ്കിൽ അതിനെക്കാൾ സമീപാവസ്ഥയിൽ.

ക്കുന്നിടത്തോളം ദൈവവുമായി സമീപസ്ഥനായി. സാമീപ്യത്തിന്റെ എല്ലാ മികവുകളും പ്രാപിച്ചു. സ്വർഗീയസ്ഥാനത്തിൽ നിന്നും മുഴുവൻ പങ്കും നേടി. തുടർന്ന് ഭൗമികസ്ഥാനത്തിലേക്ക് പൂർണമായും തിരിഞ്ഞു. അതായത് സ്വന്തം സ്വത്വത്തെ ദൈവദാസത്വത്തിന്റെ പരമകോടിയിലെത്തിച്ചു. കൂടാതെ ഭൗമിക മാഹാത്മ്യം എന്നറിയപ്പെടുന്ന മാനുഷിക സദ്ഗുണങ്ങളായ സ്നേഹദയാവായ്പ്പുകൾ പൂർണമായും സ്വാംശീകരിച്ചു. അപ്രകാരം ഒരു ഭാഗത്ത് ദൈവസ്നേഹത്തിലും മറുഭാഗത്ത് മനുഷ്യകുലസ്നേഹത്തിലും സമ്പൂർണ മികവിലെത്തി. സമ്പൂർണമായ നിലയിൽ ദൈവത്തോട് സമീപസ്ഥനായതുപോലെ മനുഷ്യകുലത്തോടും സമ്പൂർണമായ നിലയിൽ സമീപസ്ഥനാകുകയും തദ്വാര ഇരുപക്ഷത്തേക്കും സമാനസാമീപ്യം നേടുകയും ചെയ്തതിനാൽ അദ്ദേഹം രണ്ട് ചാപങ്ങൾക്കിടയിലുള്ള മധ്യരേഖയായി വർത്തിക്കുന്നു. അങ്ങനെ ശിപാർശയുടെ നിബന്ധനകൾ അദ്ദേഹത്തിൽ പൂർത്തിയായി. ദൈവം ഖുർആനിൽ അദ്ദേഹത്തിനുവേണ്ടി സാക്ഷ്യം നല്കി. അദ്ദേഹം സമസൃഷ്ടികൾക്കും ദൈവത്തിനും ഇടയിൽ ഇരുചാപങ്ങൾക്കിടയിലുള്ള ഞാണിനെ പോലെയാണ്.

മറ്റൊരിടത്ത് അദ്ദേഹത്തിന്റെ ദൈവസാമീപ്യത്തെ കുറിച്ച് ഇപ്രകാരം പറയുന്നു

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ[6] (വി:ഖുർആൻ 6:163)

അതായത് നീ ജനങ്ങളെ അറിയിക്കുക, എന്റെയവസ്ഥയിതാണ്, ഞാൻ പൂർണമായും സ്വന്തം സ്വത്വത്തെ നഷ്ടമാക്കിയിരിക്കുന്നു. എന്റെ ആരാധനകൾ സർവതും ദൈവത്തിനു വേണ്ടിയുള്ളതായിരിക്കുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് പരിപൂർണത നേടുന്നതുവരെ ഒരാൾക്ക് ദൈവത്തെ മാത്രമായി ആരാധിക്കാൻ സാധിക്കുകയില്ലെന്നാണ്. മറിച്ച് കുറച്ച് ആരാധനകൾ ദൈവത്തിനു വേണ്ടിയും കുറച്ച് സ്വാർഥപരവു

[6] നീ പറയുക: എന്റെ ആരാധനയും എന്റെ ബലികളും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനാകുന്നു. അവൻ അഖിലലോകങ്ങളുടേയും നാഥനാകുന്നു.

മായിരിക്കും. ദൈവം അർഹിക്കുന്ന ഔന്നത്യവും മാഹാത്മ്യവും അവൻ സ്വയം ആഗ്രഹിക്കുന്നു. ഇതാണ് ആരാധനയുടെ യാഥാർഥ്യം. അതുപോലെ അവന്റെ ആരാധനയുടെ ഒരു ഭാഗം സൃഷ്ടികൾക്കുവേണ്ടിയുമായിരിക്കും. എന്തെന്നാൽ ദൈവത്തിനു മാത്രം പ്രത്യേകമായ ഔന്നത്യമാഹാത്മ്യങ്ങളിലും ശക്ത്യാധികാരങ്ങളിലും അവൻ സൃഷ്ടികളെയും ഭാഗഭാക്കാക്കുന്നു. അത്തരത്തിൽ ദൈവത്തിനെ പൂജിക്കുന്നതുപോലെ അവൻ ആത്മപൂജയും സൃഷ്ടിപൂജയും നടത്തുന്നു. അത്ര മാത്രമല്ല ദൈവേതരമായ സകലകാര്യകാരണങ്ങൾക്കും പൂജനീയസ്ഥാനം നല്കുന്നു. ദൈവത്തിന്റെ നിശ്ചയത്തിനും വിധിക്കും തുല്ല്യമായി കാര്യകാരണങ്ങളെയും ഗോപ്യവും പ്രകടവുമായ പ്രപഞ്ചസംവിധാനത്തിൽ ഭാഗഭാക്കായി കണക്കാക്കുന്നു. ദൈവത്തിന്റെ ഔന്നത്യത്തിൽ ചിലപ്പോൾ തന്നെയും ചിലപ്പോൾ സൃഷ്ടികേളെയും കാര്യകാരണങ്ങളെയും ഭാഗഭാക്കാക്കുന്ന മനുഷ്യനെ ദൈവത്തിന്റെ യഥാർഥപൂജകനായി കണക്കാക്കാനാകില്ല. ദൈവത്തിന്റെ എല്ലാ ഔന്നത്യങ്ങളും മാഹാത്മ്യങ്ങളും അധികാരങ്ങളും ദൈവത്തിനല്ലാതെ മറ്റൊന്നിനും നല്കാത്ത വ്യക്തിയാണ് യഥാർഥപൂജകനായി ഗണിക്കപ്പെടുന്നത്. ഒരാളുടെ ആരാധന തൗഹീദിന്റെ ഈ നിലവാരത്തിലെത്തുമ്പോഴാണ് അയാൾ യഥാർഥ ദൈവാരാധകനായി അറിയപ്പെടുന്നത്. അത്തരം വ്യക്തി ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് ഉരുവിടുന്നതു പോലെ തന്റെ കർമങ്ങളാലും അതായത് ആരാധനകളാലും ദൈവത്തിന്റെ അദ്വിതീയതയെ സാക്ഷ്യപ്പെടുത്തുന്നു. ഈ ശ്രേഷ്ഠപദവിയെ കുറിച്ചാണ് മേലുദ്ധരിച്ച ആയത്തിൽ സൂചിപ്പച്ചത്. തിരുനബി(സ)യോട് ദൈവം പറയുന്നു. നീ ജനങ്ങളോട് പറയുക, എന്റെ ആരാധനകളെല്ലാം ദൈവത്തിനുവേണ്ടിയാണ്. അതായത് ആത്മാവിനും സൃഷ്ടികൾക്കും കാര്യകാരണങ്ങൾക്കും എന്റെ ആരാധനകളിൽ പങ്കില്ല. ശേഷം പറഞ്ഞു, എന്റെ ത്യാഗങ്ങളും ദൈവത്തിനുവേണ്ടി സവിശേഷമാണ്. എന്റെ ജീവിതമരണങ്ങളും. അറബി നിഘണ്ടുവിൽ **നസീകഃ**, ഖുർബാനി(ബലി)ക്കാണ് പറയുന്നത്. പ്രസ്തുത ആയത്തി

ൽ വന്നിട്ടുള്ള **നുസുക്** എന്നതിന്റെ മറ്റൊരർഥം ആരാധന യെന്നുമാണ്. ആരാധന, ഖുർബാനി എന്നീ രണ്ടർഥങ്ങളും കല്പിക്കാവുന്ന ഒരു പദമാണ് ഇവിടെ പ്രയുക്തമായിട്ടു ള്ളത്. ആത്മാവിനും സൃഷ്ടികൾക്കും കാര്യകാരണങ്ങൾക്കും പങ്കില്ലാത്ത ആരാധന ഒരു ഖുർബാനിയാണ്. സമ്പൂർണമായ ഖുർബാനി യഥാർഥത്തിൽ സമ്പൂർണമായ ആരാധനയാണ്. തുടർന്ന് പറഞ്ഞു, എന്റെ ജീവിതവും മരണവും ദൈവത്തി നു വേണ്ടിയാണ്. ഈ വാക്യം ഖുർബാനി എന്ന പദത്തിന്റെ വിശദീകരണമാണ്. ഖുർബാനി എന്നതുകൊണ്ട് ആട്, പശു, ഒട്ടകം എന്നിവയുടെ ഖുർബാനിയെന്ന ധാരണ ആർക്കുമു ണ്ടാവാതിരിക്കാനാണിത്. എന്റെ ജീവിതമരണങ്ങൾ ദൈവ ത്തിനു വേണ്ടി പ്രത്യേകമാണെന്നതു കൊണ്ട് ഇവിടെ ആത്മാ വിന്റെ ഖുർബാനിയാണ് ഉദ്ദേശ്യം എന്ന് സ്പഷ്ടം. സാമീപ്യം എന്ന അർഥമുള്ള ഖുർബ് എന്ന പദത്തിൽ നിന്നും നിഷ്പ ന്നമായതാണ് ഖുർബാനി. ശാരീരികമായ എല്ലാ കഴിവുക ളും ചലനങ്ങളും ദൈവസാമീപ്യത്തിനായി മൃതിയടയണം. നബി(സ)ക്ക് ലബ്ധമായ ദൈവസാമീപ്യത്തികവിന്റെ സാക്ഷ്യമാ ണ് പ്രസ്തുത ആയത്ത്. നബി(സ) ദൈവസവിധിയിൽ അങ്ങേ യറ്റത്തെ ആത്മവിസ്മൃതിയിലും നിമഗ്നതയിലുമായിരുന്നു. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ ശ്വാ സോഛ്വാസവും മൃത്യുവും ദൈവത്തിനു വേണ്ടി മാത്രമായി മാറിയിരുന്നു. അദ്ദേഹത്തിന്റെ സ്വത്വത്തിൽ ആത്മാവിനും സൃഷ്ടികൾക്കും കാര്യകാരണങ്ങൾക്കും ഒരു പങ്കും ബാക്കി യുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആത്മാവ് ദൈവേതരമായ ഒന്നിന്റെയും സാന്നിധ്യമില്ലാതെ ആത്മാർഥചൈതന്യത്തോടു കൂടി ദൈവസമക്ഷത്തിലേക്ക് വീണു. അത്തരത്തിൽ അദ്ദേഹം ശിപാർശകനായ വ്യക്തിക്ക് അനിവാര്യമായ നിബന്ധനയുടെ ഒരു ഭാഗം പൂർത്തിയാക്കി. എന്റെ ജീവിതമരണങ്ങൾ സക ലലോക പരിപാലനത്തിൽ മുഴുകിയ ദൈവത്തിനുള്ളതാണ് എന്ന പ്രസ്തുത ആയത്തിലെ അവസാന വാചകത്തിൽ നി ന്നും വ്യക്തമാകുന്നത് എന്റെ ഖുർബാനിയും സകലലോക നന്മയ്ക്കുള്ളതാണെന്നാണ്. ശിപാർശയുടെ നിബന്ധനയു

ടെ മറ്റൊരു ഭാഗം സൃഷ്ടികളോടുള്ള സഹാനുഭൂതിയാണ്. നാം ഇപ്പോൾ വിവരിച്ചതു പോലെ **ദനാ ഫതദല്ലാ**യിലെ രണ്ടാമത്തെ പദമായ **തദല്ലാ** ഈ സഹാനുഭൂതിയെയാണ് കുറിക്കുന്നത്. തദല്ലായുടെ മൂന്നക്ഷര ക്രിയാപദം **ദലവ**യാണ്. തൊട്ടിയെ വെള്ളം മുഴുവനായി നിറയുന്ന വിധത്തിൽ കിണറിലേക്ക് താഴ്ത്തുക എന്നാണ് അതിന്റെ അർഥം. ആരെയെങ്കിലും ശിപാർശകനാക്കുക എന്നാണ് അതിന്റെ മറ്റൊരർഥം. ശിപാർശ ചെയ്യാനായി വിദൂരസ്ഥരായവരിലേക്ക് ദയാദാക്ഷിണ്യത്തോടെ ശ്രദ്ധ പതിപ്പിക്കുകയും അവരോട് വളരെ സമീപസ്ഥരാവുകയും അവരുടെ മലിനജലത്തെ എടുത്ത് ശുദ്ധജലം പകരുകയും ചെയ്യുക എന്നതാണ് തദല്ലാ കൊണ്ട് ഉദ്ദേശിക്കുന്നത്.

ദൈവത്തെ സ്നേഹിക്കുകയും ദൈവാനുരാഗത്തിൽ പുരോഗമിച്ചുകൊണ്ട് ദൈവസാമീപ്യത്തിന്റെ മഹദ്പദത്തിലെത്തുകയും ചെയ്യുക മറ്റുള്ളവർക്ക് ദുഷ്പ്രാപ്യമായ സംഗതിയാണ്. അതിനാൽ ദൈവകല്പിതമായി തിരുനബി(സ)യുടെ കർമങ്ങളിൽനിന്നും അദ്ദേഹം യഥാനിലയിൽ അല്ലാഹുവിന് എല്ലാ വസ്തുക്കൾക്കുമേലും മുൻതൂക്കം നല്കിയിരുന്നുവെന്ന് സ്പഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ അണുകണികകളിലും നാഡീഞരമ്പുകളിലും ദൈവാനുരാഗവും ദൈവമാഹാത്മ്യവും എത്രത്തോളം രൂഢമൂലമായിരുന്നുവെന്നാൽ അദ്ദേഹത്തിന്റെ അസ്തിത്വം ദൈവശോഭയുടെ ദർശനത്തിനായി ദർപ്പണസമാനമായിരുന്നു. ദൈവത്തോടുള്ള പൂർണാനുരാഗത്തിന്റെ അലയൊലികൾ മനുഷ്യബുദ്ധിക്കു സങ്കല്പിക്കാവുന്നതിന്റെ പരമാവധി തിരുനബി(സ)യിലുണ്ടായിരുന്നു. സൗന്ദര്യമോ ഔദാര്യമോ കാരണമായായിരിക്കും ഒരാൾക്ക് മറ്റൊരാളോട് സ്നേഹമുണ്ടാകുക. ഔദാര്യം സ്നേഹത്തിന് പ്രേരണ നല്കുന്നുവെന്നതിന് മനുഷ്യോല്പത്തി മുതലുള്ള ലോകാനുഭവമാണ്. മനുഷ്യർ ഭിന്നപ്രകൃതരാണെങ്കിലും ഔദാര്യത്തിൽ പ്രഭാവിതനായി ഉദാരമതിയോട് ഹൃദയത്തിൽ സ്നേഹം ജനിപ്പിക്കാനുള്ള കഴിവ് എല്ലാ മനുഷ്യരിലും സാമാന്യമായി കണ്ടുവരുന്ന ആന്തരിക സവിശേഷതയാണ്. തെമ്മാടികൾ

കഠോരഹൃദയരായി കണക്കാക്കപ്പെടുന്ന കള്ളന്മാർ, കൊള്ള ക്കാർ, കുറ്റകൃത്യങ്ങൾ ഉപജീവനമാർഗമാക്കിയവർ തുടങ്ങി യവർ പോലും ഔദാര്യത്താൽ സ്വാധീനപ്പെടാറുണ്ട്. ഭവനഭേദ നം നടത്താനിറങ്ങിയ ഒരു കള്ളന് രണ്ടു വീടുകളിൽ കവർച്ച നടത്താനുള്ള അവസരം ലഭിച്ചെന്നു കരുതുക. അതിൽ ഒരു വീട്ടുകാരൻ അയാളോട് ഏതെങ്കിലും സമയത്ത് വല്ല നന്മയും ചെയ്ത വ്യക്തിയും രണ്ടാമൻ അപരിചിതനുമാണെന്നും വയ് ക്കുക. അയാൾ എത്ര ദുഷ്പ്രകൃതിയായാലും അപരിചിതന്റെ വീട് ബോധപൂർവം ഒഴിവാക്കി നന്മ ചെയ്ത വ്യക്തിയുടെ വീട് കവർച്ച നടത്താൻ താല്പര്യപ്പെടുകയില്ല. തങ്ങളോട് ഔദാര്യം കാട്ടിയവരെ ആക്രമിക്കാതിരിക്കുകയെന്നത് മനു ഷ്യരുടെ മാത്രമല്ല ജന്തുക്കളുടെയും വന്യജീവികളുടെയും കൂടി സവിശേഷതയാണ്. നായ്ക്കളുടെ ഈ സ്വഭാവസവിശേ ഷത അതായത് അവയോട് ഔദാര്യം കാട്ടിയവരോട് അങ്ങേ യറ്റത്തെ അനുസരണം കാട്ടുന്ന കാര്യം മനുഷ്യരുടെ അനു ഭവത്തിലുള്ളതാണ്. ആയതിനാൽ ഔദാര്യം സ്നേഹത്തിന് പ്രേരണ നല്കുന്നുവെന്നതു നിസ്സംശയമാണ്. അതുപോലെ സൗന്ദര്യം സ്നേഹത്തിനു നിദാനമാകുന്നുവെന്നതും വ്യക്ത മാണ്. സൗന്ദര്യദർശനത്തിൽ ഒരു രസാനുഭൂതിയുണ്ട്. മനു ഷ്യന് രസാനുഭൂതി നല്കുന്ന വസ്തുക്കളിലേക്കു പ്രകൃത്യാ തന്നെ ചായ്‌വുണ്ടാകും. സൗന്ദര്യമെന്നതുകൊണ്ട് വെറും ബാഹ്യാകാര ഭംഗിയല്ല ഉദ്ദേശമാക്കുന്നത്. കണ്ണ്,മൂക്ക്,നെ റ്റി, നിറം എന്നിവ ഇങ്ങനെ വേണമെന്ന സൗന്ദര്യ സങ്കല്പ മല്ല ഇവിടെ ഉദ്ദേശ്യം. മറിച്ച് സമുചിതവും അതുല്ല്യവുമായ വ്യക്തി ഗുണമാഹാത്മ്യങ്ങൾ കാരണമായി രൂപം കൊള്ളുന്ന ആകർഷണമാണത്. മനുഷ്യപ്രകൃതി സ്തുത്യർഹമായി കണ ക്കാക്കുന്ന സകല ഗുണങ്ങൾ സൗന്ദര്യത്തിൽ ഉൾപ്പെടുന്നു. മനുഷ്യമനസ്സ് അതിലേക്ക് ഹഠാദാകർഷിക്കപ്പെടുന്നു. ഉദാഹ രണത്തിന് ഫയൽവാനായി ജോലി ചെയ്യുന്ന ഒരു ധീരനായ വ്യക്തിയുണ്ട്. മൽപിടുത്തത്തിൽ അയാൾ അജയ്യനാണ്. പു ലികളെ പോലും അയാൾ കീഴടക്കും. യുദ്ധമൈതാനിയിൽ ആയിരം പോരാളികളെ പോലും പരാജയപ്പെടുത്താനുള്ള

ശക്തിയും ധൈര്യവും അയാൾക്കുണ്ട്. ആയിരം പോരാളികളുടെ സൈന്യവലയം ഭേദിച്ചു ജീവൻ രക്ഷപ്പെടുത്താനുമാകും. ഇത്തരമൊരു വ്യക്തി സ്വാഭാവികമായും മനസ്സുകളെ ആകർഷിക്കുന്നതാണ്. ജനപ്രിയനുമായിരിക്കും. അയാളുടെ മൽപിടുത്തവും ധൈര്യവും കൊണ്ട് ആളുകൾക്ക് ഒരു പ്രയോജനവുമില്ലെങ്കിലും അയാൾ കാലഗതി പ്രാപിച്ചാലും അയാളുടെ വീരഗാഥകൾക്കു ജനങ്ങൾ ഇമ്പത്തോടെ കാതോർക്കുന്നതായിരിക്കും. അയാളുടെ കഴിവുകൾ കാരണമായി ജനഹൃദയത്തിൽ അയാൾ ഇടം പിടിക്കുന്നതാണ്. ഈ സ്നേഹത്തിനു നിദാനമെന്താണ്? അയാൾ ആർക്കെങ്കിലും വല്ല ഉപകാരവും ചെയ്തിട്ടുണ്ടോ? ആർക്കും ഒരു ഔദാര്യവും ചെയ്തിട്ടില്ലെന്നു വ്യക്തമാണ്. സൗന്ദര്യം കൂടാതെ വേറെ കാരണമൊന്നുമില്ല. അതുകൊണ്ടു തന്നെ ഈ ആത്മീയ ഗുണങ്ങളെല്ലാം സൗന്ദര്യത്തിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കാം. അംഗലാവണ്യത്തിനു വിപരീതമായി ധാർമികസൗന്ദര്യമെന്നും ഗുണവിശേഷ സൗന്ദര്യമെന്നും അവയെ വിളിക്കാം. ധാർമികസൗന്ദര്യവും ഗുണവിശേഷ സൗന്ദര്യവും തമ്മിലുള്ള അന്തരം ഇങ്ങനെ മനസ്സിലാക്കാം. ഒരു വ്യക്തിയുടെ സൽപ്രകൃതിയിൽ നിന്നും സൽഗുണങ്ങളിൽ നിന്നും മറ്റൊരാൾക്കു പ്രയോജനം ലഭിക്കുമ്പോൾ പ്രസ്തുത വ്യക്തിയുടെ ഗുണങ്ങളെ അയാൾ ശ്ലാഘിക്കുകയും ഔദാര്യമെന്നു വിളിക്കുകയും ചെയ്യും. അതേ സമയം മറ്റുള്ളവർ പ്രസ്തുത സൽപ്രകൃതത്തെ സൗന്ദര്യമായാണ് കാണുക. ഉദാഹരണത്തിന് ഒരാളുടെ ദാനധർമങ്ങൾ അതിന്റെ ഗുണഭോക്താക്കൾക്ക് ഔദാര്യമായും മറ്റുള്ളവർക്കു ഗുണവിശേഷ സൗന്ദര്യമായുമാണ് കാണാനാകുക.

സനാതനവും മനുഷ്യോല്പത്തി മുതൽ നിലനിന്നു പോരുന്നതുമായ ജഗന്നിയമവും ദൈവത്തിന്റെ നടപടിക്രമവും നമ്മെ പഠിപ്പിക്കുന്നതു ദൈവവുമായി സുദൃഢബന്ധം സ്ഥാപിക്കുന്നതിന് അവന്റെ ഔദാര്യത്തിൽ നിന്നും സൗന്ദര്യത്തിൽ നിന്നും ഫലമെടുക്കുക അനിവാര്യമാണെന്നാണ്. ഞാൻ ഇപ്പോൾ വിവരിച്ചതുപോലെ ഒരാൾ തനിക്കുവേണ്ടി സ്വന്തം കണ്ണുകളാൽ കണ്ട ദൈവത്തിന്റെ പെരുമാറ്റ മാതൃകയാണ്

ഔദാര്യമെന്നു പറയുന്നത്. അതായത് നിരാലംബമോ നിസ്സഹായമോ ബലഹീനമോ അനാഥമോ ആയ അവസ്ഥയിൽ ദൈവം അവന്റെ സംരക്ഷകനായിരിക്കുകയും ആവശ്യം നേരിടുമ്പോൾ അവന്റെ കാര്യനിർവാഹകനായിരിക്കുകയും കഠിനവും പരിക്ഷീണിതവുമായ സ്ഥിതിയിൽ അവന്റെ സ്വയം സഹായകനായിരിക്കുകയും ദൈവത്തെ തേടുമ്പോൾ മഹാത്മാക്കളുടെ മാധ്യസ്ഥം കൂടാതെ ദൈവം സ്വയം മാർഗദർശകനായിരിക്കുകയും ചെയ്യണം. ഔദാര്യമെന്ന നിലയിലും പ്രകടമാകുന്ന ദൈവത്തിന്റെ സുന്ദരഗുണങ്ങളാണ് സൗന്ദര്യം കൊണ്ട് അർഥമാക്കുന്നത്. ദൈവത്തിന്റെ സമ്പൂർണാധികാരവും, അവനിൽ കണ്ടുവരുന്ന സൗമ്യത, കൃപ, രക്ഷകത്വം, കനിവ്, എന്നിവയും അവന്റെ പ്രകടമായ സർവപരിപാലനം, മനുഷ്യന്റെ സുഖസൗകര്യത്തിനുവേണ്ടി പൊതുവിലുള്ള അനുഗ്രഹാധിക്യം, മനുഷ്യനെ മരണത്തിൽ നിന്നും നാശത്തിൽ നിന്നും രക്ഷിക്കാനായി പ്രവാചകർ വഴി അവൻ ലഭ്യമാക്കിയ ജ്ഞാനം, അസ്വസ്ഥചിത്തരുടെയും ആലംബഹീനരുടെയും പ്രാർഥനകൾ സ്വീകരിക്കുന്ന ഗുണവിശേഷം, അവനിലേക്ക് ചായുന്നവരിലേക്ക് അതിലുമുപരിയായി ചായുന്ന രീതി തുടങ്ങിയ സവിശേഷതകളെല്ലാം അവന്റെ സൗന്ദര്യത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഈ ഗുണഗണങ്ങളിൽ നിന്ന് പ്രത്യേകം ഫലമെടുക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം അവയെ അവന്റെ ഔദാര്യമായും കണക്കാകാനാകും. അപ്രകാരം ദൈവത്തിന്റെ സൗന്ദര്യഗുണങ്ങളെ ഔദാര്യമെന്ന നിലയിൽ അനുഭവിക്കുന്ന ഒരാളുടെ വിശ്വാസം സുദൃഢമാകുന്നതാണ്. ഇരുമ്പ് കാന്തത്താൽ ആകർഷിക്കപ്പെടുന്ന പോലെ അയാൾ ദൈവത്തിലേക്കു വലിച്ചടുക്കപ്പെടുന്നു. ദൈവാനുരാഗത്തിൽ പുരോഗമിക്കുന്നു. ദൈവവിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്നു. തന്റെ എല്ലാ അഭ്യുദയങ്ങളും ദൈവവുമായി ബന്ധപ്പെട്ടതാണെന്നു പരീക്ഷിച്ചറിഞ്ഞതിനാൽ അവന്റെ ദൈവത്തിലുള്ള പ്രത്യാശകൾ ദൃഢപ്പെടുന്നു. ക്ലിഷ്ടതകളോ കൃത്രിമതകളോ ഇല്ലാതെ തികച്ചും സ്വാഭാവികതയോടെ ദൈവത്തിലേക്ക് എല്ലായ്പോഴും കുനിയുന്നു. എന്നും ദൈവസഹായത്തിന്റെ

ആവശ്യക്കാരനാണു താനെന്ന് മനസ്സിലാക്കുന്നു. ഈ ഗുണമാഹാത്മ്യങ്ങളെ ധ്യാനിച്ചു കൊണ്ടു താൻ വിജയം പ്രാപിക്കുക തന്നെ ചെയ്യുമെന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹവായ്പ്പുകളുടെയും ദയാദാക്ഷിണ്യങ്ങളുടെയും അനേകം മാതൃകകൾ നേരിട്ടു കണ്ടതിനാൽ അവന്റെ പ്രാർഥനകൾ ശക്തിവിശ്വാസങ്ങളുടെ ഉറവിടത്തിൽ നിന്നുമാണു പുറപ്പെടുന്നത്. അവന്റെ മനോധൈര്യം കെട്ടുറപ്പുള്ളതും പ്രബലവുമാണ്. ദൈവത്തിന്റെ അനുഗ്രഹാതിരേകങ്ങൾ ദർശിച്ചതിനാൽ വിശ്വാസത്തിന്റെ ജ്യോതി അവന്റെ ഉള്ളിലേക്കു ശക്തിപുരസ്സരം പ്രവേശിക്കുന്നു. അവന്റെ സ്വത്വം കത്തി ചാമ്പലാകുന്നു. ദൈവമാഹാത്മ്യങ്ങളെ കുറിച്ച് നിരന്തരം ആലോചിക്കുന്ന കാരണത്താൽ അവന്റെ ഹൃദയം ദൈവഭവനമായി മാറുന്നു. ജീവനുള്ള അവസ്ഥയിൽ ആത്മാവ് ശരീരം വെടിയാത്ത പോലെ സർവശക്തനും മഹത്ത്വമുടയവനുമായ ദൈവത്തിൽ നിന്നും അവന്റെ ഉള്ളിലേക്കു പ്രവേശിച്ച ദൃഢവിശ്വാസം അവനിൽ നിന്നും ഒരിക്കലും വിട്ടൊഴിയുന്നില്ല. അവന്റെ ഉള്ളിൽ സദാസമയവും വിശുദ്ധാത്മാവ് സക്രിയമാകുന്നു. അവൻ സംസാരിക്കുന്നതും അവനിൽ നിന്നും യുക്തിജ്ഞാനങ്ങൾ പുറപ്പെടുന്നതും ആ വിശുദ്ധാത്മാവിന്റെ ശിക്ഷണത്താലാണ്. ശക്തിപ്രതാപങ്ങൾക്കുടമയായ ദൈവത്തിന്റെ മാഹാത്മ്യങ്ങൾ അവന്റെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടുന്നു. വിശ്വാസത്തിന്റെയും നേരിന്റെയും സ്നേഹത്തിന്റെയും രസാനുഭൂതി നിരന്തരം ജലസമാനം അവന്റെയുള്ളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ ജലസേചനം കാരണമായി സർവാംഗങ്ങളും ഉന്മേഷഭരിതമായി കാണപ്പെടുന്നു. കണ്ണുകളിൽ ഒരു പ്രത്യേക കുളിർമ തെളിയുന്നു. തല്ഫലമായി നെറ്റിത്തടത്തിൽ ഒരു വേറിട്ട വെളിച്ചം കളിയാടുന്നു. മുഖത്ത് ദൈവാനുരാഗത്തിന്റെ മഴപെയ്യുന്നതായി അനുഭവപ്പെടുന്നു. നാവും ആ പ്രകാശധാരയിൽ നിന്നും പൂർണമായി ഫലമെടുക്കുന്നു. വസന്തത്തിന്റെ പുതുമഴ പെയ്തു കഴിഞ്ഞാൽ മരച്ചില്ലകളിലും പുഷ്പലതാദികളിലും കായ്കനികളിലും ഒരു നവോന്മേഷം സംജാതമാകുന്നതായി അനുഭവപ്പെടുന്നതുപോലെ അം

ഗോപാംഗങ്ങളിൽ നവചൈതന്യം ദൃശ്യമാകുന്നു. എന്നാൽ ഈ ആത്മാവു നല്കപ്പെടാത്ത വ്യക്തിയുടെ ശരീരം ഒരു മൃതദേഹത്തിനു സമാനമായി മാറുന്നു. തൂലികയ്ക്കു വർണി ക്കാനാകാത്ത ഈ കുളിർമയും ഉന്മേഷവും ചൈതന്യവും ദൃഢവിശ്വാസത്തിന്റെ ഉറവയിൽ നിന്നു ജലസേചനം ചെയ്യപ്പെടാത്ത മൃതഹൃദയത്തിന് ഒരിക്കലും ലഭിക്കുന്നതല്ല. എന്നാൽ ആർക്കാണോ ഈ പ്രകാശം കരഗതമായത്, ആരുടെ ഉള്ളിൽ നിന്നാണോ ഈ അരുവി പൊട്ടിപ്പുറപ്പെട്ടത് അത്തരം വ്യക്തി ഏതു കാര്യത്തിലും വാക്കിലും പ്രവൃത്തിയിലും അല്ലാഹുവിൽ നിന്ന് ശക്തി സംഭരിക്കണം എന്നായിരിക്കും എപ്പോഴും ആഗ്രഹിക്കുക. അവന്റെ ആനന്ദാനുഭൂതികളും മനോനിർവൃതിയും അതിലായിരിക്കും. അതില്ലാതെ അവനു ജീവിക്കാൻ തന്നെയാകില്ല. അങ്ങനെ ശക്തി സ്വരൂപിക്കുന്നതിന് അല്ലാഹു ഖുർആനിൽ നല്കിയിരിക്കുന്ന പദം ഇസ്തിഗ്ഫാർ അഥവാ പാപപ്പൊറുതി എന്ന പേരിലാണു അറിയപ്പെടുന്നത്.

ഇസ്തിഗ്ഫാർ എന്നതു കൊണ്ടുള്ള യഥാർഥവും മൗലികവുമായ താല്പര്യം മനുഷ്യസഹജമായ ദൗർബല്യങ്ങൾ സംഭവിക്കാതിരിക്കാനും, അടിസ്ഥാനപ്രകൃതത്തിനു ദൈവശക്തിയുടെ താങ്ങുണ്ടാകാനും, ദൈവസഹായസഹകരണത്തിന്റെ വലയത്തിൽ പ്രവേശിക്കാനുമെല്ലാമായുള്ള ദൈവത്തോടുള്ള മനുഷ്യന്റെ അർഥനയാണ്. ഈ പദം **ഗഫ്റുൻ** എന്ന അറബി പദത്തിൽ നിന്നും നിഷ്പന്നമായതാണ്. മൂടിവെക്കുക എന്നാണതിനർഥം. ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തിയുടെ സ്വാഭാവിക ബലഹീനതകളെ ദൈവം തന്റെ ശക്തിയാൽ മറയ്ക്കുക എന്നാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. എന്നാൽ പിന്നീടു സാധാരണ ജനങ്ങൾക്കു വേണ്ടി ഈ പദത്തിന് അർഥവ്യാപ്തി നല്കപ്പെട്ടു. അപ്രകാരം മനുഷ്യനു സംഭവിച്ച പിഴകളെ ദൈവം മറച്ചുവെക്കുക എന്നും അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടു. എന്നാൽ മൗലികവും നിയതവുമായ അർഥം ദൈവം തന്റെ ശക്തിയാൽ പാപപ്പൊറുതി തേടുന്നവനെ അവന്റെ വാസനാചാപല്യങ്ങളിൽ നിന്നും രക്ഷിക്കുകയെന്നതും തന്റെ ശക്തിയിൽ നിന്നും ശക്തി പ

കരുകയെന്നും തന്റെ അറിവിൽ നിന്നും അറിവ് പ്രദാനം ചെയ്യുകയെന്നും തന്റെ പ്രകാശത്തിൽ നിന്നും പ്രകാശം കൈമാറുകയെന്നതുമാണ്. എന്തെന്നാൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച ശേഷം അവനിൽ നിന്നും അകലുകയല്ല ചെയ്തത്. ദൈവം മനുഷ്യന്റെ സൃഷ്ടികർത്താവും അവന്റെ ആന്തരികവും ബാഹ്യവുമായ സർവശക്തികളെയും ഉല്പാദിക്കുന്നവനുമാണെന്നതുപോലെ തന്നെ അവന്റെ സ്ഥിതികർത്താവ് കൂടിയാണ്. അതായത് തന്റെ തുണയേകികൊണ്ട് സൃഷ്ടികളെ നിലനിർത്തുന്നവനുമാണ്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികർത്തൃത്വത്തിൽ നിന്ന് ജന്മം കൊണ്ടതുപോലെ അവൻ തന്റെ ജന്മാകൃതിയെ ദൈവത്തിന്റെ സ്ഥിതികർത്തൃത്വം മുഖേന വികൃതമാകുന്നതിൽ നിന്നും സംരക്ഷിച്ചു നിറുത്തേണ്ടത് അവന്റെ കടമയാണ്. തന്റെ സൃഷ്ടികർത്തൃത്വത്തിന്റെ ഔദാര്യത്താൽ ദൈവം മനുഷ്യനെ ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിച്ചു. ദൈവത്തിന്റെ ഇരുകരങ്ങളാലും നിർമിതമായ ഈ പരിപാവനമായ മനുഷ്യരൂപകല്പന വികലവും മലീമസവും ആകരുതെന്നാണ് അവന്റെ സ്ഥിതികർത്തൃത്വം ആവശ്യപ്പെടുന്നത്. അതുകൊണ്ട് ഇസ്തിഗ്ഫാർ മുഖേന അവന്റെ സ്ഥിതികർത്തൃത്വം എന്ന ഗുണത്തിൽ നിന്നും ശക്തി കരസ്ഥമാക്കുക എന്നാണു മനുഷ്യനു നല്കിയിരിക്കുന്ന പാഠം. അതുകൊണ്ട് ലോകത്ത് പാപം തന്നെ ഇല്ലായിരുന്നെങ്കിൽ കൂടി ഇസ്തിഗ്ഫാർ ഉണ്ടാകുമായിരുന്നു. എന്തെന്നാൽ ഇസ്തിഗ്ഫാർ വച്ചിരിക്കുന്നതു ദൈവത്തിന്റെ സൃഷ്ടികർത്തൃത്വം നിർമിച്ച മനുഷ്യകെട്ടിടം തകർക്കപ്പെടാതിരിക്കാനും നിലനില്ക്കാനുമാണ്. ദൈവപിന്തുണ കൂടാതെ ഒരു വസ്തുവിനും നിലനില്പ്പ് സാധ്യവുമല്ല. അതുകൊണ്ടു തന്നെ മനുഷ്യന്റെ സഹജാനിവാര്യത മാനിച്ചു കൊണ്ടാണ് ഇസ്തിഗ്ഫാർ നിർദേശിക്കപ്പെട്ടിരിക്കുന്നത്. ഖുർആനിൽ അതിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്,

اَللّٰهُ لَآ اِلٰهَ اِلَّا هُوَ اَلْحَيُّ الْقَيُّوْمُ (വി.ഖുർആൻ 2:256)

അതായത് ആരാധനക്കർഹൻ അല്ലാഹു മാത്രമാണ്. എന്തെന്നാൽ ജീവിപ്പിക്കുന്നത് അവനാണ്. അതുപോലെ അവന്റെ

സഹായത്തോടുകൂടി മാത്രമേ മനുഷ്യനു ജീവിക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യന്റെ ഉദ്ഭവം ഒരു സൃഷ്ടികർത്താവിനെയും സ്ഥിതികർത്താവിനെയും ആവശ്യപ്പെടുന്നുണ്ട്. സൃഷ്ടികർത്താവ് അവനെ സൃഷ്ടിക്കുന്നതിനും സ്ഥിതികർത്താവ് അവനെ വിഫലമാകുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയും. അതുകൊണ്ട് ദൈവം സൃഷ്ടികർത്താവും സ്ഥിതികർത്താവുമാണ്. മനുഷ്യൻ ജനിച്ചപ്പോൾ തന്നെ സ്ഥിതികർത്തൃത്വത്തിന്റെ പ്രവൃത്തി പൂർണത കൈവരിച്ചു. എന്നാൽ സ്ഥിതികർത്തൃത്വത്തിന്റെ പ്രവൃത്തി എപ്പോഴേക്കും വേണ്ടിയുള്ളതാണ്. അതുകൊണ്ട് ശാശ്വതമായ ഇസ്തിഗ്ഫാറിന്റെ ആവശ്യം നേരിട്ടു. ദൈവത്തിന്റെ  എല്ലാ ഗുണവിശേഷങ്ങൾക്കും ഒരു ഫലശ്രുതിയുണ്ട്. സൂറ ഫാത്തിഹയിൽ വന്നിരിക്കുന്ന

اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ (വി.ഖുർആൻ 1:5)

അതായത്  നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും ഞങ്ങളുടെ ദൗർബല്യങ്ങൾ വെളിപ്പെടാതിരിക്കാനും ഞങ്ങൾ ആരാധനക്ക് അശക്തരാകാതിരിക്കാനും നിന്റെ സ്ഥിതികർത്തൃത്വത്തിനാലും പരിപാലനകർത്തൃത്വത്തിനാലും നീ ഞങ്ങളെ സഹായിക്കാനും ഞങ്ങളെ വഴികേടിൽ നിന്നും രക്ഷിക്കാനും നിന്നോടു മാത്രം ഞങ്ങൾ അഭ്യർഥിക്കുകയും ചെയ്യുന്നു, എന്ന ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സ്ഥിതികർത്തൃത്വത്തിന്റെ ഫലശ്രുതി നേടുന്നതിനുവേണ്ടി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കാനാണ്. ഈ മുഴുവൻ വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നത് ഇസ്തിഗ്ഫാർ യാചിക്കുന്നത് യഥാർഥത്തിൽ ഏതെങ്കിലും കടമ നിർവഹിക്കുന്നതിൽ വീഴ്ച സംഭവിച്ചതു കൊണ്ടല്ല. മറിച്ച് അക്കാര്യത്തിൽ വീഴ്ച വരാതിരിക്കാനുള്ള ആഗ്രഹമുള്ളതുകൊണ്ടാണെന്നാണ്. അതുപോലെ മനുഷ്യപ്രകൃതം അതിന്റെ ദൗർബല്യം മനസ്സിലാക്കികൊണ്ട് കുഞ്ഞ് അമ്മയോടു പാലിനായി കേഴുന്ന പോലെ സ്വമേധയാ ദൈവത്തിൽ നിന്ന് ശക്തി തേടുകയാണു ചെയ്യുന്നത്. ആയതിനാൽ ദൈവം ആദ്യമേ മനുഷ്യന് നാവും കണ്ണും ഹൃദയവുമൊക്കെ നല്കിയിരിക്കുന്നതു പോലെ ഇസ് തിഗ്ഫാർ ചെയ്യാനുള്ള അഭിവാഞ്ഛയും നല്കി

യിട്ടുണ്ട്. മനുഷ്യാസ്തിത്വത്തിനു ദൈവസഹായം തേടുക അത്യന്താപേക്ഷിതമാണ് എന്ന അവബോധവും അവനിൽ ഉളവാക്കിയിട്ടുണ്ട്. അതിലേക്കാണ് ഈ ഖുർആനികവചനം വെളിച്ചം വീശുന്നത്,

وَاسْتَغْفِرْ لِذَنْبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ [7] (വി.ഖുർആൻ 47:20)

മനുഷ്യസഹജമായ ദൗർബല്യങ്ങളിൽ നിന്നു നിന്റെ പ്രകൃതത്തെ രക്ഷിക്കാനും ദൗർബല്യം വെളിപ്പെടാതിരിക്കാനായി ദൈവം ശക്തിപ്രദാനം ചെയ്യാനും അവനോടു അഭ്യർഥിക്കുക. അതുപോലെതന്നെ നിന്നിൽ വിശ്വാസം കൈക്കൊണ്ട സ്ത്രീ പുരുഷന്മാർക്കുവേണ്ടിയും അവരുടെ പ്രകൃതത്തിലുള്ള ദൗർബല്യങ്ങൾ കാരണമായി സംഭവിച്ച പിഴവുകളുടെ ശിക്ഷയിൽ നിന്നും അവരെ രക്ഷിക്കാനും അവരുടെ ഭാവിജീവിതം പാപങ്ങളിൽ നിന്നും സുരക്ഷിതമാകാനുമായി ശിപാർശ എന്ന നിലയിൽ നീ പ്രാർഥിച്ചുകൊണ്ടിരിക്കുക. ഈ വചനം പരിശുദ്ധിയുടെയും ശിപാർശയുടെയും മഹനീയമായ തത്ത്വങ്ങൾ ഉൾക്കൊള്ളുന്നതാണ്. മനുഷ്യൻ തന്റെ ബലഹീനതകളെ തടയുവാനും പാപത്തിന്റെ വിഷത്തിൽ നിന്നും മറ്റുള്ളവർ കൂടി മുക്തരാകാനും അനുനിമിഷം പ്രാർഥന നടത്തികൊണ്ടിരിക്കുകയും വിലാപം മുഖേന ദൈവശക്തിയെ തന്നിലേക്ക് ആകർഷിക്കുകയും വിശ്വാസപരമായി താനുമായി ബന്ധം വച്ചു പുലർത്തുന്നവർക്കും ആ ശക്തിയിൽ നിന്നു ഭാഗം ലഭിക്കാനാഗ്രഹിക്കുകയും ചെയ്യുമ്പോഴാണ് അവൻ ഉന്നതനിലവാരത്തിലുള്ള പരിശുദ്ധിയുടെയും ശിപാർശയുടെയും സ്ഥാനത്തെത്തുകയെന്ന് ഇതിൽ നിന്നു മനസ്സിലാകുന്നു. പരിശുദ്ധനായ വ്യക്തിക്കു ദൈവത്തിൽ നിന്നു ശക്തി തേടേണ്ടിവരുന്നതു മനുഷ്യപ്രകൃതിക്കു സ്വതസിദ്ധമായി ഒരു ശ്രേഷ്ഠതയുമില്ലാത്തതിനാലും എപ്പോഴും ദൈവത്തിൽ നിന്നുമാണ് അതു ശ്രേഷ്ഠത കൈവരിക്കുന്നതെന്നതിനാലുമാണ്. സ്വന്തമായി അതിനു ഒരു ശക്തിയുമില്ല. ദൈവത്തിൽ

---

[7] നിന്റെ ദൗർബല്യത്തിന് നീ പൊറുക്കലിനെ തേടുക. വിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടിയും.(വിവ:)

നിന്നുമാണ് അത് സദാ ശക്തി പ്രാപിക്കുന്നത്. അതുപോലെ സ്വന്തം നിലയിൽ പരിപൂർണമായ പ്രകാശവും അതിനു കൈവശമില്ല. ദൈവത്തിൽ നിന്നും അവനിലേക്കു പ്രകാശം ഇറങ്ങുകയാണു ചെയ്യുന്നത്. ശ്രേഷ്ഠപ്രകൃതത്തിന് ഒരാകർഷണം മാത്രമാണു ലഭിക്കുന്നത്. ഇതിന്റെ പിറകിലുള്ള യഥാർഥ രഹസ്യവുമിതാണ്. ശ്രേഷ്ഠപ്രകൃതത്തിനു പരാശക്തിയെ തന്നിലേക്കു വലിച്ചടുപ്പിക്കാനായി ഒരാകർഷണം മാത്രമാണു ലഭിക്കുന്നത്. ശക്തിയുടെ ഖജനാവ് ദൈവാസ്തിത്വം മാത്രമാണ്. അതേ ഖജനാവിൽ നിന്നാണു മലക്കുകളും തങ്ങൾക്കു വേണ്ടിയുള്ള ശക്തി സ്വാംശീകരിക്കുന്നത്. അതുപോലെതന്നെ ശ്രേഷ്ഠനായ മനുഷ്യനും ഈ ശക്തിസംഭരണിയിൽ നിന്നാണു ഭക്തദാസത്വത്തിന്റെ കുഴൽ വഴി പരിശുദ്ധിക്കും അനുഗ്രഹത്തിനും വേണ്ടിയുള്ള ശക്തി ആദാനം ചെയ്യുന്നത്. ആയതിനാൽ ഇസ്തിഗ്ഫാർ മുഖേന ദൈവികശക്തിയെ തന്നിലേക്കടുപ്പിക്കുകയും ഈ ആകർഷണത്തിനുവേണ്ടി എപ്പോഴും ദീനരോദനത്തിന്റെയും ഭയവിഹ്വലതയുടെയും പരമ്പര തുടരുകയും ചെയ്യുന്ന വ്യക്തിയാണു പരിശുദ്ധിയിൽ ശ്രേഷ്ഠതയാർജിച്ചവൻ. അങ്ങനെ അവനിൽ പ്രകാശം ഇറങ്ങിക്കൊണ്ടിരിക്കുന്നതാണ്. കിഴക്കും പടിഞ്ഞാറും മറ്റെല്ലാ ദിക്കുകളിലെയും വാതിലുകളും സൂര്യന് അഭിമുഖമായി വന്നുകൊണ്ടിരിക്കുന്ന വീടിനോട് അത്തരം ഹൃദയത്തെ ഉപമിക്കാവുന്നതാണ്. സൂര്യപ്രകാശം അനവരതം അതിലേക്കു പതിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്ന് ശക്തി തേടാത്തവൻ നാലു ഭാഗത്തുള്ള വാതിലുകളും അടഞ്ഞുകിടക്കുകയും തൽഫലമായി പ്രകാശത്തിന്റെ ഒരു കിരണം പോലും കടക്കാതിരിക്കുകയും ചെയ്യുന്ന കുടിലിനു തുല്യമാണ്. ഇസ്തിഗ്ഫാർ എന്നാലെന്താണ്? അതൊരു ശക്തി ലഭ്യമാക്കുന്ന ഉപകരണത്തിനു സദൃശമാണ്. മനുഷ്യന്റെ ഒരു സുസ്ഥിരമായ സ്വത്തായി പരിശുദ്ധിയെ കണക്കാക്കരുത്. മറിച്ച് അതു ലഭ്യമാക്കുന്ന ഏക മാത്രമായ ഉറവിടം ദൈവമാണെന്ന ബോധമുണ്ടാകണം. ദൈവാസ്തിത്വത്തെ പ്രതീകാത്മകമായി ശുദ്ധരക്തം സംഭരിക്കപ്പെട്ട ഹൃദ

യവുമായി സാമ്യപ്പെടുത്താവുന്നതാണ്. ശ്രേഷ്ഠമനുഷ്യന്റെ ഇസ്തിഗ്ഫാർ, ഹൃദയവുമായി കെട്ടുപിണഞ്ഞുകിടക്കുകയും അതിൽ നിന്ന് ശുദ്ധരക്തം ആഗിരണം ചെയ്യുകയും ആവശ്യമുള്ള എല്ലാ അവയവങ്ങളിലേക്കും രക്തചംക്രമണം സാധ്യമാക്കുകയും ചെയ്യുന്ന ധമനികൾക്കും സിരകൾക്കും സമമാണ്.

## ദൗർബല്യം, പാപം എന്നിവ തമ്മിലുള്ള വ്യത്യാസം

وَاسْتَغْفِرْ لِذَنْبِكَ [8] (വി.ഖുർആൻ 4:29, 47:20)

എന്ന ആയത്തിൽ **ദമ്പ്** എന്ന പദമുണ്ട്. അതു പാപത്തെ കുറിക്കുന്നുവെന്നു പറയുന്നതു തെറ്റാണ്. എന്തെന്നാൽ **ദമ്പ്, ജുർമ്** എന്നിവ തമ്മിൽ വ്യത്യാസമുണ്ട്. എപ്പോഴും ജുർമ് എന്ന പദം ഉപയോഗിക്കുന്നതു ശിക്ഷാർഹമായ പാപത്തിനാണ്. അതേ സമയം ദമ്പ് എന്ന പദം മാനുഷികമായ ദൗർബല്യങ്ങൾക്കും പ്രയോഗിക്കാറുണ്ട്. അതുകൊണ്ടാണ് മാനുഷിക ബലഹീനതകൾ മുൻനിറുത്തി നബിമാരെ കുറിച്ച് ദമ്പ് എന്ന പദം പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ജുർമ് എന്ന പദം അവർക്കുവേണ്ടി വന്നിട്ടില്ല. ആയതിനാൽ ദൈവികഗ്രന്ഥത്തിൽ ഒരു നബിയും **മുജ്രിം** അഥവാ ജുർമ് ചെയ്ത വ്യക്തി എന്ന് വിളിക്കപ്പെട്ടില്ല. അത്രമാത്രമല്ല ദൈവത്തിന്റെ ഗ്രന്ഥമായ പരിശുദ്ധ ഖുർആനിൽ മുജ്രിമിന് നരക ഭീഷണിയുമുണ്ട്. അതായത് അവർ നരകത്തിൽ അകപ്പെടുമെന്നത് ദൈവത്തിന്റെ താക്കീതാണ്. എന്നാൽ **മുദ്നിബ്** അഥവാ ദമ്പ് ചെയ്ത വ്യക്തിക്ക് ഒരു മുന്നറിയിപ്പും നല്കപ്പെട്ടിട്ടില്ല. അല്ലാഹു പറയുന്നു,

مَن يَأْتِ رَبَّهُ مُجْرِمًا فَإِنَّ لَهُ جَهَنَّمَ لَا يَمُوتُ فِيهَا وَلَا يَحْيَىٰ (വി.ഖുർആൻ 20:75)

ദൈവസമക്ഷം കുറ്റവാളിയായി വരുന്നവനു നരകം തന്നെയായിരിക്കും ശിക്ഷയുണ്ടാവുക. അവൻ അതിൽ മരിക്കുകയോ ജീവിക്കുകയോ ചെയ്യുന്നതല്ല. അതുകൊണ്ട് ഇവിടെ അല്ലാഹു മുദ്നിബ് എന്നല്ല മുജ്രിം എന്നാണു പറഞ്ഞത്. എന്തെന്നാൽ ചില ഘട്ടങ്ങളിൽ പരിശുദ്ധനെ കൂടി മുദ്നിബ് എന്ന് പറയാ

[8]നിന്റെ ദൗർബല്യത്തിന് നീ പൊറുക്കലിനെ തേടുക. (വിവ:)

വുന്നതാണ്. അതേസമയം മുജ്രിം എന്ന് പറയാനാകില്ല. ഇ ക്കാര്യത്തിൽ മറ്റൊരു സാക്ഷ്യം സൂറ: ആലുഇംറാനിൽ ഇപ്ര കാരം വന്നിരിക്കുന്നു.

وَ اِذْ اَخَذَ اللّٰهُ مِيْثَاقَ النَّبِيّٖنَ لَمَآ اٰتَيْتُكُمْ مِّنْ كِتٰبٍ وَّ حِكْمَةٍ
ثُمَّ جَآءَكُمْ رَسُوْلٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهٖ وَ لَتَنْصُرُنَّهٗ [9]
قَالَ ءَاَقْرَرْتُمْ وَ اَخَذْتُمْ عَلٰى ذٰلِكُمْ اِصْرِىْ قَالُوْٓا اَقْرَرْنَا [14]

(വി.ഖുർആൻ 3:82)

ഈ ആയത്തിനാൽ വ്യക്തമായ ആധികാരിക പ്രമാണ ങ്ങൾ മൂലം സ്ഥാപിതമാകുന്നത് ഈസാ മസീഹ് ഉൾപ്പെടെ എല്ലാ പ്രവാചകന്മാരും തിരുനബി(സ)യിൽ വിശ്വാസം കൈ ക്കൊള്ളാൻ നിയുക്തരായിരുന്നുവെന്നാണ്. തങ്ങൾ വിശ്വാ സം കൈക്കൊണ്ടുവെന്ന് അവർ ഏറ്റു പറഞ്ഞതാണ്. അതു പോലെ

وَاسْتَغْفِرْ لِذَنْۢبِكَ وَلِلْمُؤْمِنِيْنَ وَالْمُؤْمِنٰتِ [10] (വി.ഖുർആൻ 47:20)

എന്ന ആയത്ത് പ്രസ്തുത ആയത്തിനോടു ചേർത്തു വായി ക്കുകയും ദമ്പ് കൊണ്ട് നഊദുബില്ലാഹ് ജുർമ് എന്നർഥമാകു കയും ചെയ്താൽ ഈസാ മസീഹും ഈ ആയത്തിന്റെ വെളി ച്ചത്തിൽ മുജ്രിമാകും. എന്തെന്നാൽ ഈ അടിസ്ഥാനത്തിൽ തിരുനബി(സ)യിൽ വിശ്വസിച്ച മുഅ്മിനീങ്ങളിൽ അദ്ദേഹവും ഉൾപ്പെടുന്നുണ്ട്. അപ്രകാരം അദ്ദേഹവും മുദ്നിബാണെന്നു വരുന്നു. ഈ ഭാഗം ക്രിസ്ത്യാനികൾ അവധാനപൂർവം നോ

---

[9]അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയപ്പോൾ; ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും യുക്തിജ്ഞാനവും നല്കിയതിൽ പിന്നെ നിങ്ങളുടെ പക്ക ലുള്ളതിനെ സാക്ഷ്യപ്പെടുത്തുന്ന ഒരു ദൈവദൂതൻ നിങ്ങളുടെ അടുക്കൽ വന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. പറഞ്ഞു: നിങ്ങൾ സമ്മതിക്കുകയും ഇക്കാര്യത്തിൽ എന്നോട് കരാർ ഏറ്റെടുക്കുകയും ചെ യ്യുന്നുവോ?

[10] നിന്റെ ദൗർബല്യത്തിന് നീ പൊറുക്കലിനെ തേടുക. വിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടിയും. (വിവ:)

ക്കേണ്ടതുണ്ട്. അതുകൊണ്ട് ഇവിടെ ദമ്പ് എന്നതിന്റെ അർഥം പാപമെന്നല്ലെന്നു സ്പഷ്ടമായി തെളിഞ്ഞിട്ടുണ്ട്. മനുഷ്യസഹജമായ ദൗർബല്യങ്ങളുടെ പേരാണ് ദമ്പ്. അത് ആക്ഷേപത്തിനു വഴി വെക്കുന്നുമില്ല. മനുഷ്യപ്രകൃതത്തിൽ അനിവാര്യമായും ഈ ദൗർബല്യം ഉണ്ടാകേണ്ടതുണ്ട്. ഈ ദൗർബല്യത്തിന് ദമ്പെന്ന പേരു വച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം മനുഷ്യപ്രകൃതിയിൽ സ്വതസിദ്ധമായ നിലയിൽ കുറവും ന്യൂനതയുമുള്ളതിനാലും അവൻ എല്ലാ സമയവും ദൈവത്തിന്റെ ആശ്രിതനായിരിക്കാനും ഈ ദൗർബല്യത്തെ മറച്ചുവെക്കാനായി സദാ ദൈവത്തിൽ നിന്നും ശക്തി തേടുവാനും വേണ്ടിയുമാണ്. ദൈവശക്തിയുടെ അസാന്നിധ്യത്തിൽ മാനു ഷിക ദൗർബല്യങ്ങൾ ദമ്പായി പരിണമിക്കുമെന്നതുമാണ്. അതുകൊണ്ട് തന്നെ ദമ്പിന് വഴിവെക്കുന്ന സംഗതിയെ പ്രതീകാത്മകമായി ദമ്പെന്ന പേരു വച്ചിരിക്കുന്നു. രോഗകാരണങ്ങൾക്കു കൂടി ചിലപ്പോൾ രോഗമെന്ന് പേര് നല്കാറുണ്ടെന്നത് സുവിദിതമാണ്. പ്രകൃത്യാലുള്ള ദൗർബല്യങ്ങളും ഒരു രോഗമാണ്. അതിന്റെ ചികിത്സ ഇസ്തിഗ്ഫാറാണ്. ദൈവഗ്രന്ഥത്തിൽ ദമ്പെന്ന് വന്ന സ്ഥലത്ത് മാനുഷിക ദൗർബല്യങ്ങളെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. മനുഷ്യപ്രകൃതത്തിൽ ബലഹീനതയുണ്ടെന്ന് അത് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്

خُلِقَ الْاِنْسَانُ ضَعِيْفًا (വി.ഖുർആൻ 4:29)

അതായത് മനുഷ്യൻ ദുർബലനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ദൈവശക്തിയുടെ സാന്നിധ്യം ഇല്ലായിരുന്നെങ്കിൽ വിവിധ തരത്തിലുള്ള പാപങ്ങൾക്ക് ഈ ദൗർബല്യം നിമിത്തമാകുമായിരുന്നു. ഓരോ നിമിഷവും ഓരോ ശ്വാസത്തിലും ഓരോ അവസ്ഥയിലും ദൈവത്തിൽ നിന്നും സഹായമർഥിക്കുകയും മനുഷ്യപ്രകൃതത്തിൽ സന്നിഹിതമായതും ദമ്പിൽ ഉൾപ്പെടുന്നതുമായ മാനുഷികദൗർബല്യങ്ങൾ പ്രകടമാകാതിരിക്കാൻ അവനോട് യാചിക്കുകയും ചെയ്യുകയെന്നതാണ് ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം. അതുകൊണ്ട് നിരന്തരമുള്ള ഇസ്തിഗ്ഫാർ ദമ്പിനെ കീഴ്പ്പെടുത്തിയെന്നും അതിനു പുറത്തുവരാനായില്ലെന്നും ദൈവപ്രകാ

ശം ഇറങ്ങി അതിനെ അമർച്ച ചെയ്തുവെന്നതിനുമുള്ള തെളിവാണ്. ഇവിടെ മറ്റൊരു കാര്യം കൂടി ഓർക്കേണ്ടതുണ്ട്, ഗഫ്റുൻ എന്ന പദത്തിൽ നിന്നാണ് ഇസ്തിഗ്ഫാർ വന്നിട്ടുള്ളത്. അതിന്റെ മൂല പദാർഥം അമർത്തുക, മൂടുക എന്നാണ്. അതായത് മാനുഷികമായ ദൗർബല്യങ്ങൾ പ്രകടമായി ഒരു തരത്തിലുള്ള നഷ്ടങ്ങളും സംഭവിക്കാതിരിക്കാനും അത് ഗോപ്യമായിത്തന്നെ നില്ക്കാനും വേണ്ടി അപേക്ഷിക്കുക. മനുഷ്യൻ ദൈവമോ ദൈവത്തിൽ നിന്നും നിരാശ്രയനോ അല്ലാത്തതുകൊണ്ട് ഓരോ ചുവടിലും വീഴ്ചയിൽ നിന്നും വഴികേടിൽ നിന്നും രക്ഷപ്പെടാനായി അമ്മയെ ആശ്രയിക്കുന്ന കുട്ടിയെപ്പോലെയാണ്. മനുഷ്യൻ എല്ലാ ചുവടുവയ്പിലും അവനെ മാർഗഭ്രംശത്തിൽ നിന്നും അടിപതറുന്നതിൽ നിന്നും സംരക്ഷിക്കപ്പെടാനായി ദൈവത്തെ അവലംബിക്കുന്നു. അതിനുള്ള ചികിത്സാവിധിയായാണ് ഇസ്തിഗ്ഫാറുള്ളത്.

ഈ വാക്ക് വ്യാപകാർഥത്തിൽ ചിലപ്പോൾ ഏതെങ്കിലും വിധത്തിലുള്ള പാപത്തിൽ അകപ്പെട്ടവർക്കുവേണ്ടിയും പ്രയോഗിക്കപ്പെടാറുണ്ട്. അവിടെ ഇസ്തിഗ്ഫാർ കൊണ്ടുള്ള വിവക്ഷ പിണഞ്ഞുപോയ പാപത്തിന്റെ ശിക്ഷയിൽ നിന്നും ദൈവം രക്ഷിക്കുക എന്നതാണ്. എന്നാൽ ഈ രണ്ടാമത്തെ അർഥം ദൈവസാമീപ്യം സിദ്ധിച്ച വ്യക്തികളെ സംബന്ധിച്ച് അനുയോജ്യമാവുകയില്ല. എന്തെന്നാൽ അവർക്കു യാതൊരു വിധത്തിലുള്ള ശിക്ഷയും ലഭിക്കുകയില്ലെന്നും അവർ ഉന്നതമായ സ്വർഗീയസ്ഥാനങ്ങൾക്ക് അവകാശികളാകുമെന്നും ദൈവകാരുണ്യത്തിന്റെ മടിയിലേറപ്പെടുമെന്നും അവർക്കു ദൈവം മുമ്പ് തന്നെ വെളിപ്പെടുത്തി കൊടുത്തിട്ടുണ്ട്. ഒരിക്കലല്ല നൂറുകണക്കിനു പ്രാവശ്യം ഇത്തരം വാഗ്ദാനങ്ങൾ അവർക്കു നല്കപ്പെടുന്നു. അവർക്കു സ്വർഗം കാണിക്കപ്പെടുന്നു. എന്നിരിക്കെ അവർ ഞങ്ങളുടെ പാപങ്ങൾ നിമിത്തമായി ഞങ്ങളെ നീ നരകത്തിലാക്കരുതേ എന്ന പ്രാർഥനയെന്നോണം ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ അവർ ദൈവവാഗ്ദാനങ്ങളിൽ അവിശ്വസിക്കുകയും ദൈവകാരു

ണ്യത്തെ തങ്ങളിൽ നിന്നും വിദൂരമായി കണക്കാക്കുകയും ചെയ്യുന്നതിനാൽ അങ്ങനെയുള്ള ഇസ്തിഗ്ഫാർ തന്നെ അവരെ സംബന്ധിച്ചിടത്തോളം ഒരു പാപമായിത്തീരും. അപ്രകാരം തന്നെ ആരെക്കുറിച്ചാണോ ദൈവം

وَمَآ أَرْسَلْنَٰكَ إِلَّا رَحْمَةً لِّلْعَٰلَمِينَ (വി.ഖുർആൻ 21:108)

അതായത് മുഴുലോകത്തിനുവേണ്ടിയും നിന്നെ നാം കാരുണ്യമായാണ് അയച്ചിരിക്കുന്നതെന്ന് പറയുകയും നീ കാരുണ്യത്തിന്റെ ആൾരൂപമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തത് അദ്ദേഹം തന്നോടൊപ്പം ദൈവകാരുണ്യമുണ്ടോ എന്നു സംശയിക്കുകയാണെങ്കിൽ പിന്നെ അദ്ദേഹം മറ്റുള്ളവർക്കു കാരുണ്യത്തിനു കാരണമാകുന്നതെങ്ങനെയാണ്?

ഇവിടെ വിവരിച്ച എല്ലാ തെളിവുകളും നീതിപൂർവം ചിന്തിക്കുന്നവർക്ക് ഇസ്തിഗ്ഫാറിന്റെ രണ്ടാമത്തെ അർഥം തിരുനബിയുടെ മേൽ ആരോപിക്കുന്നത് കൊടും പാപവും ദ്രോഹ ബുദ്ധിയുമാണെന്ന കാര്യം സ്പഷ്ടമാക്കി തരുന്നുണ്ട്. പോരാത്തതിന് വിശുദ്ധനായ വ്യക്തി ഏറ്റവും കൂടുതൽ ഇസ്തിഗ്ഫാറിൽ മുഴുകിയിരിക്കുന്നതും എല്ലാ സമയവും എല്ലാ അവസ്ഥയിലും മാനുഷികമായ ദൗർബല്യങ്ങളിൽ നിന്നും സുരക്ഷിതമാകുന്നതിനു വേണ്ടി ദൈവത്തിൽ നിന്നും ശക്തി തേടികൊണ്ടിരിക്കുന്നതുമാണ്. അതിനെയാണ് മറുവാക്കിൽ ഇസ്തിഗ്ഫാർ എന്നു പറയുന്നത്. എപ്പോഴും തന്റെ മാതാവിന്റെ കൈപിടിച്ചു നടക്കുകയും നിമിഷനേരത്തേക്കു പോലും അവളിൽ നിന്നും അകലാൻ കൂട്ടാക്കിതിരിക്കുകയും ചെയ്യുന്ന ഒരു കുട്ടി എവിടെയും തട്ടി വീഴുകയില്ല. അതേ സമയം തന്റെ മാതാവിനെ വിട്ടു കൊണ്ട് നടക്കുകയും സ്വയം തോന്നിയതുപോലെ അപകടം പിടിച്ച പടവുകൾ കയറിയിറങ്ങുകയും ചെയ്യുന്ന ഒരു കുട്ടി ഒരിക്കൽ എന്തായാലും വീഴുന്നതാണ്. ആ വീഴ്ച ഭയങ്കരമായിരിക്കും. തന്റെ മാതാവിനെ ഒരിക്കലും പിരിഞ്ഞിരിക്കാതെയും അവളുടെ മടിത്തട്ടിൽ നിന്നും വേർപ്പെടാതെയും അവളുടെ കോന്തല വിടാതെയുമിരിക്കുന്നതാണ് സൗഭാഗ്യം ചെയ്ത കുട്ടിക്ക് ഉത്തമം. ദൈവാനുഗ്രഹം സിദ്ധിച്ച വിശുദ്ധർക്കും ഇതേ ശീലമായിരിക്കും. അമ്മയുടെ

മടിത്തട്ടിലേക്കെന്നപോലെ ദൈവസവിധിയിൽ അവർ സന്നിഹിതരാകുന്നു. ദൈവാനുഗ്രഹം സിദ്ധിച്ച വിശുദ്ധർക്കും ഇതേ വഴക്കമായിരിക്കും. ഒരു കുട്ടി തന്റെ എല്ലാ പ്രവൃത്തികൾക്കും വേണ്ടിയുള്ള ഊർജ്ജം അവന്റെ അമ്മയിൽ നിന്നും സ്വീകരിക്കുകയും മറ്റേതെങ്കിലും കുട്ടി അവനോടു തർക്കിക്കുകയോ അവൻ വല്ല നായയ്ക്കും മുമ്പാകെ വരികയോ ഭയാവസ്ഥ സംജാതമാവുകയോ അവനു കൈപ്പിഴ പറ്റുകയോ ചെയ്താൽ പെട്ടെന്നുതന്നെ ആ വിപത്തിൽ നിന്ന് അവനെ രക്ഷിക്കാൻ ഓടിയെത്തുവാനായി അവൻ തന്റെ മാതാവിനെ വിളിക്കുകയും ചെയ്യുന്നു. ആത്മീയസന്താനങ്ങളുടേതും സമാനമായ സ്ഥിതിവിശേഷമായിരിക്കും. അവർ തങ്ങളുടെ നാഥനെ സ്വമാതാവിനെപ്പോലെ  കരുതുകയും അവന്റെ ശക്തികളെ തങ്ങളുടെ ഖജനാവായി കാണുകയും അവനിൽ നിന്നും എല്ലായ്പ്പോഴും ശക്തി സംഭരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരു പാൽക്കുഞ്ഞ് വിശക്കുമ്പോൾ അമ്മയുടെ സ്തനത്തിൽ മുഖമമർത്തുകയും പാലു ചുരത്താൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ കുഞ്ഞ് ഏങ്ങലടിച്ചു കൊണ്ട് മൃദുലമായ ചുണ്ടുകൾ തന്നിലേക്ക് അമർത്തിയതായി അമ്മയ്ക്ക് അനുഭവപ്പെടുമ്പോൾ സ്വയമേവ പാലു ചുരത്തപ്പെടുകയും കുഞ്ഞിന്റെ വായിലേക്ക് ഒഴുകുകയും ചെയ്യുന്ന അതേ പ്രകൃതിനിയമമാണ് ആത്മീയമായി പാലിനുവേണ്ടി കേഴുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിലും ഉണ്ടാകുക.

## ശിപാർശയുടെ ആവശ്യകത

ഇവിടെ മനുഷ്യനു ശിപാർശയുടെ ആവശ്യമെന്താണുള്ളതെന്നും എന്തുകൊണ്ട് ഒരു വ്യക്തിക്ക് തൗബയും ഇസ്തിഗ്ഫാറും മുഖേന ദൈവത്തിൽ നിന്നും നേരിട്ടു ക്ഷമാപണം നടത്തിക്കൂടെന്നുമുള്ള ചോദ്യമുയരാം. അതിനുള്ള  ഉത്തരം പ്രകൃതിനിയമത്തിൽ തന്നെയുണ്ട്. മനുഷ്യന്റെതു മാത്രമല്ല സർവ ജീവ ജാലങ്ങളുടെയും വംശപരമ്പര ശിപാർശയിലൂടെയാണു പുരോഗമിക്കുന്നത് എന്ന കാര്യം അവിതർക്കവും സുസമ്മതവുമാണ്. എന്തെന്നാൽ നാം ഇപ്പോൾ എഴുതിയതുപോലെ ശഫാഅത്ത് എന്ന പദം ശഫ്ഉൻ എന്നതിൽ നിന്നും നി

ഷ്പന്നമായതാണ്. ജോടി എന്നാണ് അതിന്റെയർഥം. വംശപരമ്പരകളുടെ അഭിവൃദ്ധികൾ എല്ലാം തന്നെ ജോടി വിശേഷത്തിൽ നിന്നുമാണ് ഉണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമെന്നത് നിസ്സംശയം. ഒരു മനുഷ്യന്റെ സ്വഭാവങ്ങളും ശക്തികളും രൂപവിശേഷങ്ങളും മറ്റൊരു മനുഷ്യനിൽ വന്നുചേരുന്നത് ഇതു മുഖേനയാണ്. അതായത് ഒരു ജോടി ബന്ധത്തിന്റെ പരിണിതിയാണത്. ആട്, കാള, കഴുത തുടങ്ങി ഒരു മൃഗത്തിൽ നിന്നും ജന്മമെടുക്കുന്ന മൃഗക്കുഞ്ഞുങ്ങളിലേക്ക് സ്വജാതിയുടെ എല്ലാ ശക്തികളും കൈമാറപ്പെടുന്നത് യഥാർഥത്തിൽ ജോടിബന്ധത്തിന്റെ ഫലമായാണ്. ഈ ജോടിബന്ധം തന്നെ മറ്റൊരർഥത്തിൽ നമുക്കെടുക്കാം. ഒരു ന്യൂനതകളുള്ള വ്യക്തി ഒരു അന്യൂനനായ വ്യക്തിയുമായി ആത്മീയ ബന്ധം പ്രാപിച്ചുകൊണ്ട് അവന്റെ ആത്മാവിൽ നിന്നും തന്റെ ബലഹീനതകൾക്കുള്ള ചികിത്സ തേടുകയും ദേഹേച്ഛകളിൽ നിന്നും മുക്തനാവുകയും ചെയ്യുമ്പോൾ ഈ ജോടിബന്ധത്തിന്റെ പേര് ശിപാർശയെന്നാണ്. ചന്ദ്രൻ സൂര്യന് അഭിമുഖമായി വരുന്നതും അതുമായി ഒരു തരത്തിലുള്ള ഐക്യവും ജോടിബന്ധവുമുണ്ടാക്കി അതിൽ നിന്നുള്ള പ്രകാശം സ്വാംശീകരിക്കുന്ന പോലെ സ്നേഹനിർഭരമായ മനസ്സുകൾക്കു പ്രവാചകന്മാരോടുണ്ടാകുന്ന ആത്മീയബന്ധത്തിന് ഒരു വ്യക്തിക്കു തന്റെ പിതാവിനോടുള്ളതു പോലുള്ള ജഡികജോടിത്വത്തോടു സമാനതകളുണ്ട്. അതുകൊണ്ട് ദൈവസമക്ഷം ഇങ്ങനെയുള്ള ആത്മീയ ഗുണഭോക്താക്കളും സന്താനങ്ങൾ എന്നു പറയപ്പെടുന്നു. ഈ പിതൃത്വം പൂർണമായി കൈവരിച്ചവർ പ്രവാചകന്മാരുടെ രൂപഭാവങ്ങളും സ്വഭാവമാതൃകകളും അനുഗ്രഹലബ്ധികളും നേടുന്നു. ശിപാർശയുടെ യാഥാർഥ്യവുമിതാണ്. ജഡികമായ ശിപാർശയുടെ അഥവാ ജോടിത്വത്തിന്റെ പ്രത്യേകതയെന്നതു സന്താനങ്ങൾക്കു അവരുടെ മാതാപിതാക്കളുമായി അഭേദ്യമായ നിലയിൽ സാമ്യതയുണ്ടാകുമെന്നതാണ്. ആത്മീയശിപാർശയിലും ഈ പ്രത്യേകതയുണ്ട്. ശിപാർശയുടെ യാഥാർഥ തത്ത്വമിതാണ്, ജോടിത്വത്തിൽ നിന്നാണ് എല്ലാ അഭിവൃദ്ധികളും ഉണ്ടാകുന്നതെന്നത് അനാ

ദികാലം മുതൽക്കേ ജഡികവും ആത്മീയവുമായ കാര്യങ്ങളിലുള്ള ദൈവത്തിന്റെ പ്രകൃതിനിയമമാണ്. ആകെയുള്ള വ്യത്യാസം, ഒന്നിനെ ശഫ്ഉൻ(ജോടി) എന്നു പറയുകയും അടുത്തതിനു ശഫാഅത്ത് (ശിപാർശ) എന്നു പേരിടുകയും ചെയ്തു. സന്താന പരമ്പര പരിരക്ഷിക്കാൻ ജോടി ആവശ്യമായതുപോലെ ആത്മീയപരമ്പര നിലനിറുത്താൻ ശിപാർശ അവശ്യമാണ്. ഈ രണ്ടു വർഗീകരണങ്ങളെയും കുറിച്ചു ദൈവവചനത്തിൽ വിവരണമുണ്ട്. സർവശക്തനായ അല്ലാഹു വിശുദ്ധഖുർആനിൽ ഒരിടത്തു പറയുകയുണ്ടായി. ആദമിനെ ദൈവം ജോടിയായി സൃഷ്ടിച്ചു. എന്നിട്ട് ആ ജോടിയിൽ നിന്ന് അനവധി സ്ത്രീപുരുഷന്മാർക്കു ജന്മം നല്കി. അതുപോലെ പറയുന്നു, ദൈവം ഭൂമിയിൽ തന്റെ ഖലീഫ (പ്രതിനിധി)യുണ്ടാക്കി. അത് ആദമായിരുന്നു. അവനിൽ ദൈവചേതനയുണ്ടായിരുന്നു. ആ ചൈതന്യം ആദമിൽ നിന്നു മറ്റു പ്രവാചകന്മാരിലേക്ക് പകർന്നു കൊണ്ടിരുന്നു. അങ്ങനെ ഇബ്റാഹീം,ഇസ്ഹാക്ക്,ഇസ്മാഈൽ,യഅ്ഖൂബ്,മൂസാ, ദാവൂദ്, ഈസാ മുതലായവരെല്ലാം ഈ ചൈതന്യത്തിന് അനന്തരാവകാശികളായി. അവസാനത്തെ അനന്തരാവകാശിയായി നമ്മുടെ നബി(സ) നിയുക്തനായി. ഈ വിശുദ്ധ പ്രവാചകന്മാരെല്ലാം ആദമിൽ നിന്ന് അനന്തരാവകാശത്തിൽ ശാരീരിക രൂപഭാവങ്ങൾ നേടിയതുപോലെ ആദമിന്റെ ഖലീഫയെന്ന നിലയിൽ ആ ദൈവചേതനയും നേടി. അവരിൽ നിന്നും സമയാസമയങ്ങളിൽ ഇതരജനങ്ങളും അതിന്റെ അനന്തരാവകാശികളായി കൊണ്ടിരുന്നു.

## തിരുനബി(സ)യുടെ ശിപാർശയുടെ തെളിവുകൾ വിശുദ്ധ ഖുർആനിൽ

വിശുദ്ധ ഖുർആനിൽ പല ഭാഗത്തും തിരുനബി(സ)യുടെ ശിപാർശയെ കുറിച്ച് പരാമർശമുണ്ട്. ഒരിടത്ത് പറയുന്നു,

قُلْ إِنْ كُنْتُمْ تُحِبُّوْنَ اللّٰهَ فَاتَّبِعُوْنِيْ يُحْبِبْكُمُ اللّٰهُ وَيَغْفِرْ لَكُمْ ذُنُوْبَكُمْ (വി.ഖുർആൻ 3:32)

തർജുമ: നീ പറയുക, നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ വരുവിൻ എന്നെ പിന്തുടരുവിൻ; അല്ലാഹു നിങ്ങളെ

സ്നേഹിക്കുന്നതിനും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുന്നതിനും വേണ്ടി. അസന്ദിഗ്ദമായ സ്നേഹാദരങ്ങളോടും അനുസരണത്തോടും കൂടി തിരുനബി(സ)യുടെ കാലടികളെ പിൻപറ്റുന്നതിന്റെ ഫലമായി ഒരു മനുഷ്യനു ദൈവം സ്നേഹവും പാപപ്പൊറുതിയും നല്കുന്നുവെന്നു ഈ ആയത്ത് എത്ര വിശദമാക്കി തന്നിരിക്കുന്നെന്നു നോക്കുക. അതായത് പാപത്തിന്റെ വിഷം കഴിച്ച വ്യക്തിക്കു സ്നേഹാദരങ്ങളുടെയും അനുസരണത്തിന്റെയും മറുമരുന്നു നല്കിയാൽ വിഷം നിഷ്ഫലമായി കൊണ്ടിരിക്കുന്നു. അങ്ങനെ മരുന്നിനാൽ ഒരാൾക്കു രോഗമുക്തി നേടാനാകുന്നതു പോലെ, പാപമുക്തി നേടാനാകുന്നു. വെളിച്ചം ഇരുളിനെ അകറ്റുന്നതു കണക്കെയും അമൃത് വിഷം നിർവീര്യമാക്കുന്നതിനു സമാനവും തീ കത്തിച്ചു കളയുന്നതിനു തുല്യമായും നിർവ്യാജമായ സ്നേഹാദരങ്ങൾ ഫലം ചെയ്യുന്നു. അഗ്നിക്ക് എങ്ങനെയാണ് ഞൊടിയിടയിൽ കത്തിച്ചു കളയാനാകുന്നതെന്ന് നോക്കുക. അപ്രകാരം ദൈവികപ്രതാപം വെളിപ്പെടുത്താനായി മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ള പുണ്യം, പാപമാലിന്യങ്ങളെ കത്തിച്ചു ചാമ്പലാക്കുന്ന അഗ്നിയാണ്. ഒരാൾ സത്യഹൃദയത്തോടെ നമ്മുടെ നബി(സ)യെ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പ്രൗഢമാഹാത്മ്യങ്ങൾ അംഗീകരിച്ചു കൊണ്ടു തികഞ്ഞ ആത്മാർഥതയോടും നൈർമല്യത്തോടും സ്നേഹത്തോടും അനുസരണത്തോടും അദ്ദേഹത്തെ അനുഗമിക്കുകയും പൂർണവിധേയത്വം നിമിത്തമായി സ്വയമില്ലായ്മയുടെ തലത്തിൽ എത്തുകയും അദ്ദേഹത്തോടുള്ള തീവ്രബന്ധം കാരണമായി അദ്ദേഹത്തിലിറങ്ങുന്ന ദിവ്യപ്രകാശത്തിൽ നിന്ന് ആ വ്യക്തിയും ഭാഗഭാക്കാകുയും ചെയ്യുന്നു. അപ്പോൾ ഇരുളും വെളിച്ചവും പരസ്പര വിരുദ്ധമായതിനാൽ അവനിലുള്ള ഇരുട്ട് മെല്ലെ അകന്നകന്ന് നാമാവശേഷമായി മാറുന്നു. തുടർന്ന് ആ പ്രകാശത്തിന്റ പിൻബലത്താൽ അവന് ഉന്നത നിലവാരത്തിലുള്ള നന്മകൾ ചെയ്യാനാകുന്നു. അവന്റെ അംഗോപാംഗങ്ങൾ ദൈവാനുരാഗത്താൽ വെട്ടിത്തിളങ്ങുന്നു. അപ്പോൾ ആന്തരികമായ അന്ധകാരം തുടച്ചു നീക്കപ്പെടുന്നു. അവനി

ൽ അറിവുപരമായ വെളിച്ചവും പ്രവൃത്തിപരമായ വെളിച്ചവും ഉല്പാദിക്കപ്പെടുന്നു. ഈ വെളിച്ചങ്ങളുടെ കൂടിച്ചേർച്ചയാൽ അവന്റെ ഹൃദയത്തിൽ നിന്നു പാപത്തിന്റെ ഇരുൾച്ച വിട്ടൊഴിയുന്നു. ഇരുളും വെളിച്ചവും ഒരിടത്ത് ഒന്നിക്കുകയില്ലെന്നതിനാൽ തന്നെ വിശ്വാസത്തിന്റെ വെളിച്ചവും പാപത്തിന്റെ ഇരുളും ഒരുമിക്കുകയില്ല. അത്തരമൊരാൾ പാപം ചെയ്യാത്തവനാണെങ്കിൽ അയാൾക്കു തിരുനബി(സ)യെ പിൻപറ്റുന്നത് കൊണ്ടുള്ള പ്രയോജനമെന്നോണം ഭാവിയിൽ പാപം ചെയ്യാനുള്ള ശക്തി ക്ഷയിക്കുകയും പുണ്യം ചെയ്യാനുള്ള ആസക്തി ജനിക്കുകയും ചെയ്യുന്നു. ഇതിനെ കുറിച്ച് അല്ലാഹു ഖുർആനിൽ പറയുന്നു,

حَبَّبَ اِلَيْكُمُ الْاِيْمَانَ وَزَيَّنَهٗ فِىْ قُلُوْبِكُمْ وَكَرَّهَ اِلَيْكُمُ الْكُفْرَ وَالْفُسُوْقَ وَالْعِصْيَانَ

(വി.ഖുർആൻ 49:8)

അതായത് ദൈവം നിങ്ങളിൽ വിശുദ്ധാത്മാവ് ഇറക്കികൊണ്ടു നിങ്ങൾക്ക് എല്ലാ തരത്തിലുള്ള നന്മകളിലും താല്പര്യമുണ്ടാക്കുകയും നിഷേധവും ദുർമാർഗവും ധിക്കാരവും നിങ്ങളുടെ കണ്ണിൽ വെറുക്കപ്പെട്ടതാക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ ഒരു പ്രവാചകനെ പിന്തുടരുന്നവർക്കു ലഭിക്കുന്ന, പാപപങ്കിലമായ വികാരങ്ങളെ അകറ്റുന്ന പ്രകാശം എന്താണെന്നു ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇപ്രകാരമാണ്.

1) അത് സംശയത്തിന്റെയോ ആശങ്കകളുടെയോ അന്ധതയില്ലാത്ത ഒരു ശുദ്ധമായ അന്തർജ്ഞാനമാണ്.

2)അത് സ്വാർഥതാല്പര്യങ്ങളുടെ കൂട്ടില്ലാത്ത ഒരു ശുദ്ധമായ സ്നേഹമാണ്.

3) അത് സർവവിധ അനുഭൂതികളെക്കാൾ ഉദാത്തവും ഒരു തരത്തിലുള്ള തിക്തതയില്ലാത്തതുമായ രസാനുഭൂതിയാണ്.

4) അത് മറ്റെല്ലാ ആകർഷണങ്ങളെയും അതിജയിക്കുന്ന ഒരു സമർഥമായ ആകർഷണമാണ്.

5) അത് ഉള്ളിലുള്ള വിഷങ്ങളെയെല്ലാം നിർവീര്യമാക്കുന്ന മുന്തിയ സ്വാധീനശക്തിയുള്ള വിഷഹരൗഷധമാണ്.

ഈ അഞ്ച് സംഗതികളാണ് യഥാർഥ അനുയായികളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവിനോടൊപ്പം പ്രകാശമെന്ന നിലയിലിറങ്ങുന്നത്. അത്തരം ഹൃദയങ്ങൾ പാപത്തിൽ നിന്ന് അകലം പാലിക്കുക മാത്രമല്ല അതിനെസ്വയം വെറുക്കുകയും ചെയ്യുന്നു. ഈ അഞ്ച് കാര്യങ്ങളുടെ വൈഭവത്തെ കുറിച്ച് വെവ്വേറെയുള്ള വിവരണം ദൈർഘ്യമേറിയതാണ്. ഇവിടെ ശുദ്ധമായ അന്തർജ്ഞാനത്തിന്റെ സവിശേഷതകളെ കുറിച്ച് മാത്രം അല്പം വിശദമായി പ്രതിപാദിക്കുന്നതാണ്. പാപങ്ങളെ എങ്ങനെ തടയാമെന്ന് മനസ്സിലാക്കാൻ അത്രമാത്രം മതി.

ദോഷകാരികളായ വസ്തുക്കളെ കുറിച്ച് ശരിയായ അറിവും ദൃഢബോധ്യവും ലഭിച്ച ശേഷം മനുഷ്യരെന്നല്ല മൃഗങ്ങളും അവയെ സമീപിക്കുകയില്ല. ഒരു മോഷ്ടാവിനു താൻ മോഷണം നടത്താൻ ഉദ്ദേശിക്കുന്നിടത്തു തന്നെ കയ്യോടെ പിടികൂടാൻ ഒരു കൂട്ടം ആൾക്കാർ ഒളിഞ്ഞിരിപ്പുണ്ടെന്ന വിവരം കിട്ടിയാൽ അയാൾ എന്തായാലും കളവു നടത്താൻ ധൈര്യപ്പെടില്ല. നിലത്തു വിതറിയിട്ടുള്ള ധാന്യമണികൾക്കു താഴെ തനിക്കായി കെണി ഒരുക്കിവച്ചിട്ടുണ്ടെന്നു കാണുന്ന പക്ഷി അതിന്റെ അടുത്തു കൂടെപോകുകയില്ല. അത്യുത്തമവും സ്വാദിഷ്ഠവുമായ ഭക്ഷണം തയ്യാറായിട്ടുണ്ടെന്നു കരുതുക. എന്നാൽ അതിൽ വിഷം കലർന്നിട്ടുണ്ടെന്നു മനസ്സിലാക്കിയ ഒരാൾ ഒരിക്കലും അതു കഴിക്കില്ല. ഉപദ്രവവും നഷ്ടവും വരുത്തിവയ്ക്കുന്നതാണെന്നു സുബോധ്യം വന്ന ഒരു സംഗതിയോട് ഒരാൾക്കും താല്പര്യമുണ്ടാകില്ലെന്നും അതു കാണുമ്പോൾ തന്നെ ഒരാൾ ഓടിയകലുന്നതാണെന്നുമാണ് ഇത്തരം നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമാകുന്നത്. പാപം അതിശീഘ്രം വിനാശം വിതയ്ക്കുന്ന ഒരു കൊടിയ വിഷമാണെന്ന അറിവു ലഭിച്ച ശേഷം മനുഷ്യൻ പാപത്തിനു വശഗതനാകുകയേ ഇല്ലെന്നതു നിസ്സംശയമാണ്. അതിനുള്ള മാർഗമെന്തായിരിക്കുമെന്ന ചോദ്യമുയരാം. ബുദ്ധിയായിരിക്കുമോ? വാനലോകത്തു

നിന്നുമുള്ള സഹായഹസ്തമില്ലാത്ത ബുദ്ധി ഒരിക്കലും അതിനുള്ള സമ്പൂർണമായ മാർഗമാകുകയില്ല. പാപത്തിനു തീർച്ചയായും ശിക്ഷയുണ്ടെന്നും അതിൽ നിന്നും ഓടി രക്ഷപ്പെടാനാകില്ലെന്നുമുള്ള ഉത്തമബോധ്യമുണ്ടാകണമെങ്കിൽ പാപത്തിനു ശിക്ഷ വിധിക്കുന്നവനായ ദൈവമുണ്ടെന്ന തികഞ്ഞ ജ്ഞാനമുണ്ടാകണം. സ്വർഗസ്ഥമായ പ്രകാശം ലഭിക്കാത്ത ബുദ്ധിമാത്രനായ ഒരുവനു ദൈവത്തെ പരിപൂർണമായി വിശ്വസിക്കാനാകുകയില്ല. എന്തെന്നാൽ അവൻ ദൈവത്തിന്റെ ഭാഷണം ശ്രവിക്കുകയോ മുഖം ദർശിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ അവൻ ആകാശഭൂമികളിലെ ജീവജാലങ്ങളെ കുറിച്ച് പര്യാലോചന നടത്തി ശരിയായ നിഗമനത്തിലെത്തുകയാണെങ്കിൽ തന്നെ ഈ സകല നിർമിതികൾക്കും ഒരു നിർമാതാവ് ഉണ്ടാകേണ്ടതുണ്ട് എന്ന അറിവു മാത്രമേ ദൈവത്തെ കുറിച്ച് അവനുണ്ടാകുകയുള്ളു. അങ്ങനെയൊരു സൃഷ്ടികർത്താവ് നിലവിലുണ്ട് എന്ന ദൃഢജ്ഞാനം കരഗതമാകുന്നില്ല. ഉണ്ടാകേണ്ടതുണ്ട്, നിലവിലുണ്ട് എന്നിവ തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമാണ്. ഒരാൾ ഉണ്ടാകേണ്ടതുണ്ട് എന്നുള്ള അറിവു മാത്രം നേടുകയും തൽസ്ഥാനത്തെത്തി നിശ്ചലമാകുകയും അതിനപ്പുറത്തേക്ക് അവന്റെ കൺമുമ്പാകെ കുറ്റാകൂരിരുട്ട് മാത്രം അവശേഷിക്കുകയും ചെയ്യുന്നു. അത്തരം വ്യക്തി അറിവിന്റെ അടിസ്ഥാനത്തിൽ ഒരിക്കലും യഥാർഥസ്രഷ്ടാവിനെ കുറിച്ച് വെറും ഉണ്ടാകേണ്ടതുണ്ട് എന്നു പറയാതെ തനിക്കു നല്കപ്പെട്ട പ്രകാശത്താൽ അവൻ നിശ്ചയമായുമുണ്ട് എന്നനുഭവിച്ചറിയുന്ന ഒരു വ്യക്തിയെ പോലെ ആകുകയില്ല. സ്വർഗസ്ഥമായ പ്രകാശത്താൽ അവനു ദൈവസത്തയെ ദർശിക്കാനാകുന്നു. കൂടാതെ ആ പ്രകാശത്താൽ അവന്റെ ബുദ്ധിപരവും മാനസികവുമായ ശേഷികൾ തീക്ഷ്ണമാകുന്നു. അപ്രകാരം അവന് അനുമാനിച്ച് കൊണ്ടുപോലും ഉന്നത നിലവാരമുള്ള ന്യായവാദം നടത്തുവാനും സാധിക്കുന്നു. അങ്ങനെ അവൻ ദൈവാസ്തിത്വത്തിൽ പൂർവാധികം ശക്തിയോടെ വിശ്വസിക്കുന്നു. ഇവിടെ സ്വർഗസ്ഥമായ പ്രകാശം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ദൈ

വത്തിന്റെ സുബോധ്യമായ ഭാഷണം ലഭിക്കുക അല്ലെങ്കിൽ ദൈവഭാഷണം സിദ്ധിക്കുന്ന മഹത്തുക്കളുമായി അഭേദ്യമായ ബന്ധം സാധ്യമാകുകയെന്നാണ്. സാധാരണക്കാരെ പോലെ അനിശ്ചയമായി ഇൽഹാം(ദിവ്യബോധനം) ഉണ്ടാകുന്നുവെന്നു വാദിക്കുന്നതല്ല ദൈവഭാഷണം എന്നതുകൊണ്ടുള്ള വിവക്ഷ. അനിശ്ചയമായ ഇൽഹാം വ്യർഥമാണ്. അതു ബുദ്ധിയെക്കാൾ താഴ്ന്ന നിലയിലുള്ളതാണ്. സുദൃഢവും അഖണ്ഡിതവുമായ നിലയിൽ ദൈവത്തിൽ നിന്നുമുണ്ടാകുന്ന പാവനവും സമ്പൂർണവുമായ വഹ്യ് (വെളിപാട്) ആണ് ദൈവഭാഷണം കൊണ്ടുള്ള താല്പര്യം. അതോടൊപ്പം അനിവാര്യമാംവിധം അഭൗമികമായ ദൃഷ്ടാന്തം ഉണ്ടാകുന്നതാണ്. ആ വെളിപാട് പ്രൗഢോജ്ജ്വലമായിരിക്കും. ഗാംഭീര്യതയും ആസ്വാദ്യതയുമുള്ള അതിന്റെ വാക്കുകൾ കുന്തമുന പോലെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. അങ്ങനെ അതിൽ ദൈവദൃഷ്ടാന്തങ്ങളുടെയും അനിതരസാധാരാണമായ ലക്ഷണങ്ങളുടെയും ശോഭയുള്ള മുദ്രയുണ്ടായിരിക്കും. മനുഷ്യനു തികഞ്ഞ ദൈവവിശ്വാസം ഉണ്ടാകണമെങ്കിൽ ഇദംപ്രഥമമായി വേണ്ടത് നേരിട്ട് അത്തരം വെളിപാടുകളാൽ അനുഗൃഹീതരാകുകയോ  അപ്രകാരം അനുഗൃഹീതരാകുകയും ആത്മീയപ്രഭാവത്താൽ മനസ്സുകളെ തങ്ങളിലേക്ക് ആകർഷിക്കുകയും ചെയ്യുന്നവരുമായി അഗാധമായ ബന്ധമുണ്ടാകുകയോ ആണ്. ജീവൽദൃഷ്ടാന്തങ്ങളോടു കൂടിയുള്ള നവംനവങ്ങളായ വെളിപാടുകൾ എടുത്തു കാട്ടാനാകാത്ത മതം മണ്ണിൽ ചേർന്നു മണ്ണാകാറായ ദ്രവിച്ച അസ്ഥിയെ പോലാണ്. അത്തരം മതത്തിന് ഒരിക്കലും ശരിക്കുമുള്ള മാറ്റം സംജാതമാക്കാനാകില്ല. പാരമ്പര്യവാദികളായവർക്കു മാത്രമേ അതിനെ കുറിച്ച് ഊറ്റം കൊള്ളാനാകുകയുള്ളു. അവർക്കു സത്യാന്വേഷണത്വരലവലേശമുണ്ടാകുകയില്ല. അത്തരം ആഗ്രഹങ്ങളോടും താല്പര്യവുമാണ്ടാകില്ല. മാത്രമല്ല തീവ്രമായ അസഹിഷ്ണുതയോടും മാർഗഭ്രംശത്തോടുമുള്ള ഇഷ്ടത്താൽ അവരുടെ ആന്തരികാവസ്ഥക്കു തന്നെ രൂപമാറ്റം വരുന്നു. ദൈവത്തിൽ ദൃഢവിശ്വാസം കൈകൊള്ളാൻ സാധിക്കുന്നത് എപ്രകാര

മാണെന്നും അതിനായി ദൈവത്തിനു എന്തൊക്കെ സവി ശേഷഗുണങ്ങളുണ്ടായിരിക്കണമെന്നും ദൈവാസ്തിത്വത്തെ കുറിച്ച് ദൃഢജ്ഞാനം ഉളവാക്കുന്ന കാര്യങ്ങളെന്തൊക്കെ യാണെന്നും അതുപോലെ ഒരു വിശ്വാസിയെ വ്യതിരിക്തമാ ക്കുന്ന ദൃഢജ്ഞാനത്തിന്റെ ലക്ഷണങ്ങളെന്തൊക്കെയാണെ ന്നും എന്നൊന്നും അവർക്കു യാതൊരു ചിന്തയുമുണ്ടാവുക യില്ല. ഓർക്കുക, ഏതെങ്കിലും മതം ഒരു പരിധിവരെ യുക്തി സഹമാവുകയും ഭൗതികമായ സംസ്കാരസമ്പന്നവും നാഗരി കവുമെന്നു വിശേഷിക്കപ്പെടുകയും ചെയ്താൽ കൂടി ദൈവ ത്തിന്റെ അസ്തിത്വവും ഗുണഗണങ്ങളും സംബന്ധിച്ചു മനു ഷ്യനെ ദൃഢജ്ഞാനത്തിലേക്ക് എത്തിക്കാൻ അത് പര്യാ പ്തമാണെന്നു പറയാൻ സാധിക്കുകയില്ല. ലോകത്തിലെ ഏതു മതവും അതിന്റെ അനുയായിയെ ദൃഢജ്ഞാനത്തിന്റെ സംശുദ്ധമായ ഉറവയിലേക്കു കൊണ്ടെത്തിക്കുന്നതു വരെ തീർത്തും വ്യർഥവും നിഷ്പ്രയോജനവും അനാവശ്യവും നിർജീവവും മൃതവുമാണ്. അഹോ കഷ്ടം! ദൈവത്തിന്റെ സത്തയിലും അവന്റെ അസ്തിത്വത്തിലും മാഹാത്മ്യത്തിലും ശക്തിയിലും ഗുണങ്ങളിലുമുള്ള വിശ്വാസമെന്താണെന്ന് മിക്കവരും മനസ്സിലാക്കുന്നില്ല. അവർ ദൃഢജ്ഞാനത്തിന്റെ പരിശുദ്ധമായ ഉറവയിൽ നിന്നും പങ്കുപറ്റാത്തവരാണെന്നും അക്കാരണത്താൽ ദൃഢജ്ഞാനത്തിനു ശേഷം ലഭ്യമാകുന്ന യഥാർഥമായ പവിത്രതയുടെ കാര്യത്തിൽ ഭാഗ്യദോഷികളാ ണെന്നും വ്യസനസമേതം അഭിപ്രായപ്പെടുമ്പോൾ അവർ പ്ര കോപിതരായി കൊണ്ടു ചോദിക്കുന്നു: ഞങ്ങളെന്താ ദൈ വത്തിൽ വിശ്വസിക്കുന്നില്ലേ? ഞങ്ങളവനെ അംഗീകരിക്കു ന്നില്ലേ? അവർക്കുള്ള മറുപടിയിതാണ്, സത്യത്തിൽ നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുമില്ല അവനെ അംഗീകരിക്കുന്നു മില്ല. വ്യസനകരം തന്നെ, അവർ കാര്യം ഗ്രഹിക്കുന്നേയില്ല. ഒരു മാളത്തിൽ വിഷപ്പാമ്പുണ്ടെന്ന ബോധ്യം വന്നശേഷം അവർ ഒരിക്കലും തന്നെ അതിൽ കയ്യിടുകയില്ല. കാരണം അതിൽ അവർ തങ്ങളുടെ നാശം കാണുന്നു. എന്നിരിക്കെ അവർ സകലപാപങ്ങളും സധൈര്യം ചെയ്യുന്നു. മരിച്ചു പോ

കുമെന്ന് അറിയുന്നതിനാൽ അവർ ഉഗ്രവിഷം കഴിക്കുന്നില്ല. എന്നാൽ വലിയ വലിയ ഭയാനകമായ പാപങ്ങൾ അവരിൽ നിന്നും സംഭവിക്കുന്നു. ഒരു കാര്യത്തെ കുറിച്ചു നഷ്ടത്തിനു വകവയ്ക്കുമെന്നു ദൃഢജ്ഞാനമുണ്ടാകണമെന്നില്ല മറിച്ച് അങ്ങനെയൊരു അഭ്യൂഹം ഉണ്ടാകുകയാണെങ്കിൽ തന്നെ അവരതിന് ഒരിക്കലും മുതിരുന്നതല്ല. ഉദാഹരണത്തിന് മോന്തായം പൊട്ടിയ മേല്ക്കൂരയുടെ കീഴിൽ അവർ ഒരിക്കലും കിടക്കാൻ കൂട്ടാക്കുകയില്ല. അതുപോലെ കോളറയും പ്ലേഗും തുടങ്ങിയ ഒരു ഗ്രാമത്തിൽ അവർ താമസിക്കുവാനും ഒരുങ്ങുകയില്ല. പിന്നെ എന്തുകൊണ്ട് ദൃഢജ്ഞാനമുണ്ടെന്നു വാദിക്കുന്ന അവർ ദൈവകല്പനകളെ ലംഘിക്കുന്നു? സത്യത്തിൽ അവർക്കു ഞൊടിയിടയിൽ നശിപ്പിക്കാനാകുന്ന ഒരു സർവാധിപനായ അസ്തിത്വമുണ്ടെന്ന ദൃഢജ്ഞാനമോ പ്രബലമായ അനുമാനജ്ഞാനം പോലുമോയില്ലെന്നാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്.

## ക്രിസ്ത്യാനികളുടെ ദൈവം

ഇക്കാലത്ത് ഒരു പ്രത്യേക വിഭാഗത്തിനു മാത്രം സവിശേഷമായിട്ടല്ല ഈ രോഗമുള്ളത്. ക്രിസ്ത്യാനികളിലെന്നതു പോലെ മുസ്‌ലിങ്ങൾക്കിടയിലും ഇത് കണ്ടുവരുന്നു. പാശ്ചാത്യരെ പോലെ പൗരസ്ത്യരും അവരുടെ നിലവാരമനുസരിച്ച് ഇതിൽ നിന്നും ഭാഗഭാക്കായിട്ടുണ്ട്. ഇനി മുസ്‌ലിങ്ങളും ക്രിസ്ത്യാനികളും തമ്മിലുള്ള അന്തരം മനസ്സിലാക്കാം. മുസ്‌ലിങ്ങൾ അനാസ്ഥ നിമിത്തമായി ശക്തനായ സത്യദൈവത്തിൽ നിന്നും അശ്രദ്ധരാണെങ്കിലും അവരിൽ അവൻ എപ്പോഴും പ്രകാശം ചൊരിയുന്നു. എല്ലാ കാലത്തും അവരെ അവനിലേക്ക് ആകർഷിക്കുന്നു. നിരവധി ഭാഗ്യത്തിന്റെ സന്തതികൾ ഈ പ്രകാശത്തിൽ നിന്നു ഭാഗം നേടുന്നു. എന്നാൽ ഏതൊരുവനിൽ അടിയുറച്ച വിശ്വാസമുണ്ടാകുന്നതിലൂടെയാണോ സൽപരിവർത്തനങ്ങളുണ്ടാകുന്നത്, ഏതൊരുവന്റെ മഹിമാവിലാസങ്ങളെ ഭാവനയിൽ കാണുന്നതിലൂടെയാണോ പാപത്തിൽ നിന്നും ശരിക്കുമുള്ള വിരക്തി സംജാതമാകുന്നത്, ആ ദൈവത്തെ ക്രിസ്ത്യാനികൾ കാലങ്ങളായി നഷ്ടപ്പെടുത്തിയിരി

ക്കുകയാണ്. ഇവർ സൃഷ്ടിസ്ഥിതികൾ നടത്തുന്നവനു പകരം യേശുവെന്നും മർയമിന്റെ മകനെന്നുമറിയപ്പെടുന്ന ഒരു എളിയ മനുഷ്യനെ ദൈവമാക്കി വച്ചിരിക്കുന്നു. എന്നാൽ അദ്ദേഹത്തിനാകട്ടെ പ്രാർഥനകൾക്ക് ഉത്തരം നല്കാനോ സ്വന്തമായി ആരെയെങ്കിലും വിളിക്കാനോ അധികാരമാഹാത്മ്യങ്ങൾ വെളിപ്പെടുത്താനോ സാധ്യവുമല്ല. അദ്ദേഹം വഴി യഥാർഥ വിശുദ്ധി ലഭിക്കുമായിരുന്നെങ്കിൽ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ ശക്തിയുടെ മാതൃകകൾ ഇപ്രകാരം മാത്രം എന്തുകൊണ്ടാണു വന്നിരിക്കുന്നത്. അദ്ദേഹം രാത്രി മുഴുവൻ ചെയ്ത പ്രാർഥനകൾ സ്വീകരിക്കപ്പെടാതെ ജൂതന്മാരിൽ നിന്നും തരംതരങ്ങളായ പീഡകൾ ഏറ്റുവാങ്ങി. മാതാവിന്റെമേൽ ലജ്ജാവഹമായ ആക്ഷേപങ്ങളുണ്ടായപ്പോൾ ദിവ്യാദ്ഭുതം കാട്ടി അതിനെ പ്രതിരോധിക്കാൻ അദ്ദേഹത്തിനായില്ല. അദ്ദേഹത്തിന്റെ മുഅ്ജിസത്തുകൾ (അമാനുഷിക ദൃഷ്ടാന്തങ്ങൾ) ശരിക്കുമുള്ളതായി അംഗീകരിക്കുന്ന പക്ഷവും ഇതര പ്രവാചകന്മാരുടേതിൽ കവിഞ്ഞ യാതൊരു മാഹാത്മ്യവും അവയ്ക്കില്ല. മാത്രമല്ല ഏലിയാ നബിയുടെ മാഹാത്മ്യങ്ങളായിട്ടുള്ള അമാനുഷികദൃഷ്ടാന്തങ്ങളും മരിച്ചവരെ പുനർജീവിപ്പിക്കലും മിശിഹായുടെതിനെക്കാളും മഹത്തരമായിരുന്നു. യശയ്യാ നബിയുടെ ചില അമാനുഷിക ദൃഷ്ടാന്തങ്ങൾക്ക് മുമ്പാകെ മിശിഹായുടെ അമാനുഷിക ദൃഷ്ടാന്തങ്ങൾ ഒന്നുമല്ല. ഹദ്റത്ത് മിശിഹായുടെ ചില പ്രവചനങ്ങൾക്കാകട്ടെ ചവറുകളുടെ അവസ്ഥയാണുള്ളത്. അവ മനസ്സുകളിൽ സുസ്വാധീനം ചെലുത്തുന്നതിനു പകരം അവ വായിക്കുമ്പോൾ ചിരിയാണു വരിക. എന്ത് പ്രവചനങ്ങളാണിവ? ദുർഭിക്ഷമുണ്ടാകും, ഭൂചലനങ്ങളുണ്ടാകും, യുദ്ധങ്ങളുണ്ടാകും. ഈ പ്രവചനങ്ങൾക്കു മുമ്പും രാജ്യത്ത് ഇതെല്ലാമുണ്ടായിരുന്നു. ബുദ്ധിമതികൾ ഇത്തരത്തിലുള്ള ദൈവത്തെ എങ്ങനെ വിശ്വസിക്കാനാണ്. ഇതൊക്കെ പഴങ്കഥകളാണ്. ഈ സംഭവങ്ങളിൽ എത്ര മാത്രം സത്യവും കളവുമുണ്ടെന്നു ദൈവത്തിനറിയാം. എന്നാൽ ഇക്കാലത്തെ ജനങ്ങൾക്ക് ജൂതമതാധ്യാപനങ്ങളിൽ പേരോ അടയാളമോ ഇല്ലാത്ത ഒതു പുതിയ ദൈവത്തെ അംഗീക

രിക്കുന്നതിൽ വേറെയും പ്രശ്നങ്ങളുണ്ട്. കാരണം, ഇക്കൂട്ടർ മരിച്ചവർ പുനർജീവിക്കുന്നതോ രോഗികളുടെ ഭൂതബാധ ഒഴിയുന്നതോ നേരിട്ട് കണ്ടിട്ടില്ല. അവർക്ക് വിഷം തീണ്ടുകയില്ല, അവരുടെ ആജ്ഞ കേട്ടയുടൻ പർവതം സ്വസ്ഥാനത്തു നിന്നും നീങ്ങും, അവർ സർപ്പത്തെ കൈകൊണ്ട് പിടികൂടിയാൽ അവരെയതു ദംശിക്കുകയില്ല എന്നൊക്കെ അവരെ കുറിച്ചുണ്ടായ വാഗ്ദാനങ്ങളും പൂർത്തിയായില്ല. യൂറോപ്പിലെ പല ക്രിസ്ത്യാനികളും ആത്മാഹുതി ചെയ്തു മരിക്കുന്നതായും അവർക്കു പെട്ടെന്ന് വിഷബാധയേല്ക്കുന്നതായുമാണ് നാം കാണുന്നത്. അവർക്ക് പർവതം പോയിട്ട് കമിഴ്ന്നു കിടക്കുന്ന ഷൂ വരെ കൈകൊണ്ടല്ലാതെ വെറുതെ കല്പന നല്കി ശരിയാക്കാനാകുകയില്ല. പാമ്പ് പോലുള്ള വിഷജന്തുക്കൾ കാരണമായി അവർ എപ്പോഴും മരിച്ചു കൊണ്ടിരിക്കുന്നു. കാരണമായി ഈ വചനങ്ങളെ കേവലാർഥത്തിലല്ല മറിച്ച് സാങ്കല്പികാർഥത്തിലാണ് സമീപിക്കേണ്ടതെന്നും വിഷം കൊണ്ടുള്ള ഉദ്ദേശം കോപമടക്കുകയാണെന്നും പാമ്പെന്നതു കൊണ്ടുദ്ദേശിക്കുന്നത് അവർക്ക് നഷ്ടം വരുത്താൻ ദ്രോഹികൾക്കാകില്ലെന്നുമാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഇത്തരം വ്യാഖ്യാനങ്ങളിലേക്കു കടക്കുന്നതിനു മുമ്പ് ന്യായമായും ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്. ദൃഷ്ടാന്തങ്ങളെ കുറിച്ചുള്ള ഇത്തരം വാദങ്ങളും അദ്ദേഹം കാണിക്കുന്ന ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന്റെ അനുയായികൾക്കും സാധ്യമാണെന്ന ഹദ്റത്ത് മിശിഹായുടെ അടിക്കടിയുള്ള വാദവും വെറും ആലങ്കാരികവും പ്രതീകാത്മകവുമാണെന്നും അവ കൊണ്ടുള്ള ഉദ്ദേശം ദൃഷ്ടാന്തങ്ങളല്ലെന്നും വരികയാണെങ്കിൽ ഹദ്റത്ത് മിശിഹായുടെതെന്നു പറയപ്പെടുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളും തീർത്തും ആലങ്കാരികമാണെന്ന് അഖണ്ഡിതമായി തെളിയിക്കപ്പെടും. ഞാൻ കാണിക്കുന്ന ദൃഷ്ടാന്തങ്ങൾ എന്റെ യഥാർഥ അനുയായികളും കാണിക്കുന്നതാണെന്നു ഹദ്റത്ത് മിശിഹാ ബൈബിളിൽ ആവർത്തനത്തോടെ പറഞ്ഞിരിക്കുന്നു. എന്നാൽ അവരോടു ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ ആവശ്യപ്പെടുമ്പോൾ, ദൃഷ്ടാന്തങ്ങളല്ല മറിച്ച് ക്രിസ്

ത്യാനികളുടെ ധാർമികാവസ്ഥയാണ് ഇവിടെ വിവക്ഷ എന്ന മറുപടിയാണു ലഭിക്കുന്നത്. അങ്ങനെയാണെങ്കിൽ ഹദ്റത്ത് മിശിഹായുടെ ദൃഷ്ടാന്തങ്ങളും ഇത്തരത്തിലുള്ളതാണെന്നും യഥാർഥമല്ലെന്നും എന്തുകൊണ്ടു പറയാനാകില്ല. ചുരുക്കത്തിൽ ഈ ചോദ്യം അവരെ ഉത്തരം കിട്ടാതെ വലയ്ക്കുന്ന ഗുരുതരമായ പ്രശ്നമാണ്.

1) തന്റെ യഥാർഥ അനുയായികളും താൻ കാണിക്കുന്ന ദൃഷ്ടാന്തങ്ങൾ അതേപോലെ, എന്നല്ല അതിലുമുപരിയായി കാണിക്കുന്നതാണെന്ന ഹദ്റത്ത് മിശിഹായുടെ വാദം പൊള്ളയാകും.

2) ഈ അസത്യം വെളിപ്പെടുത്തുന്നത് മിശിഹാ ഒരു ദൃഷ്ടാന്തവും കാണിച്ചിട്ടില്ലെന്നാണ്. അല്ലാത്ത പക്ഷം അദ്ദേഹത്തിന്റെ അനുചരന്മാർക്കും അതിനുള്ള ശക്തിയുണ്ടാകേണ്ടതാണ്.

3) മിശിഹ വല്ല ദൃഷ്ടാന്തവും കാണിച്ചിട്ടുണ്ടെന്ന് സങ്കല്പ്പിച്ചാലും അതുപോലെ ബൈബിളിൽ വന്നിട്ടുള്ള ഇക്കാലത്തെ ദോഷവും വ്യഭിചാരവുമുള്ള ഒരു തലമുറ അടയാളം അന്വേഷിക്കുന്നു.

അവർക്കു വേണ്ടി യാതൊരു അടയാളവും കാണിക്കപ്പെടുന്നതല്ല എന്നുള്ള ഉദ്ദരണികളെ കണ്ടില്ലെന്നു നടിച്ചാലും ആ ദൃഷ്ടാന്തങ്ങളൊന്നും മുൻപ്രവാചകന്മാരുടെതിനെക്കാളും കൂടുതലേയല്ല. മറിച്ച് കുറഞ്ഞതാണ്. അതുമുഖേന മിശിഹായുടെ ദൈവത്വം സ്ഥാപിക്കാനാകില്ല. ഒരു സുബുദ്ധിയുള്ള വ്യക്തിക്ക് എങ്ങനെയും മിശിഹായുടെ ദൈവത്വം വിശ്വസിക്കാനാകില്ലെന്നിരിക്കെ അതിനെങ്ങനെ പാപങ്ങളിൽ നിന്നു തടയാനാകും. നാം മുമ്പു പ്രതിപാദിച്ച പോലെ പാപത്തെ തടയുന്ന ആദ്യഘടകം ദൈവസത്തയിലുള്ള വിശ്വാസമാണ്. അതായത് പാപത്തിനു ശിക്ഷ നല്കുന്ന ദൈവം തീർച്ചയായുമുണ്ടെന്ന വിശ്വാസമാണ്. എന്നാൽ മിശിഹായെ കുറിച്ച് ഇവ്വിധത്തിലുള്ള വിശ്വാസം എങ്ങനെയുണ്ടാകുവാനാണ്. അദ്ദേഹത്തെ മരിച്ചു പോയ മറ്റാളുകളിൽ നിന്നും വ്യത്യസ്തമാക്കുന്ന ശ്രേഷ്ടതയെന്താണെന്നു നമുക്ക് ആരെങ്കിലും പറഞ്ഞു തരിക.

ദൈവത്തിനു സൃഷ്ടികളിൽ നിന്നും ഒരു വ്യതിരിക്ത മാഹാത്മ്യം അനുപേക്ഷണീയമാണെന്നു നമുക്കും ബുദ്ധിയുള്ള എല്ലാവർക്കും നന്നായറിയാം. എന്നാൽ ഇവിടെയാണെങ്കിൽ അത്തരത്തിലുള്ള വിഭിന്നത പോയിട്ട് ജീവിച്ചിരിക്കുന്നവനെ മരിച്ചവനിൽ നിന്നും വ്യത്യസ്തപ്പെടുത്തുന്ന മേന്മ പോലും തെളിയിക്കപ്പെടുന്നില്ല. കഷ്ടം, ക്രിസ്തീയ മാന്യമഹാജനങ്ങൾ മിശിഹായുടെ ദൈവത്വത്തിനായി മുറവിളി കൂട്ടുന്നു. ഹദ്റത്ത് മിശിഹായെ ജീവനുള്ള മനുഷ്യനെന്ന് തെളിയിച്ചു തന്നാൽ തന്നെ നമുക്കു തൃപ്തിയാകുന്നതാണ്. നമുക്ക് ഒരു മതത്തോടും വിദ്വേഷമില്ല. മർയമിന്റെ മകൻ ദൈവമാണെങ്കിൽ അത് ഏറ്റവുമാദ്യം അംഗീകരിക്കുവാൻ നാം തയ്യാറാണ്. യഥാർഥത്തിൽ അദ്ദേഹം തന്നെയാണു ശിപാർശകനെങ്കിൽ നാം തന്നെ പ്രഥമവിശ്വാസിയാകണമെന്നാണു നമ്മുടെ ആഗ്രഹം. എന്നാൽ വെറും മിഥ്യയും വ്യർഥവും അസത്യവുമായതിനെ നാമെന്തിന് അംഗീകരിക്കണം. മർയമിന്റെ മകനായ യേശുവിനെ പോലെ ദുർബലനും എളിയവനുമാണ് ദൈവമെന്നുണ്ടെങ്കിൽ അത്തരം ദൈവത്തെ അംഗീകരിക്കേണ്ട ആവശ്യമേയില്ല. അവനിൽ വിശ്വാസമുണ്ടാകാനും തരമില്ല. ദൈവം എല്ലാ കാലത്തും പ്രവാചകന്മാർ മുഖേനയും സ്വന്തമായും മറ്റുള്ളവർക്കു തന്നെ പരിചയപ്പെടുത്തുന്നതു പൊലെയും ദൈവഗ്രന്ഥങ്ങൾ ലഭിക്കാത്തവർ പോലും അവനെ കുറിച്ച് അജ്ഞരല്ലാതിരിക്കുന്ന കണക്കെയുമുള്ള ദൈവമാണ് യേശുമിശിഹായെങ്കിൽ നമുക്കും അദ്ദേഹത്തെ തിരിച്ചറിയാമായിരുന്നു. നാം അവനെ അംഗീകരിക്കാനും തയ്യാറാണ്. മിശിഹായുടെ വ്യതിരിക്തമായ പ്രതാപം നമുക്കു കാട്ടി തരാൻ സാധിക്കുന്ന ഏതെങ്കിലും മാന്യദേഹം ഭൂതലത്തിലുണ്ടോ? അങ്ങനെ നമുക്ക് അവന്റെ ശബ്ദം കേൾക്കാനാകുകയും അവന്റെ ദൈവികമായ അടയാളങ്ങളെ കാണാനാകുകയും ചെയ്യുമോ? എന്തെന്നാൽ നാം പലവുരു എഴുതിക്കഴിഞ്ഞു, സത്യദൈവത്തിൽ പോലും സംശയാസ്പദമായ വിശ്വാസമാണുള്ളതെങ്കിൽ അതൊരിക്കലും പാപങ്ങളിൽ നിന്നും മോക്ഷം നല്കാനുതകുകയില്ല. എന്നിരിക്കെ ജൂതന്മാരുടെ കൈകളാൽ

പീഡനമേറ്റു കൊണ്ടിരുന്ന കൃത്രിമ ദൈവത്തിൽ വെറും അഭ്യൂഹമായി ദൈവമെന്നു സങ്കല്പിച്ചാൽ അത്തരം സങ്കല്പത്താൽ ഏതു രോഗത്തിൽ നിന്നും മോചനം ലഭിക്കാനാണ്. യഥാർഥ ദൈവത്തിലുള്ള വിശ്വാസം തന്നെയും ദൃഢജ്ഞാനത്തിന്റെ പദത്തിലേക്ക് ഉയർന്നാൽ മാത്രമേ പാപങ്ങളിൽ നിന്നും വിടുതൽ നല്കുകയുള്ളുവെന്നത് ഉറപ്പാണ്. എന്നിരിക്കെ ഒരു മനുഷ്യനെ ദൈവമാക്കുകയും അക്കാര്യത്തിൽ വിശ്വസനീയമായ തെളിവുകൾ നിരത്താതിരിക്കുകയുമെന്നത് എത്ര ലജ്ജാവഹമാണ്. സത്യത്തിൽ അത്തരക്കാർ നേരിന്റെ വിരോധികളാണ്. അവർക്ക് ഇത്രയും നാണംകെട്ട ഏർപ്പാടിന്റെ ആവശ്യമെന്തായിരുന്നെന്നും അനാദിയും അനന്തനുമായ ദൈവത്തെ അംഗീകരിക്കുന്നതിൽ എന്തു നഷ്ടമാണുതോന്നിയതെന്നും അതു നികത്താനായി കൃത്രിമദൈവത്തെ എന്തിനാണ് സ്വീകരിച്ചതെന്നും എനിക്കറിയില്ല. നാം സാക്ഷ്യം വഹിക്കുന്നു, ആദമിനും തുടർന്ന് സേത്ത്, നൂഹ്, ഇബ്രാഹീം, മൂസ തുടങ്ങി നമ്മുടെ പ്രിയങ്കരനായ നബി(സ) വരെയുള്ള എല്ലാ പ്രവാചകന്മാർക്കും പ്രകടമായ ദൈവം ജീവനുള്ളവനും നിലനില്ക്കുന്നവനുമാണ്. അവൻ പണ്ട് പ്രവാചകന്മാർ വഴി അനൽ മൗജൂദ് (ഞാൻ ഇവിടെയുണ്ട്) എന്നു പ്രഖ്യാപിച്ചതു പോലെ ഇന്നും പ്രഘോഷിക്കുന്നു. പൂർവപ്രവാചകന്മാർ അവന്റെ പ്രതാപത്തോടെയുള്ള ശബ്ദം കേട്ടതും അവന്റെ ദൃഷ്ടാന്തങ്ങൾ കണ്ടതും പോലെ നാമും ശബ്ദം ശ്രവിക്കുകയും ദൃഷ്ടാന്തങ്ങൾ ദർശിക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ അവൻ സ്വജനങ്ങളുടെ പ്രാർഥനകൾ കേട്ട് ഉത്തരം നല്കിയ പ്രകാരം ഇപ്പോഴും അവൻ നമ്മുടെ പ്രാർഥനകൾ കേൾക്കുന്നും ഉത്തരം നല്കുന്നുമുണ്ട്. മുമ്പ് അവനെ സ്നേഹിക്കുകയും മുഖം ദർശിക്കുകയും ചെയ്യുമ്പോൾ ധർമിഷ്ഠർ യഥാർഥ പവിത്രത നേടിയതു പോലെ നാമും നേടുന്നു. വലിയ ഭാഗ്യദോഷവും അന്ധതയുമുള്ളവൻ മാത്രമേ ശക്ത്യധികാരങ്ങളുള്ള ദൈവത്തെ ഉപേക്ഷിക്കുകയുള്ളൂ. മർയമിന്റെ പുത്രനായ യേശു, ശ്രീരാമൻ, ശ്രീ കൃഷ്ണൻ, ശ്രീ ബുദ്ധൻ തുടങ്ങിയവർ ലോകത്ത് വ്യാജമായ നിലയിൽ ദൈവമായി

സ്വീകരിക്കപ്പെട്ടിട്ടുള്ളത് അടിസ്ഥാനരഹിതമായിട്ടാണെന്ന് ഉറപ്പാണ്. ആടിനെ മനുഷ്യനെന്നു വിളിക്കുന്നതു പോലാണത്. അതിനാണെങ്കിൽ സംസാരിക്കാനോ മനുഷ്യനെ പോലെ നടക്കാനോ കഴിയില്ല. മനുഷ്യരൂപമോ ബുദ്ധിയോ അതിനില്ല. മനുഷ്യന്റെ ഒരു ലക്ഷണവും അതിനില്ല. ഒരുപാടു കാര്യങ്ങളിൽ ആടിനും മനുഷ്യനും സാധർമ്യമുണ്ടെന്നതു കൊണ്ട് നിങ്ങൾക്ക് ആടിനെ മനുഷ്യനെന്നു പറയാനാകുമോ? ഉദാഹരണത്തിന് ആട് മനുഷ്യനെ പോലെ ഭക്ഷണം കഴിക്കുകയും മലമൂത്രവിസർജ്ജനം നടത്തുകയും ചെയ്യുന്നു. അതു പോലെ യേശു, ശ്രീരാമൻ തുടങ്ങിയവർക്കു ദൈവത്തോട് തെളിയിക്കാൻ പറ്റുന്ന വിധത്തിൽ പ്രത്യേകമായ സാധർമ്യമുള്ളതായി ആർക്കെങ്കിലും പറഞ്ഞു തരാനാകുമോ? ഇത്തരത്തിലുള്ള ദൈവസങ്കല്പത്തിനുള്ള ഏകമാത്രമായ കാരണം അല്പോക്തിക്ക് എതിരായി അതിശയോക്തി സ്വീകരിച്ചതാണ്. ഉദാഹരണത്തിന് രാവണരാജാവ് ബലാൽക്കാരമായി ശ്രീരാമന്റെ പത്നിയെ അപഹരിച്ചു കൊണ്ട് അദ്ദേഹത്തെ നിന്ദിച്ചത് അദ്ദേഹത്തിന്റെ അനുചരവൃന്ദത്തിനു വലിയ ആഘാതമുണ്ടാക്കി. അപ്പോൾ അദ്ദേഹത്തി നെ പിന്തുണക്കുന്നവർ ഉടനടി രാവണ രാജാവിനെ മനുഷ്യവംശത്തിൽ നിന്നും ബഹിഷ്കരിക്കുകയും ശ്രീരാമനെ വിശ്വാസദാർഢ്യത്തോടെ പരമേശ്വരനാക്കുകയുമുണ്ടായി. ഇപ്പോഴും ഹിന്ദുക്കളെല്ലാം പരമേശ്വരനെ വിളിക്കുന്ന പകരം രാമനാമം ചൊല്ലിക്കൊണ്ടിരിക്കുകയാണ്. അവരുടെ അഭിവാദനം പോലും രാം രാം എന്നാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് ക്രിസ്ത്യാനികൾ യേശുവിനെ ദൈവമാക്കിയിരിക്കുന്നതിനെക്കാൾ അധികം വാചാടോപത്തോടെയാണ് ഹിന്ദുക്കൾ ശ്രീരാമനെ ദൈവമാക്കിയിരിക്കുന്നതെന്നാണ്. ഹിന്ദുക്കൾ പരമേശ്വരനാമം ഏതാണ്ട് വിസ്മരിച്ച മട്ടാണ്. ഏതവസരത്തിലും രാമനാമജപത്തിന്റെ ആധിക്യമാണ്. എത്രമാത്രം അത്യുക്തിയോടും അമിതാഭിനിവേശത്തോടും കൂടിയാണ് ഹിന്ദുക്കൾ ശ്രീരാമനെ ദൈവമാക്കിയിരിക്കുന്നത്. അതേ കാരണങ്ങളാലാണ് മർയമിന്റെ പുത്രനായ യേശുവിനെയും ദൈവമാക്കി വച്ചിരിക്കുന്ന

ത്. അതായത് ദ്രോഹബുദ്ധികളായ ജൂതന്മാർ ഹദ്റത്ത് മിശിഹായുടെ ജനനം അവിഹിതമാണെന്ന് പ്രഖ്യാപിച്ചു. ഹദ്റത്ത് മറിയമിന് ചാരിത്ര്യശുദ്ധിയില്ലെന്ന് ആരോപിച്ചു. തുടർന്ന് ഹദ്റത്ത് മിശിഹായുടെ സ്വഭാവവ്യവഹാരങ്ങളെക്കുറിച്ചും ഒരുപാട് കറ്റുകെട്ടി പറയുകയുണ്ടായി. ഇപ്പോൾ നമ്മുടെ വായനയിലുള്ള ചില ജൂതപണ്ഡിതന്മാരുടെ പുസ്തകങ്ങളിൽ നിന്നും മനസ്സിലാകുന്നത് അവർ മിശിഹായുടെ ജീവിതത്തെ അത്യധികം മോശമായാണ് ചിത്രീകരിച്ചിരിക്കുന്നതെന്നാണ്. ഇക്കാലത്തെ ചില അജ്ഞരായ പാതിരിമാർ നമ്മുടെ പ്രിയനബിയുടെ കർമജീവിതത്തിന്മേൽ വ്യാജാരോപണങ്ങളാൽ ആക്രമണം നടത്തുന്നതിനെക്കാൾ നീചമായ കടന്നാക്രമണങ്ങൾ ഹദ്റത്ത് മിശിഹായുടെ ജീവിതത്തിന്മേൽ നടന്നിട്ടുണ്ടെന്ന കാര്യം നമ്മുടെ ജമാഅത്തിലുള്ളവർ അറിയാനായാണ് ഈ ജൂതപണ്ഡിതന്മാരുടെ പുസ്തകങ്ങൾ ഇന്നാളുകളിലെ സായാഹ്നസദസ്സുകളിൽ വായിക്കപ്പെടുന്നത്. അവയിൽ ചിലതു വിവരിക്കാൻ തന്നെ ലജ്ജ അനുവദിക്കുന്നില്ല. അദ്ദേഹത്തിന്റെ മാതാവിനുമേൽ അങ്ങേയറ്റം മോശമായ ആരോപണമാണുള്ളത്. അതു പോലെതന്നെ അദ്ദേഹത്തിന്റെ പിതാമഹികളായ താമാർ, റഹബ, ബത്തശേബ എന്നിവരുടെ മേലും അസാന്മാർഗിക പ്രവർത്തികളുടെ ആരോപണങ്ങളുണ്ട്. അതു പാതിരിമാരും അംഗീകരിക്കുന്നതാണ്. കൂടാതെ നീചമായ ആരോപണമുള്ളതു മിശിഹായുടെ സ്വഭാവത്തെ കുറിച്ചാണ്. അദ്ദേഹം സകല കാര്യങ്ങൾക്കും വഞ്ചനയെ കൂട്ടു പിടിച്ചു. ദൈവം എന്തിനാണ് തൗറാത്തിലെ വാഗ്ദാനമനുസരിച്ച് ഒടുവിൽ അദ്ദേഹത്തിന് മരണശിക്ഷ നല്കിയത്. ഇത്തരത്തിലുള്ള നിന്ദനീയവും അപലപനീയവും ആക്ഷേപാർഹവുമായ പരാമർശങ്ങൾ ഒരു മുസ്‌ലിമിനു കോപം അടക്കിപ്പിടിച്ചല്ലാതെ വായിക്കാനാകുകയില്ല. ഒരു സാധാരണ മനുഷ്യന്റെ സ്ഥാനത്തു നിന്നു പോലും തരംതാഴ്ത്തി കൊണ്ടു ഹദ്റത്ത് മിശിഹായേ നിന്ദിച്ചതിനാൽ സ്വാഭാവികമായും അദ്ദേഹത്തെ വിശ്വസിക്കുന്ന സമൂഹം പതിയെപ്പതി അതിശയോക്തിയിലേക്കു തിരിയുന്നതാണ്. അതു കൊണ്ടുതന്നെ മുമ്പേ ബഹുദൈവാരാ

ധനയിൽ തല്പരനായ ഒരാൾക്ക് ആവേശം മൂത്ത് ഹദ്റത്ത് മിശിഹായെ ദൈവമായി വാഴ്ത്താതെ തൃപ്തിയടയാനാകില്ല. ഇത്തരുണത്തിൽ ജൂതന്മാർ ഹദ്റത്ത് മിശിഹായുടെ മേലു ന്നയിച്ച അതിരൂക്ഷമായ ആരോപണങ്ങൾക്കു പകരം വീട്ടു വാനാണ് അവൻ ആഗ്രഹിക്കുക. വിചിത്രം തന്നെ, മിശിഹായു ടെ ദൈവത്വത്തെ സ്ഥാപിക്കാൻ ക്രിസ്ത്യാനികൾ ഉപയോ ഗിക്കുന്ന സുവിശേഷങ്ങൾ കൊണ്ടു തന്നെ ഒരു ജൂത പണ്ഡി തൻ തന്റെ ഗ്രന്ഥത്തിൽ നഊദുബില്ലാഹ് (അല്ലാഹുവിൽ അഭയം തേടുന്നു) മിശിഹാ ശരിക്കും ഒരു വഞ്ചകനായിരുന്നു വെന്നും അദ്ദേഹത്തിൽ നിന്നും ഒരുതരത്തിലുള്ള അദ്ഭുതങ്ങ ളും സംഭവിച്ചിട്ടില്ലെന്നും അദ്ദേഹത്തിന്റെ ഒരു പ്രവചനവും സത്യമായി പുലർന്നിട്ടില്ലെന്നും സ്ഥാപിക്കാൻ ശ്രമിക്കുന്നു. എഴുതുന്നു, മിശിഹാ ഒരുപാട് അദ്ഭുതങ്ങൾ ജൂതന്മാർക്കു കാണിച്ചുവെന്നു സുവിശേഷങ്ങളിലുള്ളത് അതേ ഗ്രന്ഥം കൊണ്ടു തന്നെ തെറ്റാണെന്നു തെളിയുന്നുണ്ട്. എന്തെന്നാൽ സമൂഹത്തിലെ ആദരണീയരായ വ്യക്തികൾ അദ്ദേഹത്തോട് അദ്ഭുതം കാണിക്കാൻ ആവശ്യപ്പെടുമ്പോൾ അവരെ അങ്ങേ യറ്റം മോശമായ വാക്കുകളാൽ ഭത്സിക്കുന്ന രീതിയായിരുന്നു അദ്ദേഹം കൈ കൊണ്ടിരുന്നത്. അവർക്ക് ഒരു തരത്തിലുള്ള അദ്ഭുതങ്ങളും കാണിക്കപ്പെടുന്നതല്ലെന്നും പറഞ്ഞു. തുടർ ന്നെഴുതുന്നു, ചില രോഗികളെ അദ്ദേഹം സുഖപ്പെടുത്തിയി രുന്നു എന്നംഗീകരിച്ചാൽ കൂടി അദ്ദേഹം ദൈവമാണെന്നതി ന് അത് പര്യാപ്തമായ തെളിവല്ല. കാരണം അതേ കാലത്ത് അദ്ദേഹത്തിന്റെ വിരോധികൾ പോലും അത്തരത്തിലുള്ള അദ്ഭുതങ്ങൾ കാണിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതിലും വലിയ അദ്ഭുതങ്ങൾ മറ്റു പ്രവാചകന്മാരും കാണിച്ചിട്ടുണ്ട് എന്ന വസ്തുത നിലനില്ക്കെ അദ്ദേഹം ദൈവമാണെന്ന് ഇതുകൊണ്ടു തെളിയുന്നുവെന്ന് എങ്ങനെ ബുദ്ധിയ്ക്കു സ്വീ കാര്യമാകും. ഹദ്റത്ത് മിശിഹായെ ജൂതന്മാർ നിശിതമായി വിമർശിച്ചതിന്റെ അനിവാര്യഫലമായിരുന്നു കുറച്ചുകെട്ടലിനു പ്രതിക്രിയ എന്നോണമുള്ള അത്യുക്തി പ്രയോഗം. ഹദ്റത്ത് മൂസായ്ക്ക് തോറ ലഭിക്കുകയും പിന്നീട് സമയാ സമയങ്ങ

ളിൽ പ്രവാചകന്മാർ വന്നുകൊണ്ടിരിക്കുകയും ചെയ്തെങ്കിലും അവരിലാരും തന്നെ ത്രിയേകത്വം ഉദ്ബോധിപ്പിച്ചിരുന്നില്ല. മറിച്ച് അവർക്കു നല്കിയ അധ്യാപനം നിങ്ങളുടെ ദൈവം ഏക നും അദൃശ്യനുമാണ് എന്നായിരുന്നു. ഇക്കാര്യത്തിൽ ജൂത ന്മാരുടെ എല്ലാ വിഭാഗങ്ങളും ഏകാഭിപ്രായക്കാരാണ്. ജൂത ന്മാർക്കു പറയാനുണ്ടായിരുന്ന ഒഴികഴിവ് ഇപ്രകാരമായിരുന്നു, സീനാ പർവതത്തിൽ ദൈവത്തോട് അവന്റെ മുഖം കാണിച്ചു തരാൻ മൂസ അപേക്ഷിച്ചപ്പോൾ ദൈവം തന്റെ മുഖം ആർക്കും കാണാൻ സാധിക്കുകയില്ലെന്നു പറയുന്നതിനു പകരം അ പ്പോൾ യേശുവിനെ കാണിച്ചുകൊണ്ട് ഇതാണ് എന്റെ മുഖമെ ന്ന് എന്തുകൊണ്ട് പറഞ്ഞില്ല? സർവപ്രവാചകന്മാരും സാക്ഷ്യ മുദ്ര പതിപ്പിച്ച തോറയുടെ പ്രാചീനമായ കരാറിനെ കീറിമു റിക്കാനും അതിന്റെ അടിസ്ഥാനശിലയായ ഏകദൈവ വിശ്വാ സത്തെ ഉന്മൂലനം ചെയ്യാനും ഉദ്യമിക്കുന്ന ഒരു മതമാണ് ക്രിസ്തുമതമെന്നാണ് ജൂതന്മാർ സമർഥിക്കാൻ ശ്രമിച്ചത്. വാസ്തവത്തിൽ ദൈവപരികല്പനയെ കുറിച്ച് തോറയുടെ അധ്യാപനങ്ങൾക്ക് അനുസൃതമായതോ ഖുർആന് അനുഗു ണമായതോ അല്ലാത്ത അധ്യാപനങ്ങൾ നല്കുന്ന ഒരു ദൈ വത്തിനെ അവതരിപ്പിച്ചു കൊണ്ടു ക്രിസ്ത്യാനികൾ ഒരു അനി ഷ്ടകരമായ ബിദ്അത്തിനെ (പുത്തൻ പ്രവണതയെ) ലോകത്ത് വ്യാപിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. തോറയെയും ഇതര പ്രവാചകന്മാരുടെ ഗ്രന്ഥസംഹിതകളെയും എതിർത്തു കൊ ണ്ടുള്ള ഒരു നവീനാശയം അവതരിപ്പിക്കുമ്പോൾ അത് ബു ദ്ധിയുടെ മാനദണ്ഡം കൊണ്ടെങ്കിലും സമർഥിക്കണം എന്ന കാര്യത്തെക്കുറിച്ചു പോലും അവർക്കു ചിന്തയില്ല. എന്നുമാ ത്രമല്ല ബുദ്ധിപരമായ മാർഗത്തെ കുറിച്ചുള്ള അവരുടെ ഉദാ സീനത ഞെട്ടിപ്പിക്കുന്നതാണ്. അവരുടെ നയപ്രകാരം യുക്തി പരമായ സമർഥനത്തിനു മതത്തിൽ യാതൊരു മുൻതൂക്കവു മില്ല. എന്നല്ല ബുദ്ധിക്ക് ഏകദൈവ വിശ്വാസം ത്രീയേകത്വം എന്നിവയെക്കുറിച്ചു സാക്ഷ്യം നല്കാനുള്ള അവകാശം പോലുമില്ല. മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടെത്തുന്നത് അവരുടെ ശീലമാണ്. എന്നാൽ അതിശയമായിരിക്കുന്നു, ത

ങ്ങളുടെ വിശ്വാസാദർശങ്ങളെ കുറിച്ച് അബദ്ധത്തിൽ പോലും ഒരു വട്ടം ചിന്തിക്കാൻ അവർ തുനിയുന്നില്ല. തോറ, ഖുർആൻ, ബുദ്ധി ഇവ മൂന്നും നിരാകരിക്കുന്ന ഹദ്റത്ത് മിശിഹായുടെ ദൈവികത്വത്തെ തെളിയിക്കുകയായിരുന്നു അവരുടെ ശരിക്കുമുള്ള പ്രവൃത്തി. കെട്ടിചമച്ചുണ്ടാക്കിയ പാപപരിഹാര സിദ്ധാന്തം, മോക്ഷം മുതലായ വിഷയങ്ങൾക്കു ശേഷം മാത്രം ഊന്നൽ നല്കണമായിരുന്നു. എന്നാൽ അവരങ്ങനെ ചെയ്തില്ല. തങ്ങളുടെ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാന വിഷയത്തെ വിസ്മരിച്ചുകൊണ്ട് വ്യർഥമായ കാര്യങ്ങളിൽ മുഴുകി. എന്നാൽ ഇതോടൊപ്പം മറ്റൊരു സംഗതി കൂടി ഞാൻ വിവരിക്കാൻ ആഗ്രഹിക്കുകയാണ്. ഈ തെറ്റിന്റെ അടിത്തട്ടിൽ ഒരു സത്യവും ഒളിഞ്ഞു കിടപ്പുണ്ട്. നിരർഥകവും അബദ്ധജടിലവുമായ ചിന്താഗതികളുടെ അതിപ്രസരം ആ സത്യത്തിന്റെ മുഖത്തു കരിവാരിത്തേച്ചു. അതുകൊണ്ടു സുന്ദരമായല്ല മറിച്ച് അത്യന്തം വിരൂപവും ഭയാനകവുമായാണ് അത് കാണപ്പെടുന്നത്. എന്നിരുന്നാൽകൂടി നിശ്ചയമായും ആ കാർമുകിലിനകത്തു സത്യത്തിന്റെ മിന്നൽ പിണരുണ്ട്. മിശിഹായെ ദൈവമാക്കുന്ന അവരുടെ നാശഹേതുവായ അധ്യാപനത്തിലും അതു മന്ദം മന്ദം അനുഭവപ്പെടുന്നുണ്ട്. അത് ഇക്കാര്യമാണ്, ദൈവം മനുഷ്യനെ തന്റെ രൂപത്തിൽ സൃഷ്ടിക്കുകയും അവന്റെയുള്ളിൽ തന്റെ പ്രകാശം വയ്ക്കുകയും അവനിലേക്കു തന്റെ ചേതന ഊതുകയും ചെയ്തെന്നാണു തോറയിലുള്ളത്. ഇക്കാര്യം തന്നെയാണു ഖുർആനിലും വന്നിരിക്കുന്നത്. ദൈവം തന്റെ ദാസന്റെ ശുദ്ധഹൃദയത്തിൽ പ്രൗഢിയോടു കൂടി അവതരിക്കുമ്പോൾ അവന്റെ പ്രതാപത്തിന്റെ അംശം ഹൃദയത്തിൽ സ്ഥാപിതമാകുന്നത് മനുഷ്യന്റെ സർഗശേഷിയിൽ കവിഞ്ഞ സംഗതിയല്ല. ദൈവത്തിന്റെ പൂർണമായ അനുരാഗികൾക്കു ദൈവവുമായി സമാനമായ ഒരഭേദ്യബന്ധമാണുണ്ടാവുക. ദൈവം തങ്ങളിലേക്കിറങ്ങി വന്നിരിക്കുന്നതായി അവർക്കു തോന്നുന്നു. ചിലപ്പോഴൊക്കെ ഇങ്ങനെയുള്ള ഐക്യപ്പെടലിന്റെ അവസ്ഥയിൽ ചിലരുടെ നാവിൽ നിന്നു ദൈവമഹിമയ്ക്കു നിരക്കാത്ത വാക്കുകളും പുറപ്പെടുന്നു. അതായത് അത്തരക്കാർ

ഇപ്പറഞ്ഞ ദൈവബന്ധത്തെക്കുറിച്ച് വിവരിക്കുന്ന മട്ടു കണ്ടാൽ സാധാരണക്കാർ വഞ്ചിതരാകുകയും അവർ ദൈവവാദമുന്നയിക്കുന്നെന്ന് നിനക്കുകയും ചെയ്യും. ഇത്തരത്തിലുള്ള പരാമർശങ്ങൾ ഏതാണ്ട് എല്ലാ തിരുവെഴുത്തുകളിലുമുണ്ട്.

## തിരുനബി(സ)യുടെ വാക്കും പ്രവൃത്തിയും

ഇക്കാരണങ്ങളാൽ പരിശുദ്ധ ഖുർആനിൽ നമ്മുടെ പ്രിയങ്കരനായ തിരുനബി(സ)യുടെ വാക്കുകളും പ്രവൃത്തികളും ദൈവത്തിന്റെ തന്നെ വാക്കുകളും പ്രവൃത്തികളുമായിട്ടാണു സമർപ്പിച്ചിട്ടുള്ളത്. ഉദാഹരണത്തിനു വാക്കുകളെ കുറിച്ച് ഒരു ആയത്തിൽ വന്നിരിക്കുന്നു,

مَا يَنْطِقُ عَنِ الْهَوٰى اِنْ هُوَ اِلَّا وَحْيٌ يُّوْحٰى (വി:ഖുർആൻ 53:4,5)

ഈ പ്രവാചകന്റെ വാക്കുകൾ മാനുഷികമായ മോഹാഭിലാഷങ്ങളുടെ ഉറവയിൽ നിന്നും നിർഗളിച്ചതല്ല, മറിച്ച് അവന്റെ വചനങ്ങൾ ദൈവവചനങ്ങളാണ്. ഇനി മറ്റൊരു ആയത്ത് നോക്കാം, അതിന്റെ അടിസ്ഥാനത്തിൽ തിരുനബി(സ)യുടെ പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളാണെന്നു തെളിയുന്നു. ഏതുപോലെ പറയുന്നു,

مَا رَمَيْتَ اِذْ رَمَيْتَ وَلٰكِنَّ اللّٰهَ رَمٰى (വി:ഖുർആൻ 8:18)

അതായത് നീ പ്രയോഗിച്ചതൊന്നും തന്നെ നീയല്ല ദൈവമാണു പ്രയോഗിച്ചത്. ഇതിൽ നിന്നും തെളിയുന്നതു തിരുനബി(സ)യുടെ കർമങ്ങളും ദൈവത്തിന്റെ കർമങ്ങളായിരുന്നുവെന്നാണ്. തിരുനബിയുടെ വചനങ്ങൾ ദൈവത്തിന്റെ വചനങ്ങളും തിരുനബിയുടെ കർമങ്ങൾ ദൈവത്തിന്റെ കർമങ്ങളുമായ സ്ഥിതിയ്ക്കു തിരുനബി(സ) ദൈവാസ്തിത്വത്തിന്റെ പൂർണമായ പ്രകടഭാവമായിരുന്നുവെന്നല്ലാതെ ഇതിൽ നിന്നും വേറെ എന്താണു മനസ്സിലാക്കാൻ സാധിക്കുന്നതെന്ന് പറയുക. എന്നാൽ ഇത്രയൊക്കെയായിട്ടും ബുദ്ധിയുള്ള മുസ്ലിങ്ങൾ തിരുനബി(സ)യെ ദൈവമായി കണക്കാക്കുന്നില്ല. ക്രിസ്ത്യാനികളെപോലെ അദ്ദേഹത്തെ ഒരിക്കലും ദൈവത്തിന്റെ ഒരു ഭാഗമായി സ്വീകരിക്കുന്നില്ല. പ്രസ്തുത വിഷയത്തിനു പ്രാവർത്തികമായ നിലയിലുള്ള തെളിവുമുണ്ട്. അതി

താണ്, ദൈവം സ്വന്തം അസ്തിത്വത്തിനു വേണ്ടി ആർജവം പ്രകടിപ്പിക്കുന്നതുപോലെ തിരുനബി(സ)ക്കു വേണ്ടിയും ആർജവം പ്രകടിപ്പിച്ചിട്ടുണ്ട്. തിരുനബി(സ)യെ പ്രയാസപ്പെടുത്തുകയും അന്യായമായി രക്തം ചിന്തുകയും അദ്ദേഹത്തെ സ്വദേശത്തു നിന്നും നിഷ്കാസിതനാക്കുകയും ചെയ്തവരെ ശിക്ഷ രുചിപ്പിക്കാതെ ദൈവം തിരുനബിക്കു മരണമേകിയില്ല. അതുപോലെ അദ്ദേഹത്തിന്റെ കൂടെ നിന്നവരെ സിംഹാസനത്തിൽ ഇരുത്തുകയും ചെയ്തു. ഇനി യേശുമിശിഹായുടെ അവസ്ഥകളെ തിരുനബിയുടേതുമായി തുലനം ചെയ്യുമ്പോൾ ദൈവം പ്രാവർത്തികമായ നിലയിൽ യേശുമിശിഹായെ പിന്തുണച്ചേയില്ലെന്നും നേരെ മറിച്ച് ജൂതന്മാരെ സഹായിച്ചുകൊണ്ടിരുന്നെന്നും ഏതുവരെയെന്നാൽ അവർ യേശുവിനെ കുരിശിലേറ്റുകയും ഏറെയേറെ അവഹേളിച്ചെന്നുമുള്ള കാര്യം അംഗീകരിക്കാൻ നാം നിർബന്ധിതരാണ്. ഖുസ്രു പർവേസ്[11] തിരുനബി(സ)യെ വധിക്കാൻ തീരുമാനിച്ചപ്പോൾ ഒരൊറ്റ രാത്രി കൊണ്ടു സ്വയം വധിക്കപ്പെട്ടു. എന്നാൽ ജൂതന്മാരുടെ ചാരവൃത്തി നിമിത്തം യേശു മിശിഹായ്ക്ക് അറസ്റ്റ് വാറണ്ടു വന്നു മൂന്നു മണിക്കൂറിനകം രണ്ടു കിങ്കരന്മാർ അദ്ദേഹത്തെ പിടികൂടി കാരാഗൃഹത്തിലടച്ചു. അന്തി മുഴുവൻ പ്രാർഥിച്ചിട്ടും അറസ്റ്റിൽ നിന്നും രക്ഷപ്പെടാത്ത വ്യക്തിക്കു മുതൽക്കൂട്ടായി ഏതെങ്കിലും വിധത്തിലുള്ള ദൈവികപ്രഭാവം ഉണ്ടായതായി ആരെങ്കിലും കരുതുന്നുണ്ടോ? മറുവശത്തു നാം കാണുന്നത് നമ്മുടെ പ്രിയങ്കരനായ തിരുനബി(സ)യെ വധിക്കാനുള്ള ലാക്കോടെ അദ്ദേഹത്തിന്റെ വീടിനു ചുറ്റും അക്രമണോത്സുകരായി തടിച്ചുകൂടി വീടുവളഞ്ഞവർ കിണഞ്ഞു പരിശ്രമിച്ചെങ്കിലും സഫലരായില്ല. യേശുമിശിഹായെ പോലെ രാത്രി മു

[11]പേർഷ്യയുടെ രാജാവായിരുന്നു ഖുസ്രു രണ്ടാമൻ (ഭരണകാലം ക്രിസ്താബ്ദം 590 - 628). ഇദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലാണ് സസാനിയൻ സാമ്രാജ്യത്തിന്റെ ആധിപത്യം ഏറ്റവുമധികം വികാസം പ്രാപിച്ചത്. അദ്ദേഹം സ്വന്തം മകനാൽ സ്ഥാനഭ്രഷ്ടനാകുകയും വധിക്കപ്പെടുകയുമുണ്ടായി. (വിവ)

[12]എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തേ?(വിവ)

ഴുവൻ രക്ഷയ്ക്കായി പ്രാർഥനാനിരതനാകാതെതന്നെ ദൈവ കടാക്ഷത്താൽ അദ്ദേഹം രക്ഷപ്പെട്ടു. പട്ടാപകൽ ആൾക്കൂട്ട ത്തിൽ നിന്നും ഒരു പോറലുമേല്ക്കാതെ അദ്ദേഹം ശത്രുക്ക ളുടെ കണ്ണുവെട്ടിച്ചു കടന്നുകളഞ്ഞു. എന്നാൽ ജൂതന്മാർ ഇന്നും പറഞ്ഞു പരിഹസിക്കുന്ന ഹദ്റത്ത് മിശിഹായുടെ *ഏലി ഏലി ലമ്മാ ശബക്താനീ*[12] എന്ന ദീനവിലാപം തള്ളപ്പെ ടുകയും കൃസ്ത്യാനികളുടെ തന്നെ നിലപാടു പ്രകാരം പ്രാ ർഥനാഫലമായി ക്രൂശിതനാകുകയും ചെയ്തു. ഇത് ഹദ് റത്ത് മിശിഹായോടുണ്ടായിരുന്ന ദൈവത്തിന്റെ പെരുമാറ്റമാ യിരുന്നു. അദ്ദേഹത്തിന്റെ അപ്പോസ്തലന്മാരുടെയും സ്ഥിതി മറിച്ചായിരുന്നില്ല. അവർക്ക് വാഗ്ദാനം ലഭിച്ചിരുന്നതു നിങ്ങൾ ജീവിച്ചിരിക്കെ തന്നെ ഞാൻ മടങ്ങിയെത്തുമെന്നായിരുന്നു. എന്നാൽ നോക്കുക, ഈ പ്രവചനം എത്ര സ്പഷ്ടമായ നിലയി ലാണു കളവാണെന്നു തെളിഞ്ഞത്. രണ്ടായിരം വർഷമാകാ റായി ഇതുവരെ വരുന്നതിന്റെ യാതൊരു ലക്ഷണവുമില്ല. കാ ത്തിരുന്നവരെല്ലാം ഏതവസ്ഥയിലാണു മരണപ്പെട്ടതെന്നാൽ നിങ്ങളുടെ ഗുരു രണ്ടാമതും വന്നതെവിടെയെന്നു ചോദിച്ച് ജൂതന്മാർ അവരെ സദാ അപഹസിച്ചു കൊണ്ടിരുന്നു. അവരെ ഈ ചോദ്യം എപ്പോഴും ലജ്ജിതരാക്കി. അവർക്ക് മറുപടി യുണ്ടായിരുന്നില്ല. അവർക്കു പന്ത്രണ്ട് സിംഹാസനങ്ങളുടെ വാഗ്ദാനമുണ്ടായിരുന്നു. പക്ഷേ ഹദ്റത്ത് മിശിഹായുടെ ജീവിതത്തിൽ തന്നെ ഒരാൾ മതപരിത്യാഗിയായി. മറ്റൊരാ ളും മതപരിത്യാഗികളുടെതു പോലുള്ള പ്രവൃത്തി ചെയ്തു. അങ്ങനെ പ്രവചനപ്രകാരം പന്ത്രണ്ടു സിംഹാസനത്തിന്റെ വാഗ്ദാനമുണ്ടായിരുന്നതു വെറും പത്തെണ്ണം മാത്രം ബാക്കി യായി. നമ്മുടെ പ്രിയങ്കരനായ നബി(സ) ഈ ലോകത്തു തന്നെ തന്റെ സഹാബാക്കൾ സിംഹാസനത്തിലിരിക്കുമെന്നു വാഗ് ദാനം നല്കിയിരുന്നു. ആ വാഗ്ദാനം നടപ്പിലായെന്നു നമ്മു ടെ ശത്രുക്കൾക്ക് പോലും അറിവുള്ളതാണ്. ഹദ്റത്ത് മി ശിഹായെ ദൈവമാക്കുന്നതിനാധാരമായ അദ്ദേഹത്തിന്റെ അധ്യാപനത്തിലെ വചനങ്ങളിൽ അപൂർവതയും അസാധാര ണത്വവുമുള്ള ഒന്നുമില്ല. മറ്റുള്ള പ്രവാചകന്മാരെ പ്രകീർത്തി

ച്ചും ഇത്തരം വാക്കുകൾ ധാരാളമായി വന്നിട്ടുണ്ട്. ആദമിനെയും ദൈവപുത്രനെന്നു പറയപ്പെട്ടിരിക്കുന്നു. ഇസ്രായേലിനെയും ദൈവസുതനനെന്നു വിശേഷിക്കപ്പെട്ടിരിക്കുന്നു. അത്രമാത്രമല്ല നിങ്ങളെല്ലാവരും ദൈവമാണെന്നാണ് ഒരിടത്ത് എഴുതിയിരിക്കുന്നത്. അപ്പോൾ ഇത്തരം വാക്കുകൾ ആർക്കുവേണ്ടിയാണോ ഉപയോഗിക്കപ്പെട്ടത് അവരെല്ലാം ശരിക്കുമുള്ള ദൈവമോ ദൈവപുത്രന്മാരോ ആണെന്നുള്ള നിഗമനത്തിലെത്താമോ? ഹദ്റത്ത് മിശിഹാ സ്വന്തമായി തന്നെ ഇത്തരം വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്.

## വാഗ്ദത്ത മസീഹിന്റെ ആവിർഭാവം

വളരെ പരിതാപകരമെന്നു പറയട്ടെ, അന്യായമായ നിലയിൽ മിശിഹായുടെ കാര്യങ്ങൾ ഇവർ പർവ്വതീകരിച്ചിരിക്കുകയാണ്. എനിക്കും ദൈവഭാഷണം ലഭിക്കുന്നുണ്ട്. ഇരുപതിലധികം വർഷങ്ങളായി ദൈവം എന്നോടു സംവദിക്കുന്നുണ്ട്. നൂറ്റമ്പതോളം അടയാളങ്ങളും ഇതുവരെ പ്രകടമായിട്ടുണ്ട്. ഞാൻ ദൈവത്തെത്തൊട്ടു സത്യം ചെയ്തു പറയുന്നു, മൃതർ വീണ്ടും ജീവിക്കുന്ന ദൈവിക സമ്പ്രദായമനുസരിച്ച് എന്നിലൂടെയും മൃതർ ജീവിക്കപ്പെട്ടിട്ടുണ്ട്. എന്റെ പതിനായിരത്തിലധികം പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് എനിക്ക് ശപഥം ചെയ്തു പറയാനാകും. കൂടാതെ യേശു മിശിഹായ്ക്കു ദൈവികത്വം കല്പിക്കുന്നതിനായി എടുത്തുകാട്ടുന്ന സുവിശേഷങ്ങളിലെ വചനങ്ങളെക്കാളുമുപരിയായി എന്നെക്കുറിച്ച് ദൈവവചനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം വചനങ്ങൾ ഞാൻ ഗ്രന്ഥങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ദൈവം എന്റെ നാമം ആദം എന്നു വച്ചു. ഇബ്രാഹിം എന്ന പേരുമിട്ടു. വാഗ്ദത്ത മസീഹെന്നും നാമകരണം ചെയ്തു. ഏതൊരു വാഗ്ദത്തപുരുഷനെ പ്രതീക്ഷിച്ചു കൊണ്ടാണോ സർവപ്രവാചകൻമാരും കാലം കഴിച്ചത് അത് നീ തന്നെയാണെന്നു എന്നെ അറിയിച്ചിട്ടുമുണ്ട്. എന്നിരുന്നാലും ഞാൻ ദൈവമാണെന്നോ ദൈവപുത്രനാണെന്നോ പറയുന്നില്ല. മസീഹ് ഇബ്നുമർയമിനെക്കാളും എളുപ്പത്തിൽ ദൈവമാണെന്നു പറയപ്പെടാൻ മാത്രമുള്ള വാക്കുകൾ എന്നെ കുറിച്ചു തിരുവചന

ങ്ങളിൽ വന്നിട്ടുണ്ട്. എന്നാൽ ഇതു കുഫ്റാണെന്ന് എനിക്കറിയാം. അതുകൊണ്ടു തന്നെ ലോകത്തു മറ്റാരെക്കാളും കൂടുതൽ എനിക്കാണ് അമ്പരപ്പുള്ളത്. മർയമിന്റെ മകൻ മിശിഹായ്ക്കു ദൈവമായി കണക്കാക്കാൻ വിധം എന്തു ശ്രേഷ്ഠതയാണുള്ളത്? അദ്ദേഹത്തിനു പ്രത്യേകിച്ച് എന്തദ്ഭുതമാണ് ഉണ്ടായിട്ടുള്ളത്? അതിനേക്കാൾ എത്രയോ കൂടുതൽ അദ്ഭുതങ്ങൾ ഇവിടെ നടക്കുന്നുണ്ട്, അദ്ദേഹത്തിന്റെ ദീർഘദർശനങ്ങൾ ഉന്നതനിലവാരമുള്ളതായിരുന്നോ? എന്നാൽ എനിക്കു ലഭിച്ചിട്ടുള്ള ദീർഘദർശനങ്ങൾ മർയമിന്റെ മകൻ മിശിഹായേക്കാൾ എത്രയോ ശ്രേഷ്ഠമായിരുന്നുവെന്നു ഞാൻ തുറന്നു പറഞ്ഞില്ലെങ്കിൽ അതു വസ്തുതാവിരുദ്ധമായിരിക്കും. സുവിശേഷങ്ങളിൽ മസീഹ് ഇബ്നു മർയമിനെ പ്രകീർത്തിച്ചുകൊണ്ടു വളരെ മഹോന്നതമായ വാക്കുകൾ വന്നിട്ടുണ്ടെന്നും അതിനാൽ അദ്ദേഹത്തെ ദൈവമായി അംഗീകരിക്കേണ്ടി വരുന്നുവെന്നും എനിക്ക് പറയാൻ സാധിക്കുമോ? എന്നാൽ ആരുടെ പേരിൽ കള്ളസാക്ഷ്യം പറയുന്നത് ഈ ലോകത്തും പരലോകത്തും ശാപത്തിനു കാരണമാകുന്നുവോ അവന്റെ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ് എന്നെ മഹത്ത്വപ്പെടുത്തികൊണ്ടു ദൈവത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വചനങ്ങൾ; അതെ ഞാൻ വീണ്ടും ആണയിട്ടു പറയുകയാണ്, അത് സംശുദ്ധമായ ദൈവവചനങ്ങളാണ്. അല്ലാതെ സുവിശേഷങ്ങളിലുള്ളതുപോലെ പ്രക്ഷിപ്തങ്ങളും മാറ്റങ്ങളും കൈകടത്തലുകളും നടത്തപ്പെട്ടതുമല്ല. പാതിരിമാർ മസീഹ് ഇബ്നു മർയമന്റെ മാഹാത്മ്യത്തെ സ്ഥാപിക്കാനായി സുവിശേഷങ്ങളിൽ നിന്ന് എടുത്തുകാണിക്കുന്ന വാക്കുകളേക്കാൾ എത്രയോ അധികം മഹത്ത്വപൂർണമാണവ. എന്നാൽ അതുകൊണ്ട് എനിക്ക് ദൈവികത്വം വാദിക്കുന്നതോ ദൈവപുത്രൻ എന്നു വിളിക്കപ്പെടുന്നതോ അനുവദനീയമാകുമോ? അപ്രകാരംതന്നെ മസീഹ് ഇബ്നുമർയമും ദൈവപുത്രനും ദൈവവുമല്ലെന്നു നന്നായി മനസ്സിലാക്കുക. ഞാൻ മുഹമ്മദിയ്യാ മസീഹാണ്. അദ്ദേഹം മൂസവിയ്യാ മസീഹുമാണ്. മൂസ മുഖേന ശരീഅത്തിന് തുടക്കം കുറിച്ച ഇസ്രായേൽ പ

രമ്പരയുടെ അന്ത്യത്തിൽ ഒരു മസീഹ് വരണമെന്നത് അചഞ്ചലമായ ദൈവനിശ്ചയമായിരുന്നു. അതുപോലെ മുഹമ്മദ് മുസ്തഫ(സ) മുഖേന ശരീഅത്തിന് തുടക്കം കുറിച്ച ഇസ്മായേൽ പരമ്പരയുടെ അവസാനത്തിലും ഒരു മസീഹ് വരണമെന്നതും ദൈവവിധിയാണ്. അതുകൊണ്ട് അപ്രകാരം തന്നെ സംഭവിച്ചു.

ദൈവദാസനായ മൂസ ഇസ്രായേലർക്കായി ശരീഅത്തു കൊണ്ടുവന്നു. മൂസക്കു ശേഷം ഏതാണ്ടു പതിനാലാം ശതകത്തിൽ ഇസ്രായേൽ സന്താനപരമ്പര ശരീഅത്തിന്റെ തത്വങ്ങളെയും നിർദേശങ്ങളെയും കൈവെടിയുമെന്നും അവരുടെ ധാർമികാവസ്ഥ കൂപ്പുകുത്തുമെന്നും ദൈവത്തിനറിയാമായിരുന്നു. അക്കാരണത്താലാണ് ഹദ്റത്ത് മൂസക്കു ശേഷം പതിനാലാം ശതകത്തിൽ മസീഹ് ഇബ്നു മർയമിനെ ദൈവം ജനിപ്പിച്ചത്. അന്നേരം ആ രാജ്യത്തിൽ ഇസ്രായേൽ ഭരണം പോലും അവശേഷിച്ചിരുന്നില്ല. തോറയിലെ ആവർത്തനത്തിലെ വാഗ്ദാനം പോലെ ലോകത്തു മൂസയുടെ പ്രതിപുരുഷനായ മുഹമ്മദ് മുസ്തഫ(സ) അവതരിച്ച പോലെ അദ്ദേഹത്തിനു ശേഷം പതിനാലാം ശതകമെത്തിയപ്പോഴും മുൻകഴിഞ്ഞ മസീഹിനു സദൃശമായി ഒരു മസീഹിനെ എഴുന്നേല്പ്പിച്ചു. ആ മസീഹ് ഞാനാണ്. മൂസയുടെ പ്രതിപുരുഷൻ നിരവധി കാര്യങ്ങളിൽ മൂസയേക്കാൾ ശ്രേഷ്ഠനാണെന്നതുപോലെ ഈസയുടെ പ്രതിപുരുഷനും അനവധി കാര്യങ്ങളിൽ ഈസയേക്കാൾ വിശിഷ്ടനാണ്. ഇത് അധികശ്രേഷ്ഠതയാണ്. ദൈവം താൻ ആഗ്രഹിക്കുന്നവർക്ക് അത് നല്കുന്നു.

## പാപരാഹിത്യം തെളിയിക്കുന്നതെങ്ങനെ?

ക്രിസ്ത്യാനികൾ അടിയ്ക്കടി ഉന്നയിക്കുന്ന പാപരാഹിത്യത്തിന്റെയും ശിപാർശയുടെയും വിഷയം അവർക്കുപറ്റിയ ഒരു വഞ്ചനയായി ഞാൻ മനസ്സിലാക്കുന്നു. ഒരാളുടെ കർമജീവിത്തെ കുറിച്ചു ശത്രു പോലും ആക്ഷേപിക്കാതിരിക്കുകയാണു പാപരാഹിത്യം എന്നതുകൊണ്ട് അർഥമാക്കുന്നതെങ്കിൽ ജൂതഗ്രന്ഥങ്ങളിൽ മിശിഹായുടെയും അദ്ദേഹത്തിന്റെ മാതാവിന്റെയും നടപ്പിനെ കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ ഉള്ളതായി നാം

കാണിച്ചു തരാം. ഇനി ഒരാൾ സ്വന്തം വാ കൊണ്ടു ഞാൻ നല്ലവനാണെന്നു പറയുന്നതാണു പാപരാഹിത്യമെന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ഞാൻ നല്ലവനല്ലെന്നു മിശിഹാ സ്വയം ഏറ്റുപറഞ്ഞതു നാം സുവിശേഷങ്ങളിൽ നിന്നു എടുത്തു കാണിക്കാം. ഹദ്റത്ത് മസീഹ് ഇബ്നു മർയമിന്റെ പാപരാഹിത്യം ഏതുവിധേനയും തെളിയിക്കപ്പെട്ടിട്ടില്ല. അതുമാത്രമല്ല മദ്യപാനം, ബൈബിളിലെ സ്ഥായിയായ കല്പനകളായ പന്നിമാംസവർജനം, ചേലാകർമപാലനം തുടങ്ങിയവയുടെ ഉല്ലംഘനം, അന്യായമായി അന്യരുടെ മുതൽ നശിപ്പിക്കൽ, ശാസ്ത്രിമാരെയും പരീശന്മാരെയും അസഭ്യം പുലമ്പൽ, അസാന്മാർഗികളായ സ്ത്രീകൾക്ക് തന്റെ ദേഹം സ്പർശിക്കാനുള്ള അവസരം നല്കൽ, പാപിനിയെ തലയിൽ തൈലാഭിഷേകം ചെയ്യാനനുവദിക്കൽ, അന്യരുടെ തോട്ടത്തിൽ നിന്നും പഴങ്കുലകൾ  പറിക്കുന്നതിൽ നിന്നും ശിഷ്യരെ വിലക്കാതിരിക്കൽ മുതലായ പാപരാഹിത്യത്തിനു കടകവിരുദ്ധമായ പ്രവൃത്തികളും സുവിശേഷങ്ങളിൽ നിന്നും അദ്ദേഹം ചെയ്തതായി സ്ഥാപിതമാകുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പാപം തന്നെയല്ലേ? മദ്യപാനം സൽപ്രവൃത്തിയായിരുന്നെങ്കിൽ പിന്നെന്തിനാണ് യോഹന്നാൻ അത് വെറുത്തത്?  മദ്യപാനികൾക്കു വേണ്ടി സ്വർഗീയ കവാടങ്ങൾ അടയ്ക്ക പ്പെടുമെന്നു ദാനിയാൽ പറഞ്ഞതെന്തിന്? അതുപോലെ യേശു സ്ഥായിയായ കല്പനയായ ചേലാകർമത്തെ വിലക്കിയതെന്തിനാണ്? ആധുനിക പഠനങ്ങൾ പ്രകാരം അത് ഒട്ടേറെ രോഗങ്ങളിൽ നിന്നും പരിരക്ഷിക്കുന്നു. കൂടാതെ പന്നിമാംസം എന്നെന്നേക്കുമായി നിഷിദ്ധമായിരുന്നു. അതു ഭക്ഷിക്കാനുള്ള ഫത്വ നല്കിയതെന്തിന്?  തോറ കാലഹരണപ്പെട്ടിട്ടില്ലെന്ന് അദ്ദേഹം പറയുകയും ഇപ്രകാരം സ്വയം അതിനെ റദ്ദാക്കുകയും ചെയ്തു. ഓർക്കുക, സുവിശേഷങ്ങൾ മുഖേന മസീഹ് ഇബ്നുമർയമം പാപരഹിതനാണെന്നു സ്ഥാപിക്കുന്നത് ക്ഷയരോഗം മൂർഛിച്ചു വിളർച്ചയും അതിസാരവും പിടിപെട്ട ഒരാൾ ആരോഗ്യവാനാണെന്നു തെളിയിക്കുന്നതു പോലെ ക്ലേശകരമാണ്. ആദ്യം ഹദ്റത്ത് മസീഹ് ഇബ്നു മർയ

മിന്റെ പാപരാഹിത്യം തെളിയിച്ചിട്ടു പോരായിരുന്നോ മറ്റു ള്ളവരെ കുറിച്ചു വിമർശിക്കുന്നത്. ഖുർആനിൽ പാപപ്പൊ റുതി തേടുക എന്ന പദം കാണുമ്പോഴേക്കും അതിൽ നി ന്നും പ്രവാചകൻ പാപിയാണെന്നു തെളിയുന്നുവെന്ന് വാ ദിക്കുകയും ഞാൻ നല്ലവനല്ലെന്നു സുവിശേഷങ്ങളിൽ വന്ന വാക്കു വിട്ടുകളയുകയും ചെയ്യുന്നതു മര്യാദയാണോ? പരലോകത്ത് ശിപാർശകനാകുക ഈ ലോകത്തു തന്നെ ശിപാർശയുടെ മാതൃക കാണിക്കുന്നയാളാണ് എന്നാണ് ഈ ചർച്ചകൾക്കൊക്കെ ശേഷം നമുക്കു മനസ്സിലാകുന്ന ത്. ഈ മാനദണ്ഢത്തെ മുൻനിറുത്തി മൂസ(അ)യെ നോക്കി യാൽ അദ്ദേഹവും ശിപാർശകനാണെന്നു സ്ഥാപിക്കപ്പെടു ന്നുണ്ട്. കാരണമെന്തെന്നാൽ അദ്ദേഹം പലതവണ പ്രാർഥ നയാൽ ഇറങ്ങിത്തുടങ്ങിയതും ശിക്ഷയെ നീക്കിക്കളയുക യുണ്ടായി. അതിനു സാക്ഷിയാണ്. അതേപോലെത്തന്നെ നാം ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യിലേക്ക് ദൃഷ്ടി പായിക്കു മ്പോൾ അദ്ദേഹം ശിപാർശകനാണെന്നു പ്രത്യക്ഷപ്രമാണ ത്തോടെ സ്പഷ്ടമാകുന്നുണ്ട്. എന്തെന്നാൽ അദ്ദേഹത്തിന്റെ പാവം സഹാബാക്കൾക്കു ഭരണപീഠമേറാനായതും ബിംബപൂ ജയിലും ബഹുദൈവാരാധനയിലും പരിപാലനം നേടിയ വരായിരുന്നിട്ടും അവർ ഏകദൈവാരാധനയിൽ സകലരേ ക്കാളും അതുല്യരായി മാറിയതും അദ്ദേഹത്തിന്റെ ശിപാർശ യുടെ തന്നെ പ്രഭാവത്താലാണ്. അദ്ദേഹത്തെ പിൻപറ്റുന്ന വർക്കു ദൈവത്തിന്റെ സത്യവാണി ലഭിക്കുന്നത് അദ്ദേഹ ത്തിന്റെ ശിപാർശയുടെ പരിണിതഫലമായി തന്നെയാണ്. ദൈവം അവരോടു സംവദിക്കുന്നു. എന്നാൽ ഹദ്റത്ത് മസീ ഹ് ഇബ്നു മർയമിന് ഇതൊക്കെ സാധ്യമായിരുന്നെന്ന് എവി ടെ നിന്ന് എങ്ങനെ തെളിയിക്കും. നമ്മുടെ ശത്രുക്കൾക്കു ലഭിക്കാനാകാത്തതു നമുക്ക് ദൈവത്തിൽ നിന്നും സിദ്ധിച്ച തെല്ലാം നമ്മുടെ യജമാനപ്രഭുവായ മുഹമ്മദ് മുസ്തഫ(സ) മു ഖാന്തരമാണ് എന്നതിലും ശക്തമായ തെളിവ് അദ്ദേഹത്തിന്റെ ശിപാർശക്ക് മറ്റെന്തുണ്ടാകാനാണ്. നമ്മുടെ എതിരാളികൾ ഇതു പരീക്ഷിക്കാനായി വരികയാണെങ്കിൽ ചുരുങ്ങിയ നാളു

കൾക്കുള്ളിൽ തീർപ്പു കല്പ്പിക്കാവുന്നതാണ്. എന്നാൽ അവർക്ക് അതിനു താല്പര്യമില്ല. മിണ്ടാനോ, കാണാനോ, മുൻകൂട്ടി വല്ലതും പറയാനോ വയ്യാത്ത ദൈവത്തെ വിശ്വസിക്കാനാണ് അവർ നമ്മെ നിർബന്ധിക്കുന്നത്. എന്നാൽ നമ്മുടെ ദൈവം അതിനെല്ലാം കഴിവുള്ളവനാണ്. അത്തരമൊരുവനെ കാംക്ഷിക്കുന്നവനത്രെ അനുഗൃഹീതൻ. (അവലംബം: റിവ്യൂ ഓഫ് റിലീജിയൻസ് വാള്യം: 1 ലക്കം: 5- മെയ് 1902 പേജ്: 175- 209)